

ഖുത്ബ്ബ: ഇസ്‌ലാമിന്റെ മനോഹര സന്ദേശം പ്രചരിപ്പിക്കുക

# സത്യദൂതൻ

2011 നവംബർ | ലക്കം 11 വില ₹ 20



## ഇസ്‌ലാമിക വൈദ്യശാസ്ത്രം തത്ത്വവും ചരിത്രവും

## ചെങ്കോലും പ്രവാചകത്വവും

## വിശുദ്ധ ഖുർആനിൽ നിന്ന്



മനുഷ്യർക്ക് ശിക്ഷ വരുന്ന നാളിനെപ്പറ്റി അവർക്ക് മുന്നറിയിപ്പു നൽകുക. അപ്പോൾ അക്രമം ചെയ്തവർ പറയും : ഞങ്ങളുടെ നാഥാ, അടുത്തൊരവധിവരെ ഞങ്ങൾക്ക് അവസരം നൽകേണമേ. ഞങ്ങൾ നിന്റെ വിളിക്കുത്തരം നൽകുകയും ദൂതന്മാരെ പിൻപറ്റുകയും ചെയ്തുകൊള്ളാം (അപ്പോൾ അല്ലാഹു ചോദിക്കും) നിങ്ങൾക്ക് ഒരു വീഴ്ചയുമുണ്ടാകുകയില്ല എന്ന് നിങ്ങൾ മുമ്പ് സത്യം ചെയ്തിരുന്നില്ലേ? **(14:45)**



## നബിവചനം

ഹദ്റത്ത് ഹുദൈഫ(റ)യിൽ നിന്ന് നിവേദനം: ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണേ സത്യം നിങ്ങൾ ജനങ്ങളെ നന്മചെയ്യാൻ പ്രേരിപ്പിക്കുകയും തിന്മചെയ്യുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുക. അല്ലാത്ത പക്ഷം നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്ന് ശിക്ഷ ഇറങ്ങുവാൻ സാധ്യതയുണ്ട്. പിന്നെ വൈകിയ വേളയിൽ നിങ്ങൾ താണുകേണപേക്ഷിച്ചാലും അത് സ്വീകരിക്കപ്പെട്ടില്ലെന്ന് വരാം **(തിർമിദി)**

## വാഗ്ദത്ത മസീഹിന്റെ വചനം



യാഥാർഥ്യം എന്തെന്നാൽ ദൈവം വളരെ ശക്തനും ഊക്കുള്ളവനുമാകുന്നു. സ്നേഹത്തോടും കൂറോടും കൂടി അവന്റെ മുന്നിൽ തലകുനിക്കുന്നവൻ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. ശത്രു പറയുന്നു, തന്റെ ആസൂത്രണം വഴി അവരെ നശിപ്പിച്ചുകളയാമെന്ന്! ദുർവിചാരക്കാരൻ വിഭാവനം ചെയ്യുന്നു, തനിക്കവരെ ചതിച്ചു കളയാമെന്ന്! എന്നാൽ ദൈവം പറയുന്നു: അല്ലയോ അവിവേകീ ! നീ എന്നോട് പൊരുതുമോ ? എന്റെ പ്രിയപ്പെട്ടവനെ എളിമയിലാക്കുവാൻ നിനക്കു കഴിയുമോ? യഥാർഥത്തിൽ സ്വർഗത്തിൽ വെച്ച് തീരുമാനിക്കപ്പെട്ടതെന്തോ, അതല്ലാതെ ഭൂമിയിൽ ഒന്നും നടക്കുന്നില്ല. ആകാശത്തിൽ നീട്ടപ്പെട്ട കൈയോളം ഭൂമിയിൽ ഒരു കൈക്കും നീളം ഉണ്ടാകുകയില്ല. ആകയാൽ ദ്രോഹ കൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നവൻ അവിഹിതവും ലജ്ജാകരവുമായ ഗൂഢാലോചനകൾ നടത്തുമ്പോൾ, ആരുടെ ഇച്ഛ കൂടാതെ ഒരിലപോലും കൊഴിയുകയില്ലയോ ആ മേലായ ശക്തിയെക്കുറിച്ച് ഓർക്കാതിരിക്കുന്നുവെങ്കിൽ അവർ ബുദ്ധിശൂന്യരാകുന്നു. അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ എപ്പോഴും ലജ്ജിതരും പരാജിതരുമായി തന്നെയിരിക്കും. അവരുടെ അകൃത്യങ്ങൾ കാരണം സദ്വൃത്തന്മാർക്ക് യാതൊരു ഉപദ്രവവുമേൽക്കുകയില്ല. മറിച്ച് അതു മുഖേന ദൈവികമായ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയും അല്ലാഹുവിന്റെ സൃഷ്ടികളിൽ ദൈവജ്ഞാനം വർധിക്കുമാറാകുകയും ചെയ്യുന്നു. സർവശക്തനും പ്രതാപവാനുമായ അല്ലാഹു ബാഹ്യദൃഷ്ടികൾക്ക് ഗോചരീഭവിക്കുന്നില്ലെങ്കിലും അദ്ഭുതാവഹമായ ദൃഷ്ടാന്തങ്ങളിലൂടെ സ്വയം വെളിപ്പെടുകയാണ് ചെയ്യുന്നത്. **(കിത്താബുൽ ബരിയ്യ. മുഖദ്ദിമ. ഭാ 1,2)**



لا اله الا الله محمد رسول الله

# സത്യദൂതൻ

2011 നവംബർ
ഹി.ശ.1390 - നുബുവ്വത്ത്
1432 ദുൽഹജ് - മുഹറം
പുസ്തകം 83 ലക്കം 11
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

The Sathyadoothan Monthly



4 യുഗശബ്ദം

5 എഡിറ്റോറിയൽ



6

ഖുത്വ്ബ
**ഇസ്‌ലാമിന്റെ മനോഹര സന്ദേശം പ്രചരിപ്പിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


12
**ഹൃദയവും മനസ്സും**
ഹദ്റത്ത് അഹ്മദ് (അ)

14
**മതത്തിന്റെ ആവശ്യകതയും പ്രാധാന്യവും**
മൗലാനാ ഖുലാം റസൂൽ രാജകി



17
**ഖിലാഫത്ത്: ആത്മീയവും ഭൗതികവുമായ മാനങ്ങൾ**
ഡോ. നസിം റഹ്മത്തുള്ള
ഡോ: സിയാ. എച്ച്. ഷാ

ഖിലാഫത്ത് ഭരണകൂടം പോലെ ഒരു അധികാര സ്ഥാപനമല്ല. ദൈവത്തോടും അവന്റെ സൃഷ്ടികളോടുമുള്ള ചുമതലകൾ നിറവേറ്റാൻ ഒരു ഖലീഫയുടെ ദിവ്യനേതൃത്വമുള്ള ആഗോള ആത്മീയ സ്ഥാപനമാണ്.



21
**ഇസ്‌ലാമിക വൈദ്യശാസ്ത്രം: തത്ത്വവും ചരിത്രവും**
സമീന മിയാൻ

എല്ലാ വൈദ്യശാസ്ത്ര പാരമ്പര്യങ്ങളുടെയും നന്മകളെ സ്വാംശീകരിച്ച ഇസ്‌ലാംമതം അതിന്റെ മതാത്മക വ്യക്തിത്വത്തിൽ ഇസ്‌ലാമിക വൈദ്യവിജ്ഞാനീയത്തിന് തുടക്കം കുറിച്ചു.



21
**ഇസ്‌ലാം ചൈനയിൽ**
ഡോ: എം. ഇസ്ഹാക്ക് ഖലീൽ

ഇസ്‌ലാം മതത്തിന്റെ ആദ്യകാലത്ത് തന്നെ ചൈനയിൽ ഇസ്‌ലാം മതം പ്രവേശിക്കുകയുണ്ടായി



26
**ചെങ്കോലും പ്രവാചകത്വവും**
എ.എം. മുഹമ്മദ് സലിം

മനുഷ്യന്റെ ആത്മാവിനു മുമ്പിൽ ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്. അധികാരവും ചെങ്കോലുമില്ലാതെ ദൈവപ്രേഷിതരായ പ്രവാചകന്മാർ തങ്ങളുടെ വിനയാന്വിതമായ ഉദ്ബോധനങ്ങളും ആത്മീയ ശക്തിയും കൊണ്ടാണ് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയത്.



31
**മുസ്‌ലിം ലോകത്തിന്റെ ശാസ്ത്ര പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്ത്?**
ആരോൺ സേഗൾ

മുസ്‌ലിം നാടുകളിലെ ശാസ്ത്ര പിന്നോക്കാവസ്ഥയെ ലേഖകൻ സൂക്ഷ്മമായും വസ്തുനിഷ്ഠമായും പരിശോധിച്ച് വിലയിരുത്തുന്നു. മിഡിൽ ഈസ്റ്റ് ക്വാർട്ടർലിയിൽ വന്ന ലേഖനത്തിന്റെ പരിഭാഷ. കഴിഞ്ഞലക്കത്തിന്റെ തുടർച്ച

35
**സഫറുല്ലാഹ്ഖാൻ(റ): ഇസ്‌ലാമിന്റെ വീരപോരാളി**

39
കുറിപ്പുകൾ
**ഖദ്ദാഫിയും കഥാവശേഷനായി**
**വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമരം ശക്തമാവുന്നു**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman



# ശരണാർഥിയെ സംരക്ഷിക്കുന്ന ദൈവം

ഹദ്റത്ത് അഹ്മദ് (അ)

ഒരാൾ തന്റെ ദൈവത്തിലുള്ള വിശ്വാസത്തിന്റെ ബലത്തിനനുസരിച്ച് ഭൗതികത്വത്തിലുള്ള ആശ്രിതത്വത്തിൽ നിന്ന് മുഖം തിരിക്കുന്നു. വിശ്വാസം എത്ര കൂടുതൽ വികസിക്കുകയും പുരോഗമിക്കുയും ചെയ്യുന്നുവോ അത്ര കൂടുതലായി ഭൗതികത്വത്തിലുള്ള ആശ്രിതത്വത്തിൽ അയാൾ വിമുഖനാകുന്നു. വാസ്തവത്തിൽ ലോകം വഞ്ചനാത്മകമാണെന്നത് പ്രകടമാണ്. പുരോഗതിക്ക് നിദാനമെന്ന് കരുതുന്ന ഭൗതിക ലോകത്തിന്റെ വസ്തുക്കൾ അധോഗതിക്ക് കാരണമാകുന്നു. ലോകത്തിന്റെ ആദരവും സ്ഥാനവും ലഭ്യമാകാൻ സമ്പത്ത് മുഖേനവ്യാജമായതും കൃത്രിമവുമായ അനേകം മാർഗങ്ങൾ അവലംബിക്കപ്പെടുന്നു. ആളുകൾ അവരുടെ ലക്ഷ്യങ്ങൾ കാണാൻ അസത്യമായ മാർഗങ്ങൾ തേടുന്നു. അവരുടെ ജീവിത ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിന്ന് ഇത്തരം രീതികൾ ഉപാധിയാക്കണം എന്നവർ കരുതുന്നു. ഇത് ഏതറ്റം വരെയെന്നാൽ ഇത്തരം കുത്സിത മാർഗങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങൾ അവരുടെ സ്നേഹിതന്മാർക്ക് മുമ്പാകെ വമ്പിച്ച അഭിമാനത്തോടേ വിവരിക്കുന്നു. ഇതിനെ മഅ്രിഫത്തിന്റേയും (ദൈവികജ്ഞാനത്തിന്റെയും) നീതിയുടെയും വീക്ഷണത്തിലും വിലയിരുത്തുമ്പോൾ അവരുടെ ഈ രീതികളും ഉപാധികളും അവർക്ക് എത്ര നാൾ നീണ്ടുനിൽക്കുന്ന സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്യുന്നില്ല എന്ന് നമുക്ക് കാണാൻ കഴിയും ഏപ്പോഴെങ്കിലും അവരോട് ഇത്തരം കാര്യങ്ങളെ പറ്റി ചോദിക്കുക. അവരെപ്പോഴും നിരാശയുടെയും വിഷമത്തിന്റെയും മുഖം കാണിക്കും. ശാന്തിയും സന്തോഷവും ഒരിക്കലും അവരുടെ മുഖങ്ങളിൽ കാണപ്പെടുകയില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ ഒരാളുടെ മുഖത്ത് സംതൃപ്തിയുടെ അടയാളങ്ങൾ പ്രകടമാകുകയുള്ളു. ഏതുവരെ ഒരാൾ ദൈവത്തിൽ പൂർണമായി വിശ്വസിക്കുന്നില്ലയോ ഏതൊരാൾ ദൈവത്തിന്റെ വാഗ്ദാനങ്ങൾ വിശ്വസിക്കുകയും അവൻ വിജയങ്ങൾ തന്നരുളാൻ കെൽപ്പുള്ളവനാണെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്യുന്നില്ലയോ ഏതൊരാൾ തന്റെ ജീവിതത്തിൽ ഒരു സമൂല വിപ്ലവം വരുത്തുന്നില്ലയോ അയാൾക്ക് പൂർണ സംതൃപ്തി ലഭിക്കില്ല.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: 'അവൻ സത്യവിശ്വാസികളെ സംരക്ഷിക്കും'(7:197)അതായത് പരിഷ്ക്കരണത്തിന്റെയും നന്മയുടെയും മാർഗത്തിൽ സഞ്ചരിക്കുന്നവന് അല്ലാഹു രക്ഷകനാകും. അത്തരം വ്യക്തികളെ അല്ലാഹു എല്ലാ തരത്തിലും രക്ഷിക്കും.

ഒരാൾക്ക് ഒരു സംരക്ഷകനുണ്ടെങ്കിൽ.

അയാളുടെ പല ഭാരങ്ങളും ഒഴിവാക്കാൻ കഴിയും. ഒരു മാതാവ് കുഞ്ഞിന്റെ രക്ഷകയായി വർത്തിക്കുമ്പോൾ കുഞ്ഞ് അതിന്റെ ആവശ്യങ്ങളെ സംബന്ധിച്ച് ഒന്നും ആകുലപ്പെടേണ്ടതില്ല. മാതാവ് ആ കുഞ്ഞിന്റെ എല്ലാ ആവശ്യങ്ങളും നിവർത്തിച്ചു കൊടുക്കും. കുഞ്ഞിന്റെ ആഹാരം വസ്ത്രം അതുപോലെയുള്ള തിനെല്ലാം മാതാവ് ഉൽകണ്ഠപ്പെട്ടു കൊണ്ടിരിക്കും. അവൾ കുഞ്ഞിന്റെ ആരോഗ്യം പരിപാലിക്കുകയും അതിനെകുളിപ്പിച്ച് വൃത്തിയാക്കുകയും ചെയ്യുന്നു. ചിലപ്പോൾ മാതാവ് കുഞ്ഞ് ഭക്ഷണം കഴിക്കാനും പാനീയം കുടിക്കാനും വസ്ത്രം ഉടുപ്പിക്കാനും ചെറുതായി അടിക്കുന്നു. കുഞ്ഞിഞ്ഞ് അവന്റെ ആവശ്യങ്ങളെന്താണെന്ന് അറിയുന്നില്ല. എന്നാൽ മാതാവിന് അതറിയുകയും അത് നിവർത്തിക്കുന്നതിൽ വ്യാപൃതയാവുകയും ചെയ്യുന്നു. കുഞ്ഞ് മാതാവിന്റെ സംരക്ഷണ വലയത്തിൽ നിന്ന് വളർന്ന് വലുതാവുമ്പോൾ സ്വാഭാവികമായും അവന് ചില രക്ഷാധികാരികളേയും ആവശ്യമായിവരികയും ചെയ്യുന്നു. (മൽഫൂസാത്ത്)

എഡിറ്റോറിയൽ

# ജീവനുള്ള സമൂഹം

വിശുദ്ധ ഖുർആൻ ഒരു സമൂഹത്തെ ജീവനുള്ള മനുഷ്യനെപ്പോലെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ജീവനുള്ള വസ്തുക്കളുടെ ഘടനയിൽ ക്രമവും വ്യവസ്ഥയും നാം കാണുന്നു. ജീവനുള്ള വസ്തു ക്കൾക്കാണ് വികാസവും ലക്ഷ്യ ബോധത്തോടെയുള്ള വളർച്ചയും ഉണ്ടാകുന്നത്. ജീവൻ എന്ന പ്രതിഭാസം പ്രാവർത്തികമാവണമെങ്കിൽ അതിന് ഘടനയും വ്യവസ്ഥയും വേണമെന്നർഥം.

സഹൂഹം എന്നത് ജീവനുള്ള അസ്തിത്വമാണ്. ഓരോ സമൂഹത്തിനും സമയം നിർണയിക്കപ്പെട്ടിട്ടുണ്ട്. അതിന് കർമവും കർമഫലവും വിധിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു: 'ഓരോ സമുദായത്തിനും നിശ്ചിത അവധിയുണ്ട്. അവരുടെ അവധി എത്തിക്കഴിഞ്ഞാൽ അൽപ്പ സമയം പോലും അവർക്ക് പിന്നോക്കം മാറിനിൽക്കുവാനോ മുന്നോട്ടു പോകുവാനോ സാധ്യമല്ല.'(10:50) 'അവർ കഴിഞ്ഞുപോയ ഒരു സമുദായമാണ്. അവർ സമ്പാദിച്ചത് അവർക്കുണ്ട്. നിങ്ങൾ സമ്പാദിച്ചത് നിങ്ങൾക്കുമുണ്ട്. അവർ പ്രവർത്തിച്ചത് നിങ്ങളോട് ചോദിക്കയില്ല.(2:185)

സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന സമൂഹത്തിന് തങ്ങളുടെ ഘടനയും വ്യവസ്ഥയും ലക്ഷ്യവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. സ്രഷ്ടാവായ അല്ലാഹു സമൂഹങ്ങൾക്ക് നിർദേശിച്ച ഘടനയാണ് ഖിലാഫത്ത്. രക്തം ചിന്തി കുഴപ്പവും ക്രമരാഹിത്യവും നിലനിന്ന മനുഷ്യന്റെ പ്രാക്തനസമൂഹത്തിൽ ആദം നബി (അ)യെ ഖലീഫയായി നിശ്ചയിച്ചുകൊണ്ട് ഒരു സാമൂഹിക വ്യവസ്ഥക്ക് അല്ലാഹു രൂപം നൽകിയതായി ഖുർആൻ സൂചിപ്പിക്കുന്നു. ദൈവം മനുഷ്യന് സമ്മാനിച്ച ആത്മീയ സാമൂഹ്യ വ്യവസ്ഥയും ഉത്ഥാനപതനങ്ങൾക്ക് വിധേയമാണെന്ന് കാണാം. ഈ വ്യവസ്ഥയുടെ പ്രോദ്ഘാടകരും പോഷകരും അല്ലാഹു അയക്കുന്ന പ്രവാചകന്മാരാണ്.


മനുഷ്യകുലത്തിന് ശാശ്വതമായ ഒരു മാതൃകാ സമൂഹം നിലവിൽ വന്നത് റസൂൽ തിരുമേനി(സ)യുടെ നുബുവ്വത്തിന്റെ പ്രഭാവത്തിലാണ്. ഖിലാഫത്ത് വ്യവസ്ഥ സോപാധികമായ ഒന്നാണെന്നാണ് ഖുർ ആൻ പറയുന്നത്. സത്യവിശ്വാസികൾക്കും സൽക്കർമം ചെയ്യുന്നവർക്കുമാണ് ഖിലാഫത്ത് വ്യവസ്ഥ വാഗ്ദാനം ചെയ്തിട്ടുള്ളത്. ഖിലാഫത്ത് വ്യവസ്ഥയുടെ സദ്ഫലങ്ങളെ ക്കുറിച്ചും വിശുദ്ധ ഖുർആൻ അതേ ആയത്തിൽ വിവരിക്കുന്നു.

'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിന്ന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു'.(24:56)

ആ ഖിലാഫത്ത് വ്യവസ്ഥ അഥവാ ദൈവിക പ്രാതിനിധ്യമുള്ള സാമൂഹിക സംവിധാനം നിലനിൽക്കുന്ന ഭൂമുഖത്തെ ഒരേയൊരു സ്ഥാപനമാണ് അഹ്മദിയ്യാ ഖിലാഫത്ത്. ദൈവിക മുദ്രകൾകൊണ്ടനുഗ്രൃനഹീതമായ ഈ ജമാഅത്തിനെലോകം തിരിച്ചറിയട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം

# ഇസ്‌ലാമിന്റെ മനോഹര സന്ദേശം പ്രചരിപ്പിക്കുക

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(14 – 10 – 2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)

ഇസ്‌ലാമിന്റെ പുനർ ജനനത്തിന്റെ കാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ ശ്രേഷ്ഠത മറ്റെല്ലാ മതങ്ങളുടെമേലും അല്ലാഹു ഇക്കാലത്ത് പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു എല്ലാ തരത്തിലും ഇസ്‌ലാമിന്റെ ശ്രേഷ്ഠത പ്രകടമാക്കിക്കൊണ്ടിരിക്കുകയാണ് എന്നതിൽ ദൃഢമായി വിശ്വസിക്കുന്നവരാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളായ നാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയിരിക്കുന്ന തെളിവുകൾ മുഖേനയും അല്ലാഹു നിരന്തരം പ്രകടമാക്കുന്ന ആകാശീയ സഹായങ്ങൾ മുഖേനയും അഹ്മദിയ്യാ ജമാഅത്ത് ഒരു മനുഷ്യനെ ദൈവമായി ചിത്രീകരിക്കാൻ ശ്രമിക്കുന്ന ക്രിസ്തീയ സിദ്ധാന്തത്തിനെ നേരിട്ടു കൊണ്ടിരിക്കുകയാണ്. എന്നാൽ മറ്റൊരു മുസ്‌ലിം കക്ഷിയും തന്നെ ഇതിന്റെ കോടിയിൽ ഒരു ഭാഗം പോലും ചെയ്യുന്നില്ല. അവർക്ക് ചെയ്യാൻ സാധ്യവുമല്ല. കാരണം അല്ലാഹു തആല ഈ പ്രവർത്തനം ഇക്കാലത്ത് വാഗ്ദത്ത മസീഹ് (അ)ന്റെ ജമാഅത്ത് മുഖേനയാണ് ചെയ്യിപ്പിക്കുന്നത്. ക്രിസ്തീയ ലോകം ഇക്കാര്യം അംഗീകരിക്കുന്നുണ്ട്.

ഹിദായത്തിന്റെ യഥാർഥ മാർഗം അഹ്മദിയ്യത്തിലാണുള്ളതെന്ന് സദ്പ്രകൃതക്കാരായ മുസ്‌ലിംകളും അംഗീകരിക്കുന്നു. അങ്ങനെ അവർ ഹിദായത്ത് കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിൽ നിന്നുള്ള വ്യക്തിയാണെന്ന് അവർ അംഗീകരിക്കുന്നു. ഇന്നേക്ക് പത്തെഴുപത് വർഷം മുമ്പ് ആഫ്രിക്കയിൽ ക്രിസ്തീയ പാതിരിമാർ പ്രഖ്യാപിച്ചിരുന്നത് ആഫ്രിക്ക ഒന്നടങ്കം അടുത്ത് തന്നെ ക്രിസ്തു മതത്തിന്റെ മടിത്തട്ടിലിൽ വന്നുകൊണ്ട് യേശു ദൈവപുത്രനാണെന്ന് അംഗീകരിക്കുന്നതാണെന്നാണ്. ഇതേപോലെ ഇന്നേക്ക് നൂറ്റിയിരുപത് നൂറ്റിമുപ്പത് വർഷം മുമ്പ് വരെ ഇന്ത്യയെ കുറിച്ചും പാതിരിമാർ പറഞ്ഞിരുന്നത് ഇന്ത്യയിൽ ക്രിസ്തുമതം ഉടനെ വിജയിക്കുമെന്നായിരുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) മനുഷ്യനെ ദൈവമാക്കുന്ന കാഴ്ചപ്പാടിനെ അവരുടെ തന്നെ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലും യുക്തിപരമായും തെറ്റാണെന്ന് തെളിയിച്ചപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ക്രിസ്തുമതത്തിന്റെ വലയിൽ വീഴാൻ പോവുകയോ അതല്ലെങ്കിൽ ഇസ്‌ലാമിനെക്കാളും ശ്രേഷ്ഠമതം കൃസ്തുമതമാണെന്ന് അംഗീകരിക്കുകയോ ചെയ്തിരുന്ന ലക്ഷക്കണക്കിന് മുസ്‌ലിംകൾക്ക് സ്വബോധം വീണ്ടുകിട്ടുകയും അങ്ങനെ ആ തെറ്റായ വിശ്വാസം സ്വീകരിക്കുന്നതിൽ നിന്ന് അവർ രക്ഷപ്പെടുകയും ചെയ്തു. യഥാർഥത്തിൽ ആ മഹാത്മാവ് സ്ഥാപിച്ചിരുന്നത് അതിശക്തമായ മതിലായിരുന്നു. അങ്ങനെ അല്ലാഹുവിന്റെ ഏകത്വവും ഇസ്‌ലാമിന്റെ സത്യതയും ലോകത്ത് പ്രകടമാകുകയുണ്ടായി. ഇതേ പോലെ ആഫ്രിക്കയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗുമാർ ഇസ്‌ലാമിനെ പ്രചരിപ്പിച്ചു കൊണ്ടും ത്രിത്വത്തിന്റെ തെറ്റായ വശങ്ങൾ വിവരിച്ചു കൊണ്ടും ക്രിസ്തീയ മിഷനറിമാരുടെ മുമ്പിൽ വൻ മതിൽ സ്ഥാപിക്കുകയുണ്ടായി. അവർക്ക് പോലും ഇത് തുറന്ന് പറയേണ്ടതായി വന്നു. അഹ്മദികൾ തങ്ങൾക്ക് തടസ്സമാണെന്ന് അവർ പ്രഖ്യാപനം നടത്തുകയുണ്ടായി. എന്നാൽ ഇസ്‌ലാമിന്റെ ഈ പോരാളിയുടെയും അല്ലാഹുവിന്റെ വരിഷ്ട ദാസനായ ഈ മഹാത്മാവിന്റെയും പ്രവർത്തനങ്ങൾ കണ്ടിട്ടും മുസ്‌ലിംകളിൽ ഭൂരിഭാഗവും സന്തോഷിച്ച് തുള്ളിച്ചാടുന്നതിനു പകരം, ആ മഹാത്മാവിന്റെ ജമാഅത്തിൽ അംഗങ്ങളാകുന്നതിന് പകരം, അദ്ദേഹത്തിനെതിരെ അതിരൂക്ഷമായ വിദ്വേഷവും ശത്രുതയും വൈരാഗ്യവും വെച്ചു പുലർത്തുകയാണ് ചെയ്തത്. ഞാൻ പറഞ്ഞതു പോലെ അല്ലാഹുവിന്റെ വിധി അവൻ അയച്ച വ്യക്തിയോടൊപ്പമായിരിക്കും ഉണ്ടാകുക. സദ്പ്രകൃതക്കാർ മുഹമ്മദീ മസീഹിന്റെ സംഘത്തിൽ അംഗങ്ങളായിക്കൊണ്ടിരുന്നിട്ടുണ്ട്. ഇപ്പോൾ ഈ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തുവരുന്നു. എന്നാൽ ഇപ്പോഴും ഭൂരിഭാഗവും മുസ്‌ലിം നാമ ധാരികളായ മുല്ലാ വർഗത്തെഭയപ്പെട്ടു കൊണ്ടും അതോടൊപ്പം മത വിജ്ഞാനം ഇല്ലാത്തതുകൊണ്ടും എതിർപ്പിൽ നിലയുറപ്പിച്ചിരിക്കുകയാണ്. നിത്യവും മുസ്‌ലിം നാടുകളിലും വിശിഷ്യാ പാകിസ്താനിലും അഹ്മദിയ്യത്തി

നെതിരിൽ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ചില ടി.വി. ചാനലുകൾ ഇക്കാര്യത്തിൽ വളരെ മുൻപന്തിയിലാണ്. അത് യൂറോപ്പിലും ലോകത്ത് പല സ്ഥലങ്ങളിലും കാണപ്പെടുന്നതാണ്. പാമരരായ മുസ്‌ലിം ജനങ്ങളുടെ വികാരങ്ങളെ ഇളക്കി വിട്ടുകൊണ്ട് അഹ്മദിയ്യത്തിനെതിരിൽ പ്രകോപിതരാക്കുന്നു. ചില ടി.വി, ചാനലുകൾ തങ്ങളുടെ പോളിസിയുടെ അടിസ്ഥാനത്തിൽ ഇതിന് അനുമതി നൽകുന്നില്ല. അതുകൊണ്ട് റിലീഫ് പ്രവർത്തനത്തിന്റെ മറപിടിച്ചുകൊണ്ട് ടിവിയിൽ പരിപാടി നടത്തുകയും ഇതിൽ ഈ കുഴപ്പക്കാരായ തീവ്രവാദ വിഭാഗം ആളുകൾ അഹ്മദികൾ വധാർ ഹരാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്യുന്നു.

കഴിഞ്ഞ ദിവസം യൂറോപ്പിൽ അങ്ങനെയുള്ള ഒരു ടി.വി. ചാനലിൽ ഒരു മൗലവി ഈ രീതിയിലുള്ള പ്രഖ്യാപനം നടത്തുകയുണ്ടായി. ചാനലിന്റെ ഉടമസ്ഥരുമായി ബന്ധപ്പെട്ടപ്പോൾ അവർ ക്ഷമാപണം നടത്തുകയും ഇനി മുതൽ ഈ മൗലവിയെ തങ്ങളുടെ ചാനലിൽ കൊണ്ടുവരില്ല എന്ന് വാക്ക് നൽകുകയും ചെയ്തു.

ചുരുക്കത്തിൽ ഈ ദുർഭഗന്മാർ ഇസ്‌ലാമിന്റെ പ്രവാചകന്റെ അഭിമാന സംരക്ഷണത്തിന്റെയും ഖത്ത്മുന്നു ബുവ്വത്തിന്റെ പേരിലും പാമരരായ മുസ്‌ലിം സമൂഹത്തിന്റെ വികാരത്തെ ഇളക്കി വിടുന്ന ജോലി ഏറ്റെടുത്തി രിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ ഇസ്‌ലാമിന്റെ തബ്‌ലീഗും അതിന്റെ മഹത്വവും പ്രകടമാക്കുന്നതിനും തിരുനബി (സ) യുടെ മഹത്സ്ഥാനം ലോകത്ത് വ്യക്തമാക്കുന്നതിനും വേണ്ടി അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന പ്രവർത്തനങ്ങളെ ഇസ്‌ലാം വൈരികൾ പോലും ശ്ലാഘിക്കുന്നുണ്ട്. അഹമദിയ്യ ത്തിന്റെ പേരിൽ ആരോപണം ഉന്നയിക്കുന്ന മുസ്‌ലിംകൾക്ക് ഈ മതപ്രചാരണത്തിന് അൽപം പണം ചെലവഴിക്കാൻ പോലും തൗഫീഖ് ലഭിക്കുന്നില്ല. എല്ലാവരുടെയും ചിന്ത നാടിന്റെ സമ്പത്ത് എങ്ങനെ കൊള്ളയടിക്കാം എന്നാണ്. ഇന്ന് ഇസ്‌ലാമിന്റെയും പ്രവാചകന്റെയും അഭിമാനം സംരക്ഷിക്കുക എന്ന പേരിൽ നാട്ടിൽ നടക്കുന്നത് എന്താണ്. നാട്ടിൽ വ്യാപിച്ചിരിക്കുന്ന തീവ്രവാദപ്രവർത്തനം ഓരോ സദ്പ്രകൃതക്കാരനെയും ചിന്താകുലനാക്കിയിരിക്കുകയാണ്. ആരുടെയും ജീവൻ സുരക്ഷിതമല്ല.

അഹ്മദികൾക്കെതിരിൽ ക്രൂരതകൾ നടന്നു കൊണ്ടേ ഇരിക്കുന്നു. ഇതിപ്പോൾ വർധിച്ചു കൊണ്ടിരിക്കുകയാണ്. പലപ്പോഴും ഞാനിത് പറഞ്ഞിട്ടുള്ളതാണ്. ഈ തീവ്രവാദത്തിൽ നിന്ന് പാകിസ്താനിലെ ഒരു പൗരനും തന്നെ സുരക്ഷിതനല്ല. രാജ്യത്ത് ഒരു ഭാഗത്ത് അരാജകത്വം കൊടികുത്തി വാഴുകയാണ്. കുഴപ്പം വ്യാപിച്ചു കൊണ്ടിരിക്കുന്നു; ഒരു തരം ഭരണവും ഇല്ലാതായിരിക്കുന്നു. മറു ഭാഗത്ത് പ്രകൃതി ദുരന്തങ്ങൾ രാജ്യത്തെ വലയം ചെയ്തിരിക്കു കയുമാണ്. എങ്ങോട്ടാണ് സമൂഹത്തിന്റെ പോക്കെന്നും, അല്ലാഹു ഏതൊരു പര്യവസാനത്തിലേക്കാണ് ഇവരെ കൊണ്ടുപോകുന്നതെന്നും ഇവരുടെ അവസ്ഥ എന്തായിത്തീരുമെന്നും ഇവ രാരും ചിന്തിക്കുന്നില്ല. ഇത് മനസ്സി ലാക്കാൻ അല്ലാഹു തന്നെ ഇവർക്ക് ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ. അഹ്മദികൾ നാടിനോട് കൂറു പുലർത്തുന്നവരാണ്. അവർക്കെതിരിൽ നിയമപ്രകാരം പല തടസ്സങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവരെ ആവുംവിധം പ്രയാസപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ നാടിനെ എല്ലാവിധ നാശങ്ങളിൽ നിന്നും അല്ലാഹു സംരക്ഷിക്കട്ടെ എന്ന് അവർ ദുഃആ ചെയ്തു കൊണ്ടിരിക്കുകയാണ്.

അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നൽകി എന്നത് അല്ലാഹു വിന്റെ വലിയ ഔദാര്യമാണ്. നമ്മുടെ പൂർവ പിതാക്കന്മാർക്ക് ഇത് സ്വീകരി ക്കാനുള്ള തൗഫീഖ് നൽകിയെങ്കിൽ നമുക്ക് ഇതിൽ അടിയുറച്ച് നിൽ ക്കാനുള്ള തൗഫീഖ് നൽകി. കാല ഘട്ടത്തിന്റെ ഇമാമിനോടൊപ്പം നിന്നു കൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്ത നത്തെ പൂർത്തീകരിച്ചുകൊണ്ട് ഇരു ലോകവും നേടിയെടുക്കാൻ നമുക്ക് സാധിക്കുന്നതാണ്.

എന്നാൽ നാം ഓർക്കേണ്ട ഒരു കാര്യമുണ്ട്. ധനത്യാഗം ചെയ്തതു കൊണ്ട് നമ്മുടെ ജോലി അവസാനി ക്കുന്നില്ല. അല്ലാഹുവുമായി ബന്ധം നിലനിർത്തുന്ന ഹൃദയം നമ്മിൽ ഉണ്ടാകേണ്ടിയി രിക്കുന്നു. ഉന്നത ധാർമിക ഗുണം സ്വയത്തമാക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഇസ്‌ലാമിന്റെ യഥാർഥസന്ദേശമായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശത്തെ നമ്മുടെ നാടുകളിൽ പ്രചരിപ്പിക്കാൻ ശ്രമിക്കേണ്ട താണ്. ഇസ്‌ലാമിനെതിരിൽ ഉന്നയിക്ക പ്പെടുന്ന ആക്ഷേപങ്ങൾ ദൂരീകരിച്ചു കൊണ്ട് ഇസ്‌ലാമിന്റെ മനോഹര അദ്ധ്യാപനത്തെ ലോകത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടിയിരിക്കുന്നു.അതുകൊണ്ട് ഈ ചെറിയ ജമാഅത്തായ ഹോളണ്ട് ജമാഅത്തും തങ്ങളുടെ ഈ ഉത്തര വാദിത്വത്തെ മനസ്സിലാക്കണം. കുറച്ചു പേർ പ്രവർത്തിച്ചതുകൊണ്ട് ഈ ലക്ഷ്യം നമുക്ക് നേടിയെ ടുക്കാൻ കഴിയില്ല. ഹോളണ്ടിൽ താമസിക്കുന്ന ഓരോ അഹ്മദിയും തന്റെ ചുറ്റുപാടിൽ ഈ ബൃഹത്തായ പ്രവർത്തനം നടത്താൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

തന്റെ രാഷ്ട്രീയ സ്വാധീനം വർധിപ്പിക്കുന്നതിനായി ഇസ്‌ലാമി നെതിരിലും തിരുനബി (സ)ക്കെതിരിലും ആക്ഷേപം ഉന്നയിക്കുന്ന ഒരു ദുർഭഗൻ ഉള്ളത് ഈ ഹോളണ്ടിലാണ്. ശത്രുത യിലും എതിർപ്പിലും അയാൾ മുന്നേറു കയാണ്. ആ വ്യക്തിക്ക് എത്രമാത്രം ശത്രുതയും വിദ്വേഷവും ഇസ്‌ലാമിനെ കുറിച്ചുണ്ടെന്നാൽ ഇസ്‌ലാമിനെ കുറിച്ച് പറയുമ്പോൾ തന്നെ അയാൾ കോപം കൊണ്ട് വിറക്കുകയും വായിൽ നിന്ന് നുരയും പതയും വരാൻ തുടങ്ങുകയും ചെയ്യുന്നു. അത്രമാത്രം ദേഷ്യമാണ്. കഴിഞ്ഞ ദിവസം ഇവിടത്തെ ഒരു മുസ്‌ലിം കക്ഷി തീവ്രവാദത്തെ ശക്തമായി അപലപിച്ചപ്പോൾ ഗെർട്ട് വിൽട്ടർസ് എന്നു പേരുള്ള ഈ അക്രമി അതിനെക്കുറിച്ച് പ്രതികരിച്ചത് ഇപ്ര കാരമാണ്: "നിങ്ങൾ തീവ്രവാദത്തെ അപലപിച്ച തുകൊണ്ടു കാര്യമായില്ല. ഇസ്‌ലാം മതം തീവ്രവാദത്തെ പ്രോത്സാ ഹിപ്പിക്കുന്ന മതമാണെന്നും അത് കള്ളമാണെന്നും അത് ദൈവത്തിൽ നിന്നുള്ളതല്ലെന്നും ഇതിനെ ഭൂമുഖത്ത് നിന്ന് തുടച്ചു മാറ്റണമെന്നും നിങ്ങൾ അംഗീകരിക്കാതെ ഞങ്ങൾ തൃപ്തരാകു കയില്ല. ഇത് പ്രഖ്യാപിക്കാത്തിടത്തോളം ഒന്നും ഞങ്ങൾ അംഗീകരിക്കുന്നതല്ല." ഇതാണ് അയാളുടെ പ്രതികരണം. ഇത്തരു ണത്തിൽ നാം അയാൾക്ക് നൽകേണ്ട സന്ദേശം ഇതാണ്. അക്രമിയായ മനുഷ്യാ! നീയും നിന്റെ പാർട്ടിയും ലോകത്തുള്ള എല്ലാവരും നശിക്കും. എന്നാൽ ഇസ്‌ലാമും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) യും ഖിയാമത്ത് വരെ ഈ ലോകത്ത് നിലനിൽക്കാനാണ് വന്നത്. അത് നിലനിൽക്കുക തന്നെ ചെയ്യും. ലോകത്തുള്ള ഒരു ശക്തിക്കും തന്നെ, അവർ എത്ര വലിയ ഫിർഔനുകളായാലും ഇസ്‌ലാമിന്റെ ശത്രുക്കളായാലും ഇസ്‌ലാമിനെ മായ്ച്ചു കളയാൻ സാധ്യമല്ല. അല്ലാഹു തആല ഇക്കാലത്ത് അതിക്രൂരരായ നിങ്ങളെ

പ്പോലുള്ള ശത്രുക്കൾ ഉണ്ടായിട്ടും ഇസ്‌ലാമിനെ ലോകത്ത് വിജയിപ്പി ക്കാനാണ് അല്ലാഹുവിന്റെ ഈ യോദ്ധാവിനെ അവന്റെ സഹായ ത്തോടെ അയച്ചിരിക്കുന്നത്. ഇതിൽ പ്രവേശിച്ചിട്ടുള്ള ഓരോ അഹ്‌മദിയും തന്നെ തന്റെ ജീവനും സ്വത്തും സമയവും എല്ലാം ത്യാഗം ചെയ്തു കൊണ്ട് ഈ ലക്ഷ്യം കരസ്ഥമാക്കുമെന്ന് പ്രതിജ്ഞ എടുത്തവരുമാണ്. ഈ നാട്ടിൽ താമസിക്കുന്ന ഓരോരുത്തരും മറു നാട്ടിലുള്ളവരും ഈയൊരു സന്ദേശ മാണ് പ്രചരിപ്പിക്കേണ്ടത്. ഇവിടെയുള്ള ഒരോ വ്യക്തിക്കും ഈ സന്ദേശം നിങ്ങൾ എത്തിക്കണം. ഇസ്‌ലാമിന്റെ കൊടിയ ശത്രുവായ ഈ രാഷ്ട്രീയക്കാരൻ തിരഞ്ഞെടുപ്പിൽ വിജയിക്കുന്നുണ്ട്. മുമ്പത്തെക്കാൾ കൂടുതൽ സീറ്റ് കരസ്ഥമാക്കുന്നുമുണ്ട്. എന്നാൽ നിങ്ങൾ ലോകത്തോട് പറയേണ്ടത് ഇയാളുടെ ഈ പ്രവർത്തനങ്ങൾ ഇയാളുടെ നാശത്തിന് കാരണമായി ത്തീരുന്നതാണെന്നാണ്. അല്ലാഹു എല്ലായിപ്പോഴും തന്റെ പ്രവാചകന്റെ അഭിമാനം സംരക്ഷിച്ചിട്ടുണ്ട്. ആ പ്രവാചകന്റെ മഹത്വം കാത്തു സൂക്ഷിച്ചിട്ടുണ്ട്. ഇന്നും അവനത് ചെയ്യുന്നതാണ്. ഇൻശാഅല്ലാഹ്.

നമുക്ക് കഴിവൊന്നുമില്ല; ഭൗതിക മായ ഒരു ആയുധവും നാം ഉപയോഗി ക്കുകയുമില്ല. എന്നാൽ ആരുടെ ഹൃദയ ത്തെയാണോ മുറിവേൽപ്പിച്ചിരിക്കുന്നത് അവരുടെ പ്രാർഥനകൾ അല്ലാഹു വിന്റെ അർശിനെ വിറകൊള്ളിക്കുന്നതാണ്. ഇവിടെയാണെങ്കിൽ അല്ലാഹുവിന്റെ ഹബീബിന്റെ പ്രശ്നമാണ്. നമ്മുടെ ദുആകളെക്കാളും കൂടുതൽ അല്ലാഹു വിന്റെ അഭിമാനം ഇവിടെ പ്രവർത്തി ക്കുന്നതും അങ്ങനെയുള്ള ശത്രുക്കളുടെ പൊടിപോലും കാണാൻ കഴിയാത്ത അവസ്ഥ കൈവരുന്നതുമാണ്.

മാന്യന്മാരായ എത്രയോ പേർ ഹോളണ്ടിലുണ്ട്. എല്ലാവരും ആ പാതിരിയെ പോലെയല്ല. ആ ദുർഭഗന്റെ കാര്യങ്ങളെ അവർ നിഷേധിക്കുന്നു. അതുകൊണ്ടാണ് ഇയാൾക്കെതിരിൽ ഇവിടെ കേസ്സ് കൊടുത്തിട്ടുള്ളത്. ആ കേസ്സും രാഷ്ട്രീയ സ്വാധീനത്തിൽ മുങ്ങിപ്പോയി എന്നത് മറ്റൊരു കാര്യം. ഇതിൽ നിന്ന് തെളിയുന്നത് അയാളുടെ ഇങ്ങനെയുള്ള പ്രവർത്തനത്തിൽ പ്രതിഷേധിക്കുന്ന മാന്യന്മാരായവർ ഇവിടെയുണ്ട് എന്നാണ്. ഇങ്ങനെയുള്ള മാന്യവ്യക്തികളെ അന്വേഷിച്ച് കണ്ടെത്തി ക്കൊണ്ട് അവർക്ക് ഇസ്‌ലാ മിന്റെ സുന്ദര സന്ദേശം എത്തിക്കുക. ലോകത്ത് ശാന്തിയും സ്നേഹസാഹോദര്യവും നിലനിർത്തുന്നവരെ അന്വേഷിക്കുക. ലോകത്ത് കുഴപ്പമുണ്ടാക്കുന്നവരെ കുറിച്ച് അവരെ ഉണർത്തുക. പരസ്പരമുള്ള മത വികാരങ്ങളെ പരിഗണിക്കുന്നവരെയും മറ്റുള്ളവരുടെ മതങ്ങളെ ആദരിക്കുന്ന വരെയും ഒരുമിച്ചുകൂട്ടിക്കൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള പദ്ധതിക്ക് ആഹ്വാനം നൽകുക. ഇസ്‌ലാമാണ് ഇക്കാലത്ത് പരസ്പരം ആദരിക്കാൻ കൽപ്പിക്കുന്നതെന്ന പരമാർഥം ലോക ത്തിന്റെ മുമ്പാകെ വിളിച്ചു പറയുക. അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവും വലിയ പാപമായ ശിർക്ക് വിശ്വസിക്കുന്നവരെ പോലും പരിഗണിച്ചുകൊണ്ട്അവരുടെ ബിംബങ്ങളെപ്പോലും നിങ്ങൾ ദുഷിക്ക രുതെന്നാണ് അത് കൽപ്പിക്കുന്നത്. അവയെ ദുഷിച്ചുപറഞ്ഞാൽ അവരെ ആദരിക്കുന്നവർ മറുപടിയായി അല്ലാഹു വിനെ ദുഷിച്ചുപറയും. അങ്ങനെ നാട്ടിൽ കുഴപ്പം വ്യാപിക്കും.

നീതി നിലനിർത്താനും ഇസ്‌ലാമിന്റെ അന്തസ്സ് ഉയർത്തുന്നതിനും വേണ്ടി നമ്മുടെ പൂർണമായ പങ്ക് വഹിക്കേ ണ്ടതാണ്. കാരണം ഇസ്‌ലാമിന്റെ മഹത്വവും തിരുനബി (സ)യുടെ സ്ഥാനവും ജനങ്ങളെ കൊണ്ട് അംഗീകരിപ്പിക്കുകയും ആ മഹാത്മാ വിന്റെ കാൽകീഴിൽ ലോകത്തെ കൊണ്ടുവരുന്നതിനും വേണ്ടി ആഗതനായ അല്ലാഹുവിന്റെ യോദ്ധാ വിനെ അംഗീകരിച്ചവരാണ് നാം. ഉപ ഭൂഖണ്ഡത്തിൽ ഉയർന്ന കളവിന്റെ പോർവിളിയെ തടഞ്ഞത് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ആയിരുന്നു. ഉപഭൂഖണ്ഡത്തിലെ മുസ്‌ലിംകൾ വിശ്വസിച്ചാലും ഇല്ലെ ങ്കിലും ശരി, മുസ്‌ലിംകളെ ശിർക്കിന്റെ മടിത്തട്ടിൽ വീഴുന്നതിൽ നിന്നും സംരക്ഷിച്ചത് ആ മഹാത്മാവായിരുന്നു. തിരുനബി (സ) യുടെ അഭിമാന സംരക്ഷ ണത്തിനായി തന്റെ സർവതും സമർ പ്പണം ചെയ്തതും ആ മഹാത്മാവായി രുന്നു. ആഫ്രിക്കയിൽ നമ്മുടെ മുബ ല്ലിഗുമാർ ഇസ്‌ലാമിനെ പ്രചരിപ്പിച്ചു കൊണ്ട് ത്രിത്വത്തെ അംഗീകരിച്ചിരു ന്നവരെ ഏകത്വത്തിൽ വിശ്വസിക്കുന്നവ രാക്കി മാറ്റി. തിരുനബി (സ) യിൽ സ്വലാത്ത് അയക്കുന്നവരാക്കി മാറ്റി. ജൽസകളിൽ ആഫ്രിക്കൻ അഹ്‌മദികൾ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുറസൂലുല്ലാഹ് എന്ന് ചൊല്ലുന്നത് നാം കേൾക്കുന്നു. ഇവരിൽ അധികം പേരും ക്രിസ്തുമതത്തിൽ നിന്നാണ് ഇസ്‌ലാമിലേക്ക് വന്നിട്ടുള്ളത്. ഘാനയിൽ ഭൂരിഭാഗവും ക്രിസ്തു മതത്തിൽ നിന്നാണ് വന്നിരിക്കുന്നത്. അഹ്‌മദിയ്യാ ജമാഅത്ത് മസീഹ് മൗഊദ് (അ) ൽ നിന്ന് പഠിച്ചുകൊണ്ട് ലോകത്ത് ചെയ്യുന്ന പ്രവർത്തികളാണിത്. ആ മഹാത്മാവിനെ ഉപേക്ഷിച്ചുകൊണ്ട് ഇക്കാലത്ത് ഇസ്‌ലാമിന്റെ സുന്ദര സന്ദേശം സമർപ്പിക്കാനേകഴിയില്ല. അല്ലാഹു അയച്ച മഹ്ദി അദ്ദേഹമാണ്. ഇന്ന് ലോകത്ത് ഹിദായത്തിന്റെ പ്രവർത്തനം ചെയ്യുന്നത് അദ്ദേഹമാണ്. അല്ലാഹുവിൽ നിന്ന് ഹിദായത്ത് കരസ്ഥമാക്കിയാണ് വന്നത്. മുഹമ്മദിയ്യ ത്തിന്റെ സ്ഥാനം അംഗീകരിപ്പിക്കുന്ന തിനായി തന്റെ സർവതും സമർപ്പണം ചെയ്തത് അദ്ദേഹമാണ്. തിരുനബി (സ) യോടുള്ള അദ്ദേഹത്തിന്റെ സ്നേ ഹം അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ നിന്നും സ്പഷ്ടമാണ്. ഒരു സ്ഥലത്ത് പറയുന്നു:

ഇനി ആകാശത്തിനു കീഴെ ഒരേ ഒരു പ്രവാചകനും ഒരേ ഒരു ഗ്രന്ഥവുമാണു ള്ളത്. അതായത് ഹദ്‌റത്ത് മുഹമ്മദ് മുസ്തഫ (സ). അദ്ദേഹം മറ്റെല്ലാ പ്രവാചകന്മാരെക്കാളും ഉന്നതനും ശ്രേഷ്ടനുമാണ്. മറ്റെല്ലാ റസൂൽമാരെ ക്കാളും സമ്പൂർണനും പരിപൂർണനു മാണ്. ഖാത്തമുൽ അമ്പിയായും ഖൈറു ന്നാസുമാണ്. അദ്ദേഹത്തെ പിൻപറ്റുന്ന തിലൂടെ ദൈവത്തെ പ്രാപിക്കാൻ സാധിക്കുന്നതാണ്. അന്ധകാരത്തിന്റെ മറ നീക്കപ്പെടുന്നതാണ്. ഈ ലോകത്ത് വെച്ച് തന്നെ യഥാർഥ മോക്ഷത്തിന്റെ അടയാളങ്ങൾ പ്രകടമാകുന്നതുമാണ്.

വീണ്ടും പറയുന്നു: സർവ സമ്പൂർണനും പരിപൂർണ മനുഷ്യനുമായ വ്യക്തി, പരിപൂർണ പ്രവാചകനായ വ്യക്തി; അദ്ദേഹം എല്ലാ അനുഗ്രഹങ്ങ ളുമായി വരികയുണ്ടായി. അദ്ദേഹം മുഖേന പ്രകടമായ ആത്മീയ ഉണർവ് കാരണം ലോകത്ത് ആദ്യത്തെ ഖിയാമത്ത് നടക്കുകയുണ്ടായി. അദ്ദേഹ ത്തിന്റെ വരവോടുകൂടി മൃതമായി കിടന്ന ഒരു പ്രപഞ്ചം തന്നെ ഉയിർന്നെഴു ന്നേൽക്കുകയും ചെയ്തു. ആ അനുഗൃ ഹീത പ്രവാചകൻ ഹദ്‌റത്ത് ഖാത്തമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്ത്മുൽ മുർസലീൻ, ഫഖ്റുന്ന ബിയ്യീൻ, ജനാബ് മുഹമ്മദ് മുസ്തഫ (സ) ആണ്. ഞങ്ങളുടെ പ്രിയ നാഥാ! ആരംഭനാൾ മുതൽ ഇതുവരെ നീ ആർക്കും അയച്ചിട്ടില്ലാത്തത്ര അനുഗ്ര ഹവും കാരുണ്യവും ആ പ്രവാചകനിൽ അയക്കേണമേ.

മറ്റൊരു സ്ഥലത്ത് പറയുന്നു.

അല്ലാഹുവിനോടുള്ള ഭയം ലേശമില്ലാതെ ജനങ്ങൾ നമ്മുടെ ഭക്തനായ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ)യെ ചീത്ത പറയുകയും അവിശുദ്ധമായ ആരോപണങ്ങൾ ആ മഹാത്മാവിൽ ഉന്നയിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവരുമായി നമുക്കെങ്ങനെ രഞ്ജിപ്പിലെത്താൻ സാധിക്കും. ഞാൻ സത്യമായും പറയുന്നു. വനാന്തരങ്ങളിലെ സർപ്പങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളുമായും ഞങ്ങൾക്ക് രഞ്ജിപ്പിലെത്താൻ സാധിക്കും. എന്നാൽ ഞങ്ങളുടെ ജീവനെക്കാളും മാതാപിതാക്കളെക്കാളും ഞങ്ങൾ സ്നേഹിക്കുന്ന നമ്മുടെ പ്രവാചകനെതിരിൽ അവിശുദ്ധ ആരോപണം ഉന്നയിക്കുന്നവരുമായി ഞങ്ങൾക്ക് ഒരിക്കലും രഞ്ജിപ്പുണ്ടാക്കാൻ സാധ്യമല്ല. അല്ലാഹു ഇസ്‌ലാമിൽ തന്നെ നമ്മെ മരിപ്പിക്കട്ടെ. വിശ്വാസം നഷ്ടപ്പെടുന്ന ഒരു പ്രവർത്തിയും തന്നെ ചെയ്യാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല.

തിരുനബി(സ)യോടുള്ള സ്നേഹവും മുഹമ്മദിയ്യത്തിന്റെ സ്ഥാനത്തോടുള്ള ആദരവും പ്രവാചകനോടുള്ള വികാരവും പ്രകടിപ്പിക്കുന്നവർ ഇതേപോലെ മറ്റാരെങ്കിലുമുണ്ടോ? ഹദ്റത്ത് മസീഹ് മൗഊദ് (അ) നെയല്ലാതെ മറ്റാരെയും നമുക്ക് ഇക്കാലത്ത് കാണാൻ സാധ്യമല്ല.

നിങ്ങളുടെ ഈമാൻ വർധനവിനായി ചില സംഭവങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജർമനിയിലെ നമ്മുടെ മുബല്ലിഗ് മുഹമ്മദ് അഹ്മദ് സാഹിബ് എഴുതുന്നു. സബ് ബാദ്ബാഗ് എന്ന അനഹ്മദീ സുഹൃത്ത് നമ്മുടെ അനുഭാവിയായിരുന്നു. ജമാഅത്തിന്റെ വിശ്വാസം ശരിയാണെന്ന് അദ്ദേഹം അംഗീകരിക്കുമായിരുന്നു. എന്നാൽ ബൈഅത്ത് ചെയ്യാൻ മനഃസംതൃപ്തി കൈവന്നിരുന്നില്ല. ഇദ്ദേഹം മറ്റുള്ളവർക്ക് തബ്‌ലീഗ് ചെയ്യും. ഇതു മുഖേന മറ്റുപലരും ബൈഅത്ത് ചെയ്തിട്ടുണ്ട്. (സ്വയം ബൈഅത്ത് ചെയ്തിട്ടില്ല. എന്നിരുന്നാലും അഹ്മദിയ്യത്തിന്റെ തബ്‌ലീഗ് ചെയ്യും. ചില കടമകൾ നിറവേറ്റാനുള്ളത്കൊണ്ടാണ് ബൈഅത്ത് ചെയ്യാത്തതെന്നാണ് പറയാറുള്ളത്.) മുബല്ലിഗ് സാഹിബ് എഴുതുന്നു. ഒരു ദിവസം അദ്ദേഹം എന്റെ അടുത്ത് വന്നു. എന്നിട്ട് ചോദിച്ചു. ബൈഅത്ത് ചെയ്യുന്ന രീതി എന്താണ്. ഞാൻ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു. എന്തു പറ്റി? അദ്ദേഹം പറഞ്ഞു. രാത്രിയിൽ ഞാനൊരു സ്വപ്നം കണ്ടു. ഈ സ്വപ്നത്തിൽ എനിക്ക് ഇപ്രകാരം ശബ്ദം വരികയുണ്ടായി. അഹ്മദിയ്യത്ത് ഒരു സമുദ്രമാണ്. അതിന്റെ ഖജനാവുകളെ കുറിച്ച് അറിയാൻ എല്ലാവർക്കും കഴിയില്ല. പറയുന്നു. ഈ ശബ്ദം എന്റെ ഹൃദയാവസ്ഥ ആകെ മാറ്റി മറിച്ചുകളഞ്ഞു. അദ്ദേഹം ഉടനെ ബൈഅത്ത് ചെയ്യുകയും ചെയ്തു.

ഐവറികോസ്റ്റിലെ ഒരു ഗ്രാമമായ സോസെബൈയിൽ നമ്മുടെ മുബല്ലിഗ് തബ്‌ലീഗിനായി എത്തി. ഇമാം മഹ്ദി വന്നതിനെകുറിച്ച് വിളംബര പ്പെടുത്തുകയുണ്ടായി. അപ്പോൾ ആ ഗ്രാമത്തിന്റെ സ്ഥാപകൻ യഹ്യാ ചപ്പാത്തെ സാഹിബ് എഴുന്നേറ്റ് നിന്നുകൊണ്ട് താൻ കണ്ട സ്വപ്നം വിവരിക്കുകയുണ്ടായി. വടക്കു ചക്രവാളത്തിൽ പകൽ രണ്ട് മണിക്ക് ഒരു പ്രകാശം പരക്കുന്നതായി കണ്ടു. ഒരാഴ്ച്ചക്ക് ശേഷം തെക്ക് ഭാഗത്ത് നിന്നും ഒരു പ്രകാശം പരക്കുന്നതായി കണ്ടു. ഈ ഗ്രാമത്തിലെ ചീഫ് പണ്ഡിതന്മാരുടെ മുമ്പാകെ തന്റെ ഒരു സ്വപ്നം വിവരിക്കുകയുണ്ടായി. അപ്പോൾ പണ്ഡിതന്മാർ പറഞ്ഞത് നിങ്ങൾക്ക് വലിയ സൗഭാഗ്യം വരാൻ പോകുന്നു എന്നാണ്. ഈ സ്വപ്നത്തിന് കുറച്ച് ദിവസങ്ങൾക്ക് ശേഷം അഹ്മദിയ്യത്തിന്റെ മുബല്ലിഗ്മാരുടെ ഒരു സംഘം ആ ഗ്രാമത്തിൽ എത്തുകയും ഇമാം മഹ്ദിയുടെ കാര്യങ്ങൾ അവരെ കേൾപ്പിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം സന്തോഷം കൊണ്ട് തുള്ളിച്ചാടിക്കൊണ്ട് ജനങ്ങളുടെ മുമ്പിൽ വരികയും എന്നിട്ട് നടന്ന സംഭവങ്ങളെല്ലാം വിവരിച്ചുകൊണ്ട് പറയുകയും ചെയ്തു. വടക്കു നിന്നും തെക്കു നിന്നും പ്രസരിക്കുന്ന പ്രകാശം മുഖേന നമുക്ക് ലഭിക്കാൻ പോകുന്ന സൗഭാഗ്യം ഇതു തന്നെയാണ്. ഞാൻ ഇത് സ്വീകരിക്കുന്നു. ഇനി ജനങ്ങളിൽ നിന്ന് ആരെങ്കിലും ഇത് സ്വീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവരോട് ഒരു കാര്യം പറയാനുള്ളത് അഹ്മദിയ്യത്ത് എന്നാൽ അല്ലാഹുവിൽ നിന്നുള്ള വലിയ സൗഭാഗ്യമാണ്. അതിനെ സ്വീകരിക്കുക. തുടർന്ന് ആ ഗ്രാമം ഏകദേശം മുഴുവനും ബൈഅത്ത് ചെയ്യുകയുണ്ടായി.

ഇറാഖിൽ നിന്നും മുറാദ് സാഹിബ് എഴുതുന്നു. ഞാൻ ഷിയാക്കളുടെ ഇടയിലാണ് താമസിക്കുന്നത്. പിതാവും പിതാമഹനും ഷിയാക്കളാണ്. ഇമാം മഹ്ദിയെ കുറിച്ചുള്ള കാര്യത്തിൽ ഷിയാക്കളുടെ വിശ്വാസത്തിൽ തൃപ്തനായിരുന്നില്ല. എവിടെയോ ചില പാളിച്ചകൾ ഉണ്ടെന്ന് തോന്നിയിരുന്നു. ഒരു ദിവസം സ്വപ്നത്തിൽ കാണുകയാണ്. ഞാൻ ഒരു റൂമിൽ ഇരിക്കുന്നു. നാല് പേർ അവിടെ വരുന്ന ശബ്ദം കേട്ടു. അവരെ എനിക്കറിയില്ല. പുറത്തിറങ്ങി നോക്കിയപ്പോൾ വെള്ളത്തിന്റെ പൈപ്പ് പിടിച്ച് എന്റെ വീട്ടിൽ വെള്ളം തളിക്കുകയാണ്. ഞാൻ അദ്ഭുതപ്പെട്ടുകൊണ്ട് ഇവർ എന്താണ് ഈ ചെയ്യുന്നത് എന്ന് ചോദിക്കുന്നു. അപ്പോൾ അവർ പറഞ്ഞു. നിങ്ങളുടെ വീട് വൃത്തിയാക്കാൻ ഞങ്ങൾ കൽപ്പിക്കപ്പെട്ടിരിക്കുകയാണ്.

നമ്മുടെ പ്രിയ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ക്കെതിരിൽ സഭ്യേതരങ്ങളായ വാക്കുകൾ ഉപയോഗിക്കുമ്പോൾ ആ മഹാത്മാവിന്റെ പ്രേമിക്കെതിരിൽ ചീത്ത പറയുമ്പോൾ തീർച്ചയായും നമ്മുടെ ഹൃദയം കീറി മുറിക്കപ്പെടുകയാണ് ചെയ്യുന്നത്. അതിനുള്ള ഒരേഒരു പരിഹാരം ദുആക്കായി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക എന്നതാണ്.



അയൽവാസികളെകുറിച്ച് എന്താണ് കൽപ്പനയുള്ളത് എന്ന് ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു. താങ്കളുടെ വീട് വൃത്തിയാക്കാൻ മാത്രമാണ് ഞങ്ങളോട് പറഞ്ഞത്. അടുത്ത ദിവസം ടി.വി. തുറന്നപ്പോൾ നാല് പേരെ അതിൽ കണ്ടു. മുസ്തഫ സാബിഖ് സാഹിബ്, ശരീഫ് സാഹിബ്, ഹാനി സാഹിബ്, മുഅ്മിൻ സാഹിബ് എന്നിവർ അൽഹിവാറുൽ മുബാശിറ എന്ന പ്രോഗ്രാം നടത്തുകയായിരുന്നു. അപ്പോൾ ഞാൻ കണ്ട സ്വപ്നം അല്ലാഹുവിൽ നിന്നാണെന്ന് എനിക്ക് ബോധ്യമായി. അങ്ങനെ ബൈഅത്ത് ചെയ്യാൻ തീരുമാനിച്ചു.

ഫ്രാൻസിലെ അമീർ സാഹിബ് എഴുതുന്നു. ബീൻ ജാലൈൻ ഐയർ ലാന്റിലെ ഒരു സ്ത്രീ ഫ്രാൻസിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കാനായി വരികയായിരുന്നു. വരുന്നതിനു മുമ്പേ സ്വപ്നത്തിൽ ഇപ്രകാരം കേട്ടു. ഫ്രാൻസിൽ പോയി നിന്റെ ബന്ധു എലനെ തീർച്ചയായും കാണണം. അങ്ങനെ അവർ ഫ്രാൻസിൽ വന്നു തന്റെ ബന്ധുവിന്റെ അടുത്തു വന്നു. ഇദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നേരത്തെ ബൈഅത്ത് ചെയ്തിരുന്നു. ആ സ്ത്രീയെ അദ്ദേഹം മിഷൻ ഹൗസിൽ കൊണ്ടുവന്നു. തബ്ലീഗിന് ശേഷം അവർ ബൈഅത്ത് ചെയ്യുകയുണ്ടായി. അടുത്ത ദിവസം ഇവരെ എയർപ്പോർട്ടിൽ കൊണ്ടു വിടാനായി അവർ താമസിക്കുന്ന സ്ഥലത്തേക്ക് പോയപ്പോൾ അവിടെ അവരുടെ ഭർത്താവും മകനും ഉണ്ടായിരുന്നു. അവർ പറഞ്ഞു. അഹ്മദിയ്യത്തിനെ കുറിച്ച് ഞങ്ങൾ അറിഞ്ഞു കഴിഞ്ഞു. ഞങ്ങൾ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. അങ്ങനെ ആ കുടുംബം ഒന്നടങ്കം അഹ്മദികളായി മാറി.

ഹോളണ്ടിൽ മുസ്ലിംകളെ മാത്രമല്ല അമുസ്ലിം കളെയും അല്ലാഹു വഴി കാട്ടുന്നു. ഹോളണ്ടിലെ നിങ്ങളുടെ മുബല്ലിഗ് സാഹിബ് എനിക്ക് ഇപ്രകാരം എഴുതി. മാലതി എന്നു പേരുള്ള ഒരു ഹിന്ദു സ്ത്രീ 15 വർഷം മുമ്പ് ഇസ്ലാം സ്വീകരിച്ചിരുന്നു. മറാക്കിഷിലെ മൻസൂറുല്ലാ സാഹിബുമായി വിവാഹം നടക്കുകയും ചെയ്തു. അവർ ഒരിക്കൽ സ്വപ്നത്തിൽ കാണുകയാണ്; ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലെ ആളുകൾ ശുഭ്രവസ്ത്രം അണിഞ്ഞുകൊണ്ട് ഒരു ഭക്തന്റെ മുമ്പിൽ ഒന്നിച്ചു കൂടിയിരിക്കുകയാണ്. ഇവരെല്ലാം കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട് പറയുന്നത് ഈ വ്യക്തി മസീഹ് മൗഊദ് ആണെന്നാണ്. ആ സ്ത്രീ തന്റെ ഭർത്താവിന് ഈ സ്വപ്നം കേൾപ്പിച്ചു. ഭർത്താവ് എം.ടി.എ. കാണിച്ചു കൊടുത്തു. അതിൽ വാഗ്ദത്ത മസീഹിന്റെ ആഗമനത്തെകുറിച്ചുള്ള ചർച്ച നടന്നു കൊണ്ടിരിക്കുകയായിരുന്നു. തന്റെ ഭാര്യയെ വിളിച്ച് ഇത് കാണിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ കണ്ട ഉടനെ തിരിച്ചറിയുകയുണ്ടായി. എന്നിട്ട് പറഞ്ഞു. ഞാൻ സ്വപ്നത്തിൽ കണ്ട വ്യക്തി ഇദ്ദേഹം തന്നെയാണ്. അവർ രണ്ടും പേരും എം.ടി.എ. കാണുകയും അങ്ങനെ ബൈഅത്ത് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അല്ലാഹു ഇവരെ അഹ്മദിയ്യത്തിൽ നിലനിർത്തട്ടെ. അതോടൊപ്പം ഇങ്ങനെ ബൈഅത്ത് ചെയ്തുവരുന്നവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ജമാഅത്തിന്റേതാണ്. അവരുമായി നിരന്തരം ബന്ധം ഉണ്ടായിരിക്കണം. അങ്ങനെ അവരെ നമ്മുടെ സമീപത്തേക്ക് കൊണ്ടുവരാൻ സാധിക്കുന്നതാണ്.

ക്രിസ്ത്യാനികളിൽ നിന്ന് ബൈഅത്ത് ചെയ്തു വന്നവരുടെ സംഭവവുമുണ്ട്. അമീർ സാഹിബ് കാനഡ എഴുതുന്നു. ബെന്റി വിൽസൻ എന്ന സ്ത്രീയെ കുറിച്ച് എഴുതുന്നു. അവരെ ടൊറന്റോയിൽ താമസിക്കുന്ന നമ്മുടെ ഒരു ദാഈ ഇലല്ലാഹ് ഹസൻ ഫറൂഖ് സാഹിബിനെ തബ്ലീഗ് ചെയ്തുകൊണ്ടി രിക്കുകയായിരുന്നു. അവർ വഴിക്കുവഴി തിരുനബി (സ) യെയും ഹദ്റത്ത് ഈസ (അ) നെയും ദർശനത്തിൽ കാണുകയുണ്ടായി. അവർ ഇരുവരും ഇവർക്ക് സാന്ത്വനം നൽകുകയും ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. അതിനു ശേഷം അവർ ബൈഅത്ത് ചെയ്തു.

കനഡയിൽ തന്നെ അമാനുവർ റോത്തിസ്സിന്റെ ബൈഅത്തുമായി ബന്ധപ്പെട്ട സംഭവമുണ്ട്. 24 വയസ്സുള്ള ഓന്റാറിയോ സ്വദേശിയായ ഒരു യുവാവ് ചെറുപ്പത്തിൽ തന്നെ സ്വപ്നത്തിൽ ഒരു പ്രകാശം കണ്ടു. ആദ്യമൊക്കെ മങ്ങിയാണ് കണ്ടിരുന്നത്. പിന്നീട് നല്ല ശോഭയോടെ കാണാൻ തുടങ്ങി. ഒന്നര വർഷം മുമ്പ് ഈ യുവാവ് മുസ്ലിം ആയപ്പോൾ ഈ പ്രകാശം ഒന്നുകൂടി വ്യക്തമായി കാണാൻ തുടങ്ങി. അഹ്മദിയ്യത്തിനെ കുറിച്ച് അന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ ആ പ്രകാശം വീണ്ടും തെളിയാൻ തുടങ്ങി. അങ്ങനെ ഒരു പ്രകാശത്തിൽ അദ്ദേഹത്തിന് ഒരു മങ്ങിയ മുഖം പ്രത്യക്ഷമായി. ഒരു ദിവസം ഒരു അഹ്മദി സുഹൃത്തിനോടൊപ്പം മൂന്ന് നാല് മണിക്കൂർ സംസാരിച്ചതിനുശേഷം പിന്നീട് കണ്ട സ്വപ്നത്തിൽ ഒരു മുഖം ദൃശ്യമായി. അഹ്മദി സുഹൃത്തിനോട് ഈ കാര്യം അദ്ദേഹം പറഞ്ഞു. അദ്ദേഹം ഉടനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും ഖലീഫമാരുടെയും ഫോട്ടോ കാണിച്ചു. എന്റെ ഫോട്ടോ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ സ്വപ്നത്തിൽ കണ്ട മുഖം ഇതാണ്. 2011 മാർച്ചിൽ അദ്ദേഹം ബൈഅത്ത് ചെയ്തു.

സെറാലിയോനിലെ അമീർ സാഹിബ് എഴുതുന്നു. ഹസ്സൻ കവാരാ സാഹിബ് ആർട്സ് വിഷയമാണ് പഠിപ്പിക്കുന്നത്. അദ്ദേഹം 2006ൽ ഒരു സ്വപ്നം കാണുകയുണ്ടായി. ആകാശത്ത് വളരെ മനോഹരമായ രീതിയിൽ വ്യക്തമായി ഇങ്ങനെ എഴുതിയിരിക്കുന്നു. Allah is the Greatest അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു. ഏകദൈവത്തെ വിശ്വസിച്ചിരുന്നില്ല. അതോടൊപ്പം അല്ലാഹുവിന്റെ നബിയായ ഈസ എങ്ങനെ ദൈവമായി എന്നതിൽ തൃപ്തനുമായിരുന്നില്ല. അദ്ദേഹം പറയുന്നു. ഈ ലിഖിതം കണ്ടപ്പോൾ തന്നെ അദ്ദേഹത്തിന്റെ ശരീരം വിറകൊള്ളാൻ തുടങ്ങി. വെപ്രാളപ്പെട്ടുകൊണ്ട് കണ്ണുകൾ തുറന്നു. 2008 ൽ ഇതു പോലുള്ള മറ്റൊരു സ്വപ്നവും കാണുകയുണ്ടായി. ആകാശത്ത് പ്രകാശത്തിന്റെ ഒരു ഗോളം പ്രത്യക്ഷമാകുകയും കണ്ടുകൊണ്ടിരിക്കെ അത് പൊട്ടിത്തെറിക്കുകയും ചെയ്തു. അതിന്റെ അകത്തുനിന്ന് വന്ന വാക്കുകൾ Allah is the Greatest എന്നതായിരുന്നു. പാകിസ്താനിൽ നിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന ഖിലാഫത്ത് സോവനിയർ 2008 ജൂലൈ മാസം വാങ്ങുകയും അത് വായിക്കുകയും ചെയ്തു. അങ്ങനെ പതുക്കെ പതുക്കെ അഹ്മദിയ്യത്തിലേക്ക് ആകൃഷ്ടനാകാൻ തുടങ്ങി. ഈ സോവനിയർ വായിച്ചതുകൊണ്ട് പല സംശയങ്ങൾക്കും മറുപടി അവർക്ക് ലഭിക്കുകയും ചെയ്തു. 2009 ൽ വീണ്ടും ഒരു സ്വപ്നം കണ്ടു. വുളു ചെയ്ത് നമസ്കരിക്കാനായി അഹ്മദിയ്യാ മസ്ജിദിലേക്ക് പോകു കയാണ്. അവിടെ എത്തിയപ്പോഴേക്കും ജമാഅത്തോടു കൂടിയുള്ള നമസ്കാരം കഴിഞ്ഞിരിക്കുന്നു. ജമാഅത്ത് നമസ്കാരം നഷ്ടപ്പെട്ടതിൽ വളരെയധികം ദുഃഖമുണ്ടായി. തുടർന്ന് അദ്ദേഹം ഉണരുകയുണ്ടായി. സെപ്തംബർ 2010 ന് മുബല്ലിഗ് സിൽസില വീട്ടിലേക്ക് ക്ഷണിച്ചു. ബൈഅത്ത് എന്തുകൊണ്ടാ

ണ് ചെയ്യാത്തത് എന്ന് ചോദിച്ചു. അപ്പോൾ പറഞ്ഞു; അൽപം ചില സംശയങ്ങൾ കൂടിയുണ്ട്. അതിനുള്ള മറുപടി കൂടി കിട്ടിക്കഴിഞ്ഞാൽ ബൈഅത്ത് ചെയ്യുന്നതാണ്. ഈ വർഷം 2011ൽ തന്റെ സംശയങ്ങളെല്ലാം ദുരീകരിച്ചുകൊണ്ട് ജർമനിയിൽ വെച്ച് ബൈഅത്ത് ചെയ്യുകയുണ്ടായി. അൽഹംദുലില്ലാഹ്. വളരെ താൽപര്യത്തോടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പുസ്തകങ്ങൾ വായിക്കുകയും ചെയ്യുന്നുണ്ട്.

അല്ലാഹു തആല തന്റെ ഖുദ്റത്തിന്റെ കാഴ്ചകൾ പ്രകടമാക്കിക്കൊണ്ടിരിക്കുമ്പോൾ, ലോകത്ത് എല്ലായിടത്തുമുള്ള സദ്പ്രകൃതക്കാർക്ക് അവൻ സ്വയം വഴി കാട്ടിക്കൊടുക്കുമ്പോൾ, അവരെ ജമാഅത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുമ്പോൾ, അവർ മുഹമ്മദീ മസീഹിനെ മനസ്സിലാക്കിക്കൊണ്ട് അദ്ദേഹവുമായി ശക്തമായ ഒരു ബന്ധം സ്ഥാപിക്കുകയും ചെയ്യുമ്പോൾ, നമുക്ക് അഹ്മദിയ്യത്തിന്റെ എതിരാളികളുടെ തടസ്സങ്ങളും എതിർപ്പുകളും കണ്ട് വിഷമിക്കേണ്ട കാര്യമില്ല. ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും വൈരികൾ നമ്മുടെ പ്രിയ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ)ക്കെതിരിൽ സഭ്യേതരങ്ങളായ വാക്കുകൾ ഉപയോഗിക്കുമ്പോൾ ആ മഹാത്മാവിന്റെ പ്രേമിക്കെതിരിൽ ചീത്ത പറയുമ്പോൾ തീർച്ചയായും നമ്മുടെ ഹൃദയം കീറി മുറിക്കപ്പെടുകയാണ് ചെയ്യുന്നത്. അതിനുള്ള ഒരേയൊരു പരിഹാരം ദുആക്കായി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക എന്നതാണ്. അല്ലാഹുവിനോട് സഹായം തേടുക. തന്റെ പ്രവർത്തനം മുഖേനയും അറിവ് മുഖേനയും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സുന്ദരമായ അദ്ധ്യാപനങ്ങളെ ലോക സമക്ഷം സമർപ്പിക്കുക. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകു മാറാകട്ടെ.

# സംസ്ഥാന സമ്മേളനം

## ഒരുക്കങ്ങൾ പൂർത്തിയായി.

2011 നവംബർ 12,13 തീയ്യതികളിൽ കോഴിക്കോട്ട് വെച്ച് നടക്കുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാനസമ്മേളനത്തിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി സമ്മേളനക്കമ്മിറ്റി സദർ കെ.എം .അഹ്മദ് കോയാ സാഹിബും ജൽസാ ഓഫീസർ എം.കെ ഇമ്പിച്ചി കോയട്ടി സാഹിബും അറിയിച്ചു. കേരളത്തിലുടനീളം വിജയകരമായ പ്രചാരണ പ്രവർത്തനങ്ങളാണ് നടന്നതെന്ന് അവർ അറിയിച്ചു. സമ്മേളനം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരത് നാസിർ അഅ്‌ലാ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി ഉദ്ഘാടനം ചെയ്യും. കോഴിക്കോട് അമീർ കെ.എം.അഹ്മദ് കോയാ സാഹിബ് അദ്ധ്യക്ഷനായിരിക്കും. ജമാഅത്തിന്റെ കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറി ഷിറാസ് അഹ്മദ് സാഹിബും പങ്കെടുക്കുന്നതാണ്. ശനിയാഴ്ച്ച ഉച്ചക്ക് ശേഷം നടക്കുന്ന പീസ് കോൺഫറൻസ് ബഹു: കേന്ദ്ര ഊർജ വകുപ്പ് സഹമന്ത്രി ശ്രീ.കെ.സി. വേണു ഗോപാൽ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് എം.പി. ശ്രീ. എം. കെ രാഘവൻ, കോഴിക്കോട് എം.എൽ.എ. പ്രദീപ് കുമാർ, കേരളാഫോക്ക്‌ലോർ അക്കാഡമി ചെയർമാൻ പ്രൊഫ: മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവർ പങ്കെടുക്കും ഉദ്ഘാടനസമ്മേളനം, തർബിയ്യത്ത് സമ്മേളനം പീസ് കോൺഫറൻസ് പൊതുസമ്മേളനം എന്നീ നാലു മുഖ്യ സെഷനുകളിലായിട്ടായിരിക്കും സമ്മേളനം നടക്കുക. വിവിധ വിഷയങ്ങളെ അധികരിച്ച് അഹ്മദി പണ്ഡിതന്മാർ സമ്മേളനത്തിൽ പ്രഭാഷണം നടത്തുന്നതാണ്. സമ്മേളനത്തിൽ വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച അഹ്മദികളെ ആദരിക്കുന്നതായിരിക്കും. ഞായറാഴ്ച വൈകുന്നേരം കോഴിക്കോട് ബീച്ചിൽ വെച്ച് നടക്കുന്ന പൊതു യോഗത്തിൽ മൗലവി നാസിർ അഹ്മദ് സാഹിബ് മൗലവി മുഹമ്മദ് സലീം സാഹിബ് എന്നിവർ പ്രസംഗിക്കും.

ലേഖനം

# ഹൃദയവും മനസ്സും

**ഹദ്റത്ത് അഹ്മദ് (അ)**

ആത്മീയ ജ്ഞാനികൾക്ക് മാത്രം തിരിച്ചറിയാവുന്ന ഹൃദയ - മനസ്സുകളുടെ വ്യത്യസ്തതകളെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ)

മനുഷ്യ ശരീരത്തിൽ അല്ലാഹു മൂന്ന് നിയന്ത്രണഘടകങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മനസ്സ്, ഹൃദയം, നാവ് എന്നിവയാണവ. മനസ്സ് കാര്യകാരണ വിവേചനവും വിവേകവും പ്രയോഗിക്കുന്നു. മനസ്സ് സദാസമയവും പുതിയ ആശയ രൂപീകരണങ്ങളിലും വിശദീകരണങ്ങളിലും വ്യാപൃതമായിരിക്കും. വിവിധ ആസൂത്രിത പദ്ധതികളുടെയും രചനകളുടെയും ഫലസിദ്ധിയെക്കുറിച്ചും പര്യവസാനഫലത്തെക്കുറിച്ചും വിലയിരുത്തുന്ന ജോലി മനസ്സിനാണ് നൽകപ്പെട്ടിരിക്കുന്നത്. മറിച്ച് ഹൃദയമാവട്ടെ ആ മുഴു വ്യക്തിയുടെയും യജമാനനാവുന്നു. ഹൃദയത്തിന് വാദങ്ങളുടെയും തെളിവുകളുടെയും ആവശ്യമില്ല. കാരണം അത് രാജാധിരാജനും സർവ ശക്തനുമായ അല്ലാഹുവുമായാണ് ബന്ധം പുലർത്തുന്നത്. ആ കാരണത്താൽ ഹൃദയം പലപ്പോഴും സുവ്യക്തവും പ്രകടവുമായ വെളിപാടുകളാലും, മറ്റ് ചിലപ്പോൾ രഹസ്യവും ഗോപ്യവുമായ വെളിപാടുകളാലും ബോധവൽക്കരണ വിധേയമാവാറുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനസ്സ് ഒരു വസീർ-മന്ത്രിയാണ്. മന്ത്രിമാർ രാജ്യതന്ത്രജ്ഞന്മാരാണ്. ഈ നിലക്ക് മനസ്സ് പലവിധ ആശയങ്ങളും പദ്ധതികളും പോംവഴികളും ആസൂത്രണം ചെയ്യുന്നതിലും അവയുടെ അനന്തരഫലങ്ങൾ വിലയിരുത്തുന്നതിലും വ്യാപൃതമായിരിക്കും. ഹൃദയത്തിന് ഇത്തരം കാര്യങ്ങളുമായിയാതൊരു ബന്ധവുമില്ലതന്നെ.

ഹൃദയത്തിൽ അല്ലാഹു അന്ത: പ്രേരിതമായ ഒരു സഹജജ്ഞാന ശക്തി നിക്ഷേപിച്ചിരിക്കുന്നു. ഉറുമ്പ് മധുരമുള്ളിടത്ത് എത്തുന്നത് ഈ സഹജ ജ്ഞാനം കാരണത്താലാണ്. അവിടെ മധുര വസ്തുക്കളുണ്ടെന്നതിന് ഉറുമ്പിന് യാതൊരു ബുദ്ധിപരമായ തെളിവും ആവശ്യമില്ല തന്നെ. അതിനെ അവിടേക്ക് നയിക്കുന്നത് അല്ലാഹുനൽകിയ ഈ നൈസർഗിക ബോധം മാത്രമാണ്. ഈ അർഥത്തിൽ ഹൃദയവും ഉറുമ്പിനെപ്പോലെയാണ്. ഹൃദയത്തിനും അതിനെ നയിക്കുന്ന ഒരു അന്ത: പ്രേരിത ബോധമുണ്ട്. തെളിവുകളും വാദങ്ങളും നിഗമനങ്ങളും ഭവിഷ്യത്തുകളുമല്ല ഹൃദയത്തെ നയിക്കുന്നത്. മനസ്സിന്, ഹൃദയത്തിനാവശ്യമുള്ള തെളിവുകൾ നൽകുവാൻ കഴിയുമെന്നതും, മനസ്സ് അത്തരം തെളിവുകൾ ഹൃദയത്തിന് നൽകുന്നുവെന്നതും മറ്റൊരു കാര്യമാണ്.

ഹൃദയം എന്നതിന് പ്രകടമായ ഒരു ഭൗതിക അർഥമുണ്ട്. ഹൃദയം എന്നതിന്റെ മറ്റൊരു അർഥം തികച്ചും ആത്മീയവുമാണ്. ഖൽബ് (ഹൃദയം)എന്ന അറബി പദത്തിന്റെ ഭാഷാർഥം കറങ്ങി തിരിഞ്ഞ് മടങ്ങിയെത്തുന്നത് എന്നാണ്. ശരീരത്തിൽ രക്തചംക്രമണം നടത്തുന്നതിന്റെ ജോലി ഹൃദയത്തിനായതുകൊണ്ടാണ് അതിനെ ഖൽബ് എന്ന് വിളിക്കുന്നത്. മനുഷ്യൻ ആർജിക്കുന്ന സകല പുരോഗതികളുടെയും ഉൽക്കർഷങ്ങളുടെയും നിദാനം ഹൃദയമാണ്. ആത്മീയാർഥത്തിൽ ഖൽബ് എന്നതിന്റെ വിവക്ഷയും ഇതാണ്. ജീവസംരക്ഷണത്തിന് രക്തചംക്രമണം വളരെ പ്രധാനപ്പെട്ടതാണ് എന്നത് പോലെ തന്നെ ആത്മീയോൽകർഷവും ആത്മീയ ഹൃദയത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. മനസ്സ് കേവലം കാര്യകാരണ വിവേചനത്തിന്റെയും ന്യായാന്യായ വാദങ്ങളുടെയും തിരിച്ചറിയൽ കേന്ദ്രം മാത്രമാണ്. ഈ വസ്തുത അറിഞ്ഞ്കൂടാത്ത അക്ഷര വൈരികളും ചില ആധുനിക ചിന്തകന്മാരും സകല സൽപ്രവർത്തനങ്ങളുടെയും കേന്ദ്രം മനസ്സാണ് എന്നു വിലയിരുത്തുന്നു. ചിന്താശക്തിയുടെയും ഓർമശക്തിയുടെയും പ്രഭവസ്ഥാനം മനസ്സാണ്. എന്നാൽ ഹൃദയത്തിന് സർവാധിപത്യം നൽകുന്ന ചില സവിശേഷതകളുമുണ്ട്. കൗശലങ്ങൾ കണ്ടെത്തുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഒരു പ്രകൃതമാണ് മനസ്സിനുള്ളത്. എന്നാൽ ഹൃദയത്തിന്റെ കാര്യത്തിൽ ഈ പ്രകൃതം കാണുന്നില്ല. അത് കൊണ്ട് തന്നെയാണ് ഹൃദയം 'റഈസുൽ അർശ്' മായി അതായത് സ്വർഗീയ സിംഹാസനത്തിന്റെ അധിപനുമായി ബന്ധം പുലർത്തുന്നത്. തെളിവുകളുടെയും വാദങ്ങളുടെയും സഹായമില്ലാതെ തന്നെ തികച്ചും സഹജാവമായ; അന്തഃപ്രേരിതമായ നിലയിൽ ആത്മീയ സത്യങ്ങളെ തിരിച്ചറിയുവാൻ ഹൃദയത്തിന് കഴിയുന്നു. അതുകൊണ്ടാണ് തിരുനബി(സ) "ഇസ്ത ഫിൽ ഖൽബ" നിന്റെ ഹൃദയത്തോട് ചോദിക്കുക എന്നരുളിയിരിക്കുന്നത്. നിന്റെ മനസ്സിനോട് ചോദിക്കുക എന്നല്ല തിരുനബി (സ) അരുളിയിരിക്കുന്നത്.

ദൈവികപാശം ഹൃദയവുമായാണ് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതൊരു അതിശയോക്തിയായി ആരും കരുതരുത്. ഇത് തീർച്ചയായും വിഷമകരവും ദുർഗ്രാഹ്യവുമായ ഒന്നാണ്. എന്നാൽ ഹൃദയത്തിന് അത്തരം ദിവ്യഗുണങ്ങൾ ഉണ്ടെന്ന വസ്തുത ഹൃദയ നൈർമല്യമുള്ളവർക്ക് അറിയാവുന്നതുമാണ്. ഹൃദയത്തിന് അത്തരം സവിശേഷതകളില്ലായിരുന്നുവെങ്കിൽ മനുഷ്യാസ്തിത്വം തന്നെ നിഷ്പ്രയോജനകരമാണെന്ന് ഗണിക്കേണ്ടിവരുമായിരുന്നു. ഹൃദയം പ്രകാശ സ്തംഭങ്ങളുടെ രൂപത്തിൽ ആകാശത്തേക്ക് പ്രഭചൊരിയുന്നതായി സൂഫികൾക്കും ആത്മീയാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നവർക്കും നന്നായി അറിയാവുന്നതാണ്. ഈ അനുഭവം അസന്ദിഗ്ധവും നന്നായി സാക്ഷീകരിക്കപ്പെട്ടതുമാണ്. പ്രത്യേക ഉദാഹരണങ്ങൾ എടുത്തുദ്ധരിക്കാൻ എളുപ്പമല്ല. എന്നാൽ അത്തരം അനുഷ്ഠാനങ്ങളിൽ മുഴുകിയവരുടെയും സായൂജ്യത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ അതായത് ധ്യാന വൈവശ്യത്തിലൂടെ (മിസ്റ്റിക്ക് വീഥികളിലൂടെ) സഞ്ചരിക്കുന്നവരുടെയും

അനുഭവത്തിന്റെയടിസ്ഥാനത്തിൽ ഇത് തികച്ചും യാഥാർത്ഥ്യമാണ്. അർശിനെയും ഹൃദയത്തെയും അതായത് ദൈവികസിംഹാസനത്തെയും ആത്മീയ ഹൃദയത്തെയും ബന്ധിപ്പിക്കുന്ന ലോലമായ ഒരു പാശമുണ്ട്. ഈ അവസ്ഥയിൽ നാഥനായ അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന കല്പ്പനകളിൽ ഹൃദയം പുളകം കൊള്ളുന്നു. അതൊരിക്കലും ബാഹ്യമായ തെളിവുകളിലും ദൃഷ്ടാന്തങ്ങളിലും അധിഷ്ഠിതമായതല്ലതന്നെ. ഹൃദയം മുൽഹിം-അതായത് ദിവ്യവെളിപാടുകളുടെ സ്വീകരണഗ്രാഹിയായിത്തീരുകയും ആന്തരികമായി അല്ലാഹുവുമായി സംവദിക്കുകയും ദൃഢബോധ്യം വരികയും ചെയ്യുന്നു. എന്നാൽ ഹൃദയം വെറുമൊരു അവയവം മാത്രമായി നിലകൊള്ളുന്നിടത്തോളം കാലം, താഴെപറയുന്ന ഖുർആൻ വാക്യത്തിലുദ്ധരിക്കുന്ന അവസ്ഥക്കുള്ള ഒരു തെളിവായിത്തീരുക മാത്രമെ ചെയ്യുന്നുള്ളു.

“ഞങ്ങൾ കേൾക്കുകയോ ചിന്തിച്ച് മനസ്സിലാക്കുകയോ ചെയ്തിരുന്നുവെങ്കിൽ” (വി.ഖു:67:11) അതായത് മാനസികവും ഹൃദയപരവുമായ കഴിവുകൾ ഇല്ലാത്ത ഒരവസ്ഥ സംജാതമായിത്തീരുന്ന ഒരു സമയം വന്നെത്തുന്നു. പിന്നീട് മനസ്സ് അതിന്റെ ശക്തിയും കഴിവുകളും പരിപുഷ്ടമാക്കുന്ന സമയം വന്നെത്തുമ്പോൾ ഹൃദയം പ്രകാശം കൊണ്ട് നിറഞ്ഞ് പ്രഭാപൂരിതമാകുന്ന സന്ദർഭം കൈവരികയും ചെയ്യുന്നു. ഹൃദയത്തിന് പ്രാമുഖ്യം കൈവരുമ്പോൾ മനുഷ്യന് ആദ്ധ്യാത്മിക പക്വത കൈവരികയും ഹൃദയം മനസ്സിന്മേൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ മനസ്സിന് ഹൃദയത്തിന്മേൽ നിയന്ത്രണമുണ്ടായിരിക്കുകയില്ല. മനസ്സിന്റെ വിവിധങ്ങളായ ഘട്ടങ്ങളും അവസ്ഥയും വിശ്വാസികളുടെ മാത്രം സവിശേഷതയല്ലെന്ന് ഓർക്കേണ്ടതുണ്ട്. ഹിന്ദുക്കളടക്കം എല്ലാവരും മനസ്സിനെ നന്നായി ഉപയോഗപ്പെടുത്തുന്നവരാണ്. ഭൗതിക കാര്യങ്ങളിലും വ്യാപാര ബിസിനസ്സുകളിലും വ്യാപൃതരായവർ മനസ്സിനെ പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. അത് കാരണം അവരുടെ മാനസിക കഴിവുകൾക്ക് പരിപൂർണമായി വളർച്ചയും വികാസവും പ്രാപിക്കുന്നു. അവരുടെ വ്യാപാര പുരോഗതിക്കായി ദിനം തോറും പുതിയ പദ്ധതികളും നിർമിതികളും നടത്തുന്നു. യൂറോപ്പിലും മറ്റ് പുതിയ നാടുകളിലും ജനങ്ങൾ അവരുടെ മാനസിക കഴിവുകൾ എത്ര നല്ല രീതിയിലും ആവൃത്തിയിലുമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്നും എത്രയെത്ര നൂതന നിർമിതികളാണ് നടത്തിയിരിക്കുന്നതെന്നും നിങ്ങൾക്ക് കാണാവുന്നതാണ്.

എന്നാൽ ഹൃദയം അതിന്റെ പ്രവർത്തനം നടത്തുമ്പോൾ ആ വ്യക്തി പൂർണമായും അല്ലാഹുവിന്റേതായിത്തീരുന്നു. ആ സമയത്ത് സകല നിയന്ത്രണ ഘടകങ്ങളും ഹൃദയത്തിന്റെ നിയന്ത്രണത്തിലും ആധിപത്യത്തിലുമായിത്തീരുന്നു. അപ്പോൾ ഹൃദയം പൂർണമായും കഴിവുറ്റതും നിയന്ത്രണ സ്വഭാവമുള്ളതുമായിത്തീരുന്നു. മനുഷ്യൻ പരിപൂർണത പ്രാപിക്കുന്ന ഘട്ടമാണിത്. അപ്പോഴാണ് മനുഷ്യൻ ഖുർആൻ പ്രസ്താവിക്കുന്നത്പോലുള്ള ജീവിക്കുന്ന ദൃഷ്ടാന്തമായിത്തീരുന്നത്. അല്ലാഹുപറയുന്നു: “എന്റെ ചൈതന്യത്തിൽ നിന്നൊരംശം ഞാൻ അവനിൽ ഊതുകയും ചെയ്തു” (15:30)

മലക്കുകൾപോലും മനുഷ്യന് മുമ്പിൽ കുമ്പിടുന്ന നിമിഷങ്ങളാണിത്. അപ്പോൾ അയാൾ ഒരു പുതുമനുഷ്യനായിത്തീരുന്നു. അവന്റെ ആത്മാവ് സന്തോഷവും സംതൃപ്തിയും കൊണ്ട് നിറഞ്ഞ് തുളുമ്പുന്നു. ഈ ആനന്ദത്തിനും സന്തോഷത്തിനും ഒരു വ്യഭിചാരിയുടെ ഇന്ദ്രിയസുഖത്തോടും കർണാനന്ദകരമായ സംഗീതാസ്വാദന സുഖത്തോടും ഒരിക്കലും സാദൃശ്യമില്ല എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. അത്തരം സുഖങ്ങളുമായി ഉപമിച്ച് കബളിപ്പിക്കപ്പെടുകയുമരുത്. അല്ലാഹുവെക്കുറിച്ചുള്ള ചിന്തയിലും സ്മരണയിലും ഒരുവന്റെ അസ്തിത്വം തന്നെ ഉരുകി ജലംപോലെ പ്രവഹിക്കുമ്പോഴാണ് ആത്മ നിർവൃതിയും ആനന്ദവും ലഭ്യമാവുന്നത്. ആ അവസ്ഥയിലാണയാൾ കലിമയായി അതായത് വചനമായിത്തീരുന്നത്. അപ്പോൾ ഖുർആൻ സൂക്തങ്ങളുടെ സത്ത അഥവാ അന്തസ്സാരം അയാളിൽ പ്രവർത്തിക്കുവാൻ തുടങ്ങുന്നു.

“തീർച്ചയായും അവൻ ഒരു വസ്തുവിനെ ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാവുക എന്ന് പറയുക മാത്രമാണ് അവന്റെ കൽപ്പന. അങ്ങനെ അത് ഉണ്ടായിത്തീരുന്നു”

‘‘കലിമത്തുല്ല’’-അല്ലാഹുവിന്റെ വചനം എന്ന് ഈസാ(അ)നെക്കുറിച്ച് പ്രയോഗിക്കപ്പെട്ടതിൽ പലർക്കും തെറ്റിദ്ധാരണകൾ ഉണ്ടായിട്ടുണ്ട്. യേശുവിന്റേതായ ചില പ്രത്യേകതകളും സവിശേഷതകളും കാരണമായാണ് അങ്ങനെ വിളിക്കപ്പെട്ടതെന്നാണ് അവർ കരുതുന്നത്. എന്നാൽ അങ്ങനെയല്ല. ഒരാൾ അയാളെ വലയം ചെയ്തിരിക്കുന്ന സകലവിധ മാലിന്യങ്ങളിൽ നിന്നും വൈകല്യങ്ങളിൽ നിന്നും അയാളുടെ ആത്മാവിന്റെ അന്ധകാരത്തിൽ നിന്നും തികച്ചും നിർമലീകരിക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കപ്പെടുന്ന സന്ദർഭത്തിൽ ഈ സംജ്ഞ (അതായത് കലിമത്തുല്ല എന്ന സ്ഥാനം) ബാധകമാകാവുന്നതാണ്. അത്രയും ശ്രേഷ്ഠമായ രീതിയിൽ ഹൃദയ നൈർമല്യം കൈവരുമ്പോൾ ഒരാൾ “കലിമത്തുല്ല” അഥവാ ദൈവവചനമായിത്തീരുന്നു.

ദൈവകൽപ്പനക്ക് അധീനമായി, “അംറിറബ്ബീ” എന്ന ദൈവകൽപ്പനയാൽ ഉണ്ടായിത്തീരുന്നു എന്ന് വിശുദ്ധ ഖുർആൻ പരാമർശിച്ച ഒരു ആത്മാവ് മനുഷ്യനിൽ ഉള്ളത് കൊണ്ടാണ് മനുഷ്യൻ അല്ലാഹുവിന്റെ വചനമായിത്തീരുന്നത് എന്ന് നിങ്ങൾ ഓർക്കേണ്ടതുണ്ട്. എന്നിട്ടും മൂഢതയും അജ്ഞതയും കാരണമായി ജനങ്ങൾ ആത്മാവിന്റെ പ്രാധാന്യത്തെക്കുറിച്ച് വിലയിരുത്താറില്ല. അവർ അവരുടെ ആത്മാവിനെ തടവറയിലിട്ട് കൊണ്ട്, ലൗകികാനുഭവത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ട വിവിധ ചങ്ങലകൾ കൊണ്ട് ഹൃദയത്തെ ബന്ധിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ വിശുദ്ധിയെയും പ്രകാശത്തെയും അപകടമാംവിധം അന്ധകാരാവൃതമാക്കുകയും, തിരിച്ചറിയാൻ സാധ്യമല്ലാത്ത രീതിയിൽ അതിനെ അതാര്യമാക്കുകയും ചെയ്തതിന്റെ പരിണിതഫലമാണിത്. എങ്കിലും ആ വ്യക്തി പശ്ചാത്തപിച്ച്കൊണ്ട്, അശുദ്ധിയുടെ കറുത്ത വസ്ത്രം അഴിച്ച് മാറ്റിക്കൊണ്ട് ദൈവസവിധത്തിലേക്ക് തിരിച്ച് വരുന്നുവെങ്കിൽ ഹൃദയം പ്രകാശ ദീപ്തമാവുകയും ധാർമികതയുടെ ഉന്നത ശ്രേണിയിൽ എത്തിച്ചേരുന്നത്വരെ അയാൾ യഥാർത്ഥദൈവസ്രോതസ്സിലേക്ക് ചലിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. ഈ അവസ്ഥയിൽ സകലവിധ അശുദ്ധികളും ദൂരീകരിക്കപ്പെട്ട് അയാൾ കേവലം കലിമത്തുല്ല മാത്രമായിത്തീരുന്നു. എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയാത്ത ആത്മീയതയുടെ അവഗാഹമായ അവബോധത്തിന്റെ ഉൽകൃഷ്ടവും ദുർഗ്രഹവുമായ ഒരു ബിന്ദുവാണിത്.

(മൽഫൂസാത്ത് Vol-1 P.404-408)

# മതത്തിന്റെ ആവശ്യകതയും പ്രാധാന്യവും

മൗലനാം ഗുലാം റസൂൽ രാജകി (റ)

മതത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും സംബന്ധിച്ച രണ്ട് ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളുമാണ് ലേഖകൻ വിശദീകരിക്കുന്നത്. വാഗ്ദത്ത മസീഹി(അ)ന്റെ പ്രഗല്ഭ സഹാബിയായിരുന്നു ലേഖകൻ

മനുഷ്യനെ തന്റെ പരമലക്ഷ്യത്തിലേക്കെത്തിക്കുന്ന പാതയാണ് മതം. മനുഷ്യന്റെ ലക്ഷ്യം എന്തുതന്നെയായാലും ആ ലക്ഷ്യത്തിലെത്തുവാൻ ഒരു വഴിയുണ്ടായിരിക്കണം എന്ന് യുക്തി നമ്മോടാവശ്യപ്പെടുന്നു. തന്റെ ജീവിതപരിപാലനത്തിനും സംരക്ഷണത്തിനും മനുഷ്യൻ നിരവധി കാര്യങ്ങളെ ആശ്രയിക്കുന്നു. ശരീരവും അതിന്റെ ഘടകങ്ങളും ആത്മാവും അതിന്റെ എല്ലാ ശക്തികളും സൂക്ഷ്മ സംവേദനശക്തികളും മനുഷ്യസൃഷ്ടിയല്ല. അപ്രകാരം ജീവിതത്തിനത്യാവശ്യമായ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള കാര്യങ്ങളും അവൻ സൃഷ്ടിച്ചതോ വിലകൊടുത്തുവാങ്ങിയതോ അല്ല. അവൻ ജനിക്കുന്നതിന് എത്രയോ മുമ്പ് തന്നെ അവ നിലനില്ക്കുന്നുണ്ട്. മനുഷ്യന്റെ കഴിവുകൾക്കും പ്രപഞ്ചവ്യവസ്ഥയ്ക്കുമിടയിൽ ശക്തവും അഗാധവുമായ പരസ്പര ബന്ധമുണ്ടെന്ന് ശ്രദ്ധാപൂർവം നിരീക്ഷിക്കുന്നതായാൽ വെളിപ്പെടുന്നതാണ്. ഉദാഹരണമായി കണ്ണിനു സൂര്യനുമായും ചെവിക്ക് അന്തരീക്ഷ വായുവുമായും ബന്ധമുണ്ട്. വെളിച്ചമില്ലാതെ കണ്ണിന് കാണാനോ വായു മുഖേനയല്ലാതെ ശബ്ദത്തിന് ചെവിയിലെത്താനോ സാധ്യമല്ല. മനുഷ്യശരീരത്തിന്റെ പ്രവർത്തനങ്ങൾ നിലനിർത്താൻ പ്രാണവായു അനിവാര്യമാണ്.

അങ്ങനെയുള്ള പരിപൂർണവും സമഗ്രവുമായ വ്യവസ്ഥയുടെ സൃഷ്ടിപ്പിന് പരിപൂർണജ്ഞാനവും കേവലശക്തിയുമുള്ള ഒരു അസ്തിത്വത്തിന്റെ അനിവാര്യത ആവശ്യമാണ്. അവന്റെ പ്രതാപം അദ്വിതീയവും അതുല്യവുമായിരിക്കണം.

മനുഷ്യൻ ജനിക്കുന്നത് അവന്റെ സ്വന്തം ഇച്ഛാശക്തി കൊണ്ടും ആജ്ഞ കൊണ്ടുമല്ല. അതിനാൽ തന്റെ ജീവിതത്തിന്റെ ഉദ്ദേശ്യം നിർണയിക്കാനുള്ള അവകാശം അവനില്ല. ആ അവകാശം സ്രഷ്ടാവിനുള്ളതാണ്. സ്രഷ്ടാവ് മനുഷ്യന് നൽകിയ എണ്ണമറ്റ വരദാനങ്ങളിലൊന്ന് പ്രപഞ്ചത്തിന്റെ ഓരോ കണങ്ങളെയും മനുഷ്യന്റെ സേവനത്തിനായി നിശ്ചയിച്ചിരിക്കുന്നു എന്നതാണ്. ഇത് കാണിക്കുന്നത് മനുഷ്യന്റെ സ്രഷ്ടാവ് യഥാർഥത്തിൽ അവന്റെ ക്ഷേമകാംക്ഷിയാണെന്നാണ്. തന്റെ ക്ഷേമകാംക്ഷിയുടെ നേരെ ഒരാളുടെ ഹൃദയം ചായണം എന്നത് സ്വാഭാവികം മാത്രമാണ്. അവനെ തന്റെ ക്ഷേമകാംക്ഷിയായി ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതാണ് പ്രകൃതി മതം.

അറിവും യുക്തിയും നേടാനുള്ള മഹത്തായ കഴിവ് മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്നു. തന്റെ ശാരീരിക വളർച്ചക്കും പരിപാലനത്തിനും മനുഷ്യൻ തന്റെ മാതാപിതാക്കളെയും മറ്റു ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഭൗതികമായ വിജ്ഞാനം കരസ്ഥമാക്കാൻ അത് വൈദ്യശാസ്ത്രമോ തത്ത്വജ്ഞാനമോ സസ്യശാസ്ത്രമോ, ചരിത്രമോ ആവട്ടെ – അവന് മാർഗദർശനവും അധ്യാപനവും ആവശ്യമാണ്. അദ്ധ്യാപകന്റെ സഹായമില്ലാതെ ഒരാൾക്ക് സ്വയം വിദ്യ നേടാമെന്ന് നിരൂപിക്കാമെങ്കിലും അത് വളരെ പ്രയാസകരമാണ്. എങ്കിൽ തന്നെ ഭാഷ പഠിപ്പിക്കാൻ അവന് ഒരാളുടെ ആവശ്യമുണ്ട്. ചുരുങ്ങിയപക്ഷം ഭാഷയുടെ മൗലിക തത്ത്വം പഠിപ്പിക്കാനെങ്കിലും ആരെങ്കിലും വേണം. എന്നിരിക്കെ, ദൈവികവും ആത്മീയവുമായ കാര്യങ്ങളാവുമ്പോൾ ഒരു ആത്മീയ മാർഗദർശനമില്ലാതെ അതു നടക്കുന്ന കാര്യം സാധ്യമാണോ?

മനസ്സ്, കണ്ണ് പോലെത്തന്നെ വളരെ ഉപകാരപ്രദമാണെന്നതിൽ സംശയമില്ല. പക്ഷേ, അന്ധകാരത്തിൽ കണ്ണിനൊന്നും കാണാൻ സാധ്യമല്ല. വെളിച്ചത്തിന്റെ ബാഹ്യമായ ഒരു സ്രോതസ്സില്ലാതെ ഒരു കണ്ണിനും കാഴ്ചശക്തിയുണ്ടാവില്ല. അന്ധകാരത്തിൽ അത് ഒരു അന്ധന്റെ കണ്ണുപോലെയാണ്. അപ്രകാരം തന്നെയാണ് മനസ്സിന്റെ കാര്യവും. മതപരവും ആത്മീയവുമായ ജ്ഞാനം കൂടാതെ യഥാർഥ ജ്ഞാനത്തിലെത്തിച്ചേരാൻ സാധിക്കില്ല. അത് ദൈവിക വെളിപാടുമുഖേന എത്തുകയും വിവിധ നിലയിലുള്ള പ്രകാശം ഉൾക്കൊള്ളുകയും ചെയ്യുന്നു. മനസ്സിനെ കണ്ണിനോടുപമിക്കുകയാണെങ്കിൽ ദൈവിക പ്രകാശത്തെയും മതത്തെയും ഒരു ദൂരദർശിനിയുടെ ദർപ്പണത്തോട് താരതമ്യപ്പെടുത്താവുന്നതാണ്. സൂക്ഷ്മദർശിനിയും ദൂരദർശിനിയും ഉപയോഗിച്ച് മനുഷ്യൻ സൂക്ഷ്മകണങ്ങളെയും വിദൂരവസ്തുക്കളെയും പരിശോധിക്കുന്നു. ഈ വസ്തുക്കളെ അവന് തന്റെ നഗ്നദൃഷ്ടിയാൽ കാണാൻ സാധ്യമല്ല. അതുപോലെത്തന്നെയാണ് പ്രവാചകത്വപ്രകാശത്തിന്റെ കാര്യവും. ദൈവദർശനത്തിന്റെ പ്രകാശം മുഖേന പ്രവാചകന്മാരും ദൂതന്മാരും നേടുന്ന ഉൾക്കാഴ്ച മറ്റുള്ള പണ്ഡിതന്മാർക്ക് നേടാൻ സാധ്യമല്ല. സത്യത്തെ അനാവരണം ചെയ്തുകൊണ്ട് കേവലമായ ദൃഢജ്ഞാനത്തിന്റെ പദവിയിലെത്താൻ അവർക്ക് സാധ്യമല്ല. ഇത് പ്രവാചകത്വമാവുന്ന വെളിച്ചം മുഖേന മാത്രമേ നേടാൻ സാധിക്കൂ. വിവിധ രാഷ്ട്രങ്ങളിലും വ്യത്യസ്ത രാജ്യങ്ങളിലും വ്യത്യസ്ത കാലഘട്ടങ്ങളിൽ ദൈവികപ്രവാചകന്മാരും ദൂതന്മാരും അയക്കപ്പെട്ടിട്ടുണ്ട്. ഇന്നും അയക്കപ്പെടുന്നുമുണ്ട്. അവരിലോരോരുത്തരും യുക്തിപരമായ വാദങ്ങളുമായാണ് ആഗതരായത്. അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും

വ്യാജവിഗ്രഹങ്ങളെ ഉപേക്ഷിക്കണമെന്നുമാണ് എപ്പോഴും പ്രബോധിച്ചിരുന്നത്. അവരെല്ലാം തന്നെ ഏകദൈവാദ്ധ്യാപനവുമായാണ് ആഗതരായത്. അവരോരുത്തരും തങ്ങളുടെ ജനതക്ക് നല്കിയ സന്ദേശം അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ല എന്നായിരുന്നു. പക്ഷേ, എപ്പോഴെല്ലാം മനുഷ്യമനസ്സ് വക്രമായോ അപ്പോഴെല്ലാം ഏകദൈവവിശ്വാസം വികലമായി. ചില ജനങ്ങൾ രണ്ടു ദൈവങ്ങളെ ആരാധിച്ചു എഹ്റാമും യസ്ദാനും. മറ്റുള്ളവർ വ്യാജമായ ത്രിയേകത്വം സ്വീകരിച്ചു. അങ്ങനെ കളങ്കത്തിന്റെ അഗാധതയിലേക്കാനയിക്കപ്പെട്ടു. ചില ജനങ്ങൾ മൂലകങ്ങളെ ആരാധിച്ചു. ചിലർ ഗ്രഹങ്ങളെയും മറ്റു ചിലർ ഭൗതികവസ്തുക്കളേയും ആരാധിച്ചു. വിഗ്രഹാരാധകരായ രണ്ടു ജനങ്ങൾ ഒരേ ആദർശങ്ങൾ പങ്കുവെക്കുന്നില്ല. മനസ്സിനെ മാർഗദർശകനായി കൈക്കൊണ്ടതുകൊണ്ടാണ് വിഭജനങ്ങൾ ഉടലെടുത്തത്. ഏകദൈവത്വത്തിന്റെ പതാകക്കു കീഴിൽ ലോകരെ ഒരുമിച്ചുകൂട്ടുന്നത് പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങളാണ്.

മനുഷ്യ മനസ്സ് രൂപംകൊടുക്കുന്ന നിയമങ്ങൾ പരിപൂർണതയിൽ നിന്ന് വിദൂരമാണ്. പിന്നെ ലോകരാഷ്ട്രങ്ങൾക്ക് ഈ ന്യൂനതാപൂർണമായ നിയമ വ്യവസ്ഥകളിൽ ജീവിക്കേണ്ടി വരുന്നു. ഈ നിയമങ്ങൾ പതിവായി മാറ്റേണ്ടി വരുന്നു. എല്ലാ മനുഷ്യരുടേയും ആവശ്യങ്ങൾ നിറവേറ്റുന്ന സമാനമായ നിയമവ്യവസ്ഥയാണ് മനുഷ്യന് വേണ്ടത്. അത് സങ്കുചിത മനസ്ഥിതിയിൽ നിന്നും ഹ്രസ്വവീക്ഷണത്തിൽ നിന്നും വിമുക്തമായിരിക്കണം. തിന്മയിലേക്കും അധാർമികതയിലേക്കും ആപതിക്കുന്നതിൽ നിന്ന് മനുഷ്യരെ തടുത്തു നിർത്തുന്നതിൽ മനുഷ്യനിർമിത നിയമങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. എന്നാൽ ദുഷ്ക്കർമങ്ങളിൽ നിന്ന് മനുഷ്യനെ അകറ്റുന്നതിൽ ആത്മീയനിയമങ്ങൾ വിജയം പ്രാപിച്ചതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത് മതത്തിന്റെ ആവശ്യകത തെളിയിക്കുന്നു. മതത്തെ സംബന്ധിച്ച് പൊതുവിൽ ഉന്നയിക്കപ്പെടുന്ന ചില ചോദ്യങ്ങളും മറുപടിയും താഴെ കൊടുത്തിരിക്കുന്നു.

**ഒന്നാമത്തെ ചോദ്യം:** മതം മനസ്സിനെ മുഷിപ്പിക്കുന്നുണ്ടോ?

**മറുപടി:** മനസ്സ് കണ്ണ് പോലെയാണ്. വെളിച്ചം കാഴ്ചയെ സാധിനിക്കുന്നില്ലേ? ദൂരദർശിനിയും സൂക്ഷ്മദർശിനിയും കാഴ്ച നന്നാക്കുകയോ മോശമാക്കുകയോ? സൂക്ഷ്മദർശിനിയും ദൂരദർശിനിയും ബാഹ്യമായ പ്രകാശസ്രോതസ്സുകളും വസ്തുക്കളെ വ്യക്തമായി കാണാൻ നമ്മെ സഹായിക്കുന്നു. അതേ പ്രകാരം മതവും വെളിപാടും മനസ്സിന് പ്രയോജനകരമാണ്.



മൗലനാ ഗുലാം റസൂൽ രാജകി (റ)

ഇസ്ലാംമതപ്രവാചകൻ (സ) ചെയ്ത പ്രവചനങ്ങൾ ഇന്നും പുലർന്നു കൊണ്ടിരിക്കുന്നു. നബി(സ) മുൻകൂട്ടി പ്പറഞ്ഞ സംഭവങ്ങൾ വാക്കിലും അക്ഷരത്തിലും പൂർത്തിയാവുന്നു. മനുഷ്യ മനസ്സിന് അത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. ദൈവികവെളിപാട് മനസ്സിനെ കൂർമതയുള്ളതാക്കുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. മനുഷ്യന്റെ നിഗമനങ്ങളും ബുദ്ധിയും തെളിവിലും പരീക്ഷണത്തിലും പരിമിതമാണ്. സത്യമതത്തിന്റെ വെളിപാടിന്റെ വെളിച്ചം പ്രകൃതിനിയമങ്ങൾക്കപ്പുറം പോകുന്നു. വെളിപാടിന്റെ ഉറവിടം ജ്ഞാനവും സർവജ്ഞാനിയായ ദൈവത്തിന്റെ വചനവുമാണ്.

ഒരു പ്രവാചകന്റെ ആഗമനത്തിനു മുമ്പ് ജനങ്ങളുടെ അവസ്ഥ ക്ഷയോന്മുഖവും ക്രമക്കേടിലുമാവുന്നു. ഒരു പ്രവാചകൻ മുഖേന സമുദായത്തിൽ ഉണ്ടാവുന്ന ഏകത്വവും ഒരുമയും യഥാർഥ സഹതാപവും വേറൊരിടത്തും കണ്ടെത്താൻ സാധ്യമല്ല. മനുഷ്യന്റെ പദ്ധതികൾ കൊണ്ട് ഐക്യമുണ്ടാക്കാൻ സാധ്യമല്ല. അത് മതപരമായ അധ്യാപനങ്ങളും ആത്മീയ മാർഗദർശനവും മുഖേന മാത്രമേ ഉൽപാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ പ്രവാചകന്മാരും അധികാരശക്തിയുടെ കടുത്ത എതിർപ്പ് നേരിട്ടിരുന്നിട്ടും ഈ ലോകത്ത് ഒരു ആത്മീയ സമൂഹം സൃഷ്ടിക്കുന്നതിൽ അവർ വിജയശ്രീലാളിതരായിരുന്നു. താരതമ്യേന ദുർബലനായ പ്രവാചകൻ എപ്പോഴും തന്റെ എതിരാളികളെ മറികടക്കുന്നു. മനുഷ്യമനസ്സിനെയും അതു രൂപപ്പെടുത്തുന്ന പദ്ധതികളെ ആശ്രയിക്കുകയും ചെയ്യുന്നവർക്കെതിരിൽ പ്രവാചകൻ അന്തിമ വിജയം നേടുന്നു. വെളിപാടിന്റെ പ്രകാശം മനുഷ്യമനസ്സിനേക്കാൾ സമുന്നതമാണെന്ന് ഇത് തെളിയിക്കുന്നില്ലേ?

മൂസാനബി(അ)യും നബിതിരുമേനി (സ)യും ലോകത്ത് വന്നപ്പോൾ അവർ അശക്തരും നിസ്സഹായരും ഭൗതികവിഭവങ്ങളില്ലാത്തവരുമായിരുന്നു. തങ്ങൾ ദൈവദൂതരാണെന്ന് അവർ പ്രഖ്യാപിച്ചു. ഇനി, ഭൗതികമായ യുക്തിയും ബുദ്ധിയുമുപയോഗിച്ച് അവരുടെ ജീവിതത്തിലെ സംഭവങ്ങൾ പഠിക്കുകയാണെങ്കിൽ പ്രത്യക്ഷത്തിൽ ദുർബലരും നിസ്സഹായരുമായ അവർ മതപരമായ സമുദായത്തെ വാർത്തെടുക്കുന്നതിൽ വിജയശ്രീലാളിതരായിത്തീരുമെന്ന നിഗമനത്തിൽ എത്തിച്ചേരാൻ ഒരാൾക്കും സാധിക്കില്ല. ഒരു വശത്ത് പ്രവാചകന്മാരുടെ ശത്രുക്കൾ - വിഭവശേഷിയുള്ളവരും ശക്തരും അഹങ്കാരികളും ഭയപ്പെടുത്തുന്ന സൈന്യശേഷിയും ഉള്ളവർ. മറുവശത്ത് മൂസാനബി(അ). ഫിർഔനും പട്ടാളശക്തിക്കുമെതിരിൽ മൂസാനബി(അ) വിജയശ്രീലാളിതനാവുമെന്ന് ആർക്കാണ് വിശ്വസിക്കാൻ സാധിക്കുക? അല്ലെങ്കിൽ മൂസാനബിയുടെ പ്രതിപുരുഷനായ അറേബ്യയിലെ പ്രവാചകൻ (സ) മുഴു അറേബ്യയെ മാത്രമല്ല സീസറുടെ ഭരണകൂടങ്ങളെപോലും അതിജീവിച്ച് മുന്നേറുമെന്ന് ആർക്കാണ് വിശ്വസിക്കാൻ സാധിക്കുക? ഈ വിജയങ്ങൾ വെറും യാദൃച്ഛിക സംഭവങ്ങളല്ല. ദുർബലരും വിഭവശേഷിയില്ലാത്തവരുമായിരുന്നിട്ടും പ്രവാചകന്മാർ ദൈവത്തിന്റെ ഏകത്വം പ്രഖ്യാപനം ചെയ്തു. ശത്രുക്കളുടെ പരാജയവും നാശവും മുൻകൂട്ടി പ്രവചിച്ചു. മനുഷ്യമനസ്സിനു നിരൂപിക്കാൻ സാധിക്കാത്ത വിധം വളരെ മികവുറ്റതാണ് മതാദ്ധ്യാപനങ്ങളും വെളിപാടിന്റെ പ്രകാശവുമെന്ന് പകൽവെളിച്ചംപോലെ വ്യക്തമല്ലേ? മതം മനുഷ്യമനസ്സിനെ മടുപ്പിക്കുന്നില്ല. മറിച്ച്, അതിന് മൂർച്ച കൂട്ടുകയാണ് ചെയ്യുന്നത്. അതിന്റെ ദർശന ശക്തിയും വിവേചനശക്തിയും കൂടുതൽ നന്നാക്കിത്തീർക്കുന്നു.

നബിതിരുമേനി(സ)യുടെ ആഗമനത്തിനുമുമ്പുള്ള അറബ് ജനത നാഗരികതയില്ലാത്തവരും വന്യമൃഗങ്ങളേക്കാൾ മോശവുമായിരുന്നു. നബിതിരുമേനി(സ)യുടെആഗമനത്തിനുശേഷം

തിരുമേനിയോടുള്ള അനുസരണത്തിന്റേയും തിരുമേനിയുടെ അദ്ധ്യാപനങ്ങളുടേയും ഫലമായി അവരുടെ ഹൃദയങ്ങളും മനസ്സുകളും എത്രത്തോളം പ്രകാശപൂരിതമായെന്നാൽ അവരെല്ലാവിധത്തിലുള്ള ശാസ്ത്രങ്ങളിലും കലയിലും മേധാവിത്വം നേടി. ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് ഹദ്‌റത്ത് ഉമർ (റ) ഒട്ടകങ്ങളെ മേച്ചുനടക്കുകയായിരുന്നു പതിവ്. മുസ്‌ലിമായതിന്ശേഷം അദ്ദേഹത്തിന്റെ ബുദ്ധിപരമായ കഴിവുകളും ജ്ഞാനവും എത്രത്തോളം വികസിച്ചുവെന്നാൽ അദ്ദേഹത്തിന് ഏതാനും വർഷങ്ങളിൽ ലോകത്ത് വിസ്മയകരമായ രാഷ്ട്രീയപദ്ധതികൾ മുഖേന പരിവർത്തനമുണ്ടാക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ പുതിയ രാഷ്ട്രീയ വ്യവസ്ഥ ഒരു നവലോകം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ മഹത്തായ പ്രവർത്തനങ്ങളും മികവുറ്റ ആസൂത്രണങ്ങളും അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ തിളക്കത്തിന് മാറ്റുകൂട്ടി. എറ്റവും മികവുറ്റതായി വിശ്വസിക്കപ്പെടുന്ന യൂറോപ്പിലെ ഭൗതികമായ രാഷ്ട്രീയവ്യവസ്ഥകൾ യഥാർഥത്തിൽ ഹദ്‌റത്ത് ഉമറി(റ)ന്റെ ആശയങ്ങളിൽ നിന്ന് കടമെടുത്തതല്ലേ? ഹദ്‌റത്ത് ഉമർ ഫാറൂഖി(റ)ന്റെ രാഷ്ട്രീയവും മതപരവുമായ ആസൂത്രണം അദ്ദേഹത്തിന്റെ മനസ്സിനെ മന്ദീഭവിപ്പിക്കുകയാണോ ചെയ്തത്? അല്ല അത് വികാസം പ്രാപിക്കുകയാണോ ചെയ്ത ത്? മതം മനുഷ്യമനസ്സിനെ മൂർച്ചയില്ലാത്തതാക്കുകയല്ല. മറിച്ച് അതിനെ കൂർമതയുള്ളതാക്കുന്നു എന്നതാണ് സത്യം.

**രണ്ടാമത്തെ ചോദ്യം:** മതം യുദ്ധത്തിനും സംഘർഷത്തിനും കാരണമാവുന്നുണ്ടോ?

**മറുപടി:** യഥാർഥ മതാദ്ധ്യാപനങ്ങൾ സ്വാംശീകരിക്കാത്തേടത്തോളം സമാധാനം നേടാൻ സാധ്യമല്ല. ഉദാഹരണമായി പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളായ തൗറാത്തും ബൈബിളും യുദ്ധവും സംഘർഷവുമാണോ പ്രബോധിക്കുന്നത്? ബൈബിൾ അതിന്റെ അനുയായികളെ ഉപദേശിക്കുന്നത് ഒരു കരണത്തടിക്കപ്പെട്ടാൽ മറ്റേ കരണവും കാണിക്കുക എന്നത്രേ. പിന്നെയുള്ളത് ഖുർആന്റെ വിശുദ്ധാദ്ധ്യാപനങ്ങളാണ്. അവയുമായി മത്സരിക്കാൻ ഒരു സംസ്കാരത്തിനും രാഷ്ട്രീയ വ്യവസ്ഥക്കും സാധ്യമല്ല. ഉദാഹരണമായി വിശുദ്ധ ഖുർആനിലെ ഒരു സൂക്തം മാത്രം ഉദ്ധരിക്കാം.

“നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ(അന്യർക്കും) സഹായം നൽകുന്നതിനും അല്ലാഹു കല്പ്പിക്കുന്നു. നീച പ്രവൃത്തിയെയും നിഷിദ്ധകർമത്തെയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. (വി. ഖുർആൻ 16:91).

മേൽ സൂക്തത്തിൽ കൊടുത്ത ഉപദേശങ്ങൾ ചെവിക്കൊള്ളുകയാണെങ്കിൽ ഓരോ രാഷ്ട്രവും സമാധാനമല്ലാതെ മറ്റൊന്നും കാണുകയില്ല. അല്ലാഹു നമ്മോട് അനുശാസിക്കുന്നു.

നീതി പുലർത്തുക, ഔദാര്യം കാണിക്കുക, ബന്ധുക്കളോടെന്നപോലെ മറ്റുള്ളവർക്ക് കാരുണ്യം ചെയ്യുക, ദോഷകരവും നിർലജ്ജവുമായ തിന്മകളിൽ നിന്ന് മാറിനിൽക്കുകയും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യുക, നല്ലതും ഔദാര്യമുള്ളതും സമാധാനത്തെ സ്നേഹിക്കുന്നവരുമായ സർക്കാരുകൾക്കെതിരിൽ നിയമലംഘനം നടത്താതിരിക്കുക. അതേപ്രകാരം മറ്റുള്ളവരെ ഉപദേശിക്കുക.

മറ്റു വാക്കുകളിൽ പറഞ്ഞാൽ നീതി പുലർത്തുന്നവരും ഉദാരമതികളും കരുണയുള്ളവരുമാവുക. നാം അന്തസില്ലായ്മയെയും നിർലജ്ജമായ തിന്മയേയും നിയമലംഘനത്തെയും ഉപേക്ഷിക്കുക. ഈ തിന്മകൾക്കടിമപ്പെടാതിരിക്കുമാറ് മറ്റുള്ളവരെയും രക്ഷിക്കുക. സമാധാന സംസ്ഥാപനത്തിനായുള്ള ആറ് അടിസ്ഥാനകല്പ്പനകളാണ് ഇവ. ഇവയെ പ്രയോഗവൽക്കരിച്ചാൽ ഓരോ രാജ്യവും ഓരോ രാഷ്ട്രവും സമാധാനമല്ലാതെ മറ്റൊന്നും കാണില്ല. ലക്ഷക്കണക്കിന് പണ്ഡിതന്മാരായ ആളുകൾ ഒന്നിച്ച്ചേർന്ന് ചിന്തിച്ച് സമാധാന സ്ഥാപനത്തിനായി അന്തിമമായി ചില നിയമങ്ങളുണ്ടാക്കിയാലും വിശുദ്ധ ഖുർആന്റെ സംക്ഷിപ്തവും പരിപൂർണവും സമഗ്രവുമായ അദ്ധ്യാപനങ്ങൾക്കുപരിയായി ഒന്നും തന്നെ അവർക്ക് സമർപ്പിക്കുവാൻ സാധിക്കുകയില്ല.

ലോകത്ത് സംഘർഷവും ക്രമരാഹിത്യവും സൃഷ്ടിക്കപ്പെടുന്നത് നീതിനിഷേധം (അനീതി) കാരണമായാണ്. അല്ലെങ്കിൽ ക്ഷേമകാംക്ഷിയോട് നന്ദികേട് കാണിക്കുമ്പോഴാണ്. അത് ഔദാര്യത്തിന് എതിരാണ്. അല്ലെങ്കിൽ തങ്ങളുടെ മാതാപിതാക്കൾക്കെതിരിൽ നിയമലംഘനം നടത്തുമ്പോഴാണ്. അല്ലെങ്കിൽ ഉദാരമതിയായ സർക്കാരിനെതിരിൽ നിയമം ലംഘിക്കുമ്പോഴാണ്. അത് ‘ഈതായദിൽ ഖുർബാ’ അഥവാ മനുഷ്യകാരുണ്യത്തിനെതിരാണ്. നിഷേധാത്മകമായ ഈ ഘടകങ്ങൾ നീക്കിയാൽ (സമൂഹത്തിൽ നിന്ന്) തീർച്ചയായും സമാധാനം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. മേൽ ഖുർആനിക സൂക്തം നാം മറ്റൊരു കോണിലൂടെ വീക്ഷിച്ചാൽ അന്തസ്സില്ലായ്മയാണ് നീതിക്ക് വിപരീതമായിട്ടുള്ളത്. നിർലജ്ജമായ തിന്മയാണ് ഔദാര്യത്തിന് വിപരീതം. നിയമലംഘനമാണ് മനുഷ്യകാരുണ്യത്തിന്റെ വിപരീതം.

എപ്പോഴെങ്കിലും എവിടെയെങ്കിലും യഥാർഥത്തിൽ സമാധാനം സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ദൈവദൂതന്മാരും പ്രവാചകന്മാരും മുഖേനയാണ്. അറേബ്യയിലെ പ്രവാചകൻ(സ) ഏതവസ്ഥയിലാണ് തന്റെ ജനതയെ കണ്ടെത്തിയത്? അവർ സമാധാനവസ്ഥയിലോ അതല്ല സംഘർഷാവസ്ഥയിലാണോ ഉണ്ടായിരുന്നത്? പിന്നെ അദ്ദേഹം സൃഷ്ടിച്ച സമുദായം സമാധാനത്തിന്റെ ഉന്നതിയിലായിരുന്നില്ല. ഒരു പ്രവാചകന്റെ ആഗമനശേഷം വരെ അല്ലാഹു ജനങ്ങളെ ശിക്ഷിക്കുകയില്ല. പിന്നെ കുഴപ്പക്കാരെ അവൻ നശിപ്പിക്കുന്നു. നൂഹ്, ഹൂദ്, സാലിഹ്, ശുഐബ് (അ) എന്നിവരുടെ ജനതകളും ഫിർഔനും നശിപ്പിക്കപ്പെട്ടത് അവർ പ്രവാചകന്മാരെ എതിർത്തതുകൊണ്ടും സാധ്യമായ എല്ലാ മാർഗേണയും പ്രവാചകന്മാരെ നശിപ്പിക്കാൻ ശ്രമിച്ചതുകൊണ്ടുമായിരുന്നു. ഭൂമിയുടെ അധിപന്മാരായിത്തീരാൻ വേണ്ടി എല്ലാ ശ്രമങ്ങളും നടത്തുകയും അവർ ഉഗ്രശാസകന്മാരായിത്തീരുകയും ചെയ്തു. സമാധാന സ്നേഹികളും ദൈവഭക്തരുമായിരുന്ന ആളുകളെ ഉന്മൂലനാശം വരുത്തുവാൻ അവർ കഠിന യത്നം നടത്തി. തന്റെ പ്രവാചകന്മാർ മുഖേന ദൈവം അവരിൽ പരിഷ്ക്കരണം ഉണ്ടാക്കാൻ ഇച്ഛിച്ചു. എന്നാൽ അവർ അശ്രദ്ധ കാണിക്കുകയും അവരുടെ നടപടികൾ നന്നാക്കാൻ പരിശ്രമിക്കുകയും ചെയ്തില്ല. അങ്ങനെ ദൈവം അവന്റെ ശിക്ഷ അവരിൽ ഇറക്കുകയും അവരെ നശിപ്പിക്കുകയും ഭൂമിയിൽ സമാധാനം സ്ഥാപിക്കുകയും ചെയ്തു. ദൈവിക പ്രവാചകന്മാരെ സ്വീകരിക്കുകയും അവരെ പിൻപറ്റുകയും ചെയ്തവർ എല്ലാവിധ കുഴപ്പക്കാരിൽനിന്നും സുരക്ഷിതരായിരുന്നു. ദൈവകോപത്തിൽ നിന്നും അവർ സുരക്ഷിതരായിരുന്നു. നൂഹി(അ)ന്റെ ജനതയിൽ നിന്നുള്ള വിശ്വാസികൾ നോഹയുടെ പെട്ടകത്തിൽ സുരക്ഷിതരായിരുന്നു. ദൈവം അവരെ സംരക്ഷിച്ചു. അതേ പ്രകാരം ഹൂദി (അ)

# ഖിലാഫത്ത്:

## ആത്മീയവും ഭൗതികവുമായ മാനങ്ങൾ

ഡോ: നസിം റഹ്മത്തുള്ള, ഡോ: സിയാ. എച്ച്. ഷാ

ഖിലാഫത്ത് ഭരണകൂടം പോലെ ഒരു അധികാര സ്ഥാപനമല്ല. ദൈവത്തോടും അവന്റെ സൃഷ്ടികളോടുമുള്ള ചുമതലകൾ നിറവേറ്റാൻ ഒരു ഖലീഫയുടെ ദിവ്യനേതൃത്വമുള്ള ആഗോള ആത്മീയ സ്ഥാപനമാണ്.

**ക**ഴിഞ്ഞ ഏതാനും ദിവസങ്ങളായി അറബ് രാജ്യങ്ങളെ ഓരോന്നോരോന്നായി രാഷ്ട്രീയ അരക്ഷിതാവസ്ഥ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ചില ആശങ്കകളും ഭീതിയും ഉണർത്തുന്നുണ്ട്. ഈ രാഷ്ട്രീയമായ അരക്ഷിതാവസ്ഥ മുതലെടുത്തുകൊണ്ട് ചില അപവാദ പ്രചാരകന്മാർ ഊഹാപോഹങ്ങൾ പരത്തുകയാണ്. മതാധിഷ്ഠിത രാഷ്ട്രത്തിലേക്കും ഖിലാഫത്ത് പുനസ്ഥാപനത്തിലേക്കും അത് നയിക്കുമെന്നാണ് അവർ പ്രരിപ്പിക്കുന്നത്. ഉദാഹരണത്തിന് ടുണീഷ്യയിലെയും ഈജിപ്തിലേയും കലാപങ്ങളുടെ ഫലമായി ഖിലാഫത്ത് വ്യവസ്ഥ നിലവിൽ വരുമെന്നാണ് ഗ്ലീൻ ബക്കിന്റെ (അമേരിക്കയിലെ പ്രശസ്തനായ റേഡിയോ അവതാരകനും രാഷ്ട്രീയ നീരീക്ഷകനുമാണ് ബക്ക്) വിലയിരുത്തൽ. ഗ്ലീൻ ബക്കിന്റെ ഖിലാഫത്ത് ആശങ്ക റഷ്ലിംബാവേയും (റേഡിയോ അവതാരകൻ, രാഷ്ട്രീയ നീരിക്ഷകൻ) ഡൊണാൾഡ് റംസ്ഫീൽഡും(മുൻ അമേരിക്കൻ പ്രതിരോധ സെക്രട്ടറി) ആവർത്തിക്കുകയും ആളിക്കത്തിക്കുകയുമുണ്ടായി. ഇവരെ പോലെ ഭീതി പരത്തി രംഗം കൂടുതൽ കലുഷിതമാക്കുന്നവരുടെ ആശങ്കകൾക്ക് ഞങ്ങൾ ഒറ്റവാക്കിൽ നൽകുന്ന ഉത്തരം ഇതാണ്: ഖിലാഫത്ത് പുനസ്ഥാപനത്തിനുള്ള യാതൊരു ഉപകരണവും മുസ്‌ലിം ലോകത്തിന്റെ കയ്യിലില്ല.

എന്താണ് ഖിലാഫത്ത്? റസൂൽ തിരുമേനി(സ)യുടെ ദിവ്യവിയോഗത്തിന് ശേഷം അവിടുത്തെ ആത്മീയവും ധാർമികവും രാഷ്ട്രീയവുമായ പാരമ്പര്യത്തെ പ്രതിനിധീകരിച്ചുകൊണ്ട് ക്രി.വ.632 ൽ ഖിലാഫത്ത് നിലവിൽ വന്നു (ഏകദേശം കത്തോലിക്കാ സഭയിലെ പേപസിക്ക് സമാനം). അത് തുടക്കത്തിൽ ജനാധി

---

ന്റേയും സാലിഹി(അ)ന്റേയും മറ്റു പ്രവാചകന്മാരുടെയും അനുയായികൾ എല്ലാവിധത്തിലും സമാധാനം ആസ്വദിച്ചു. പ്രവാചകന്മാർ, മതം, മതാദ്ധ്യാപനങ്ങൾ എന്നിവ മുഖേനയാണ് ഭൂമിയിൽ സമാധാനം സ്ഥാപിക്കപ്പെടുന്നത് എന്ന് ഇത് തെളിയിക്കുന്നു. അല്ലാതെ സംഘർഷവും ക്രമരാഹിത്യവുമല്ല. മതരാഹിത്യത്തിന്റെ ഫലമായാണ് ദൈവകോപം പ്രകടമാവുന്നത്.

നിരീശ്വരവാദികളും മറ്റു ഗ്രൂപ്പുകളും തങ്ങളുടെ ജീവിതത്തിൽനിന്നും മതത്തെ അകറ്റി നിർത്തുന്നതായി നാമിന്ന് കാണുന്നു. ഭൗതിക വാദികളായ ആളുകളുടെ മനസ്സുകളിൽനിന്ന് രൂപംകൊണ്ട പദ്ധതികളുടെ ഫലമല്ലേ വർത്തമാന കാലത്തെ യുദ്ധങ്ങൾ? മതമാണ് സമാധാനത്തിന്റെയും സുരക്ഷയുടെയും സുവിശേഷങ്ങൾ വഹിക്കുന്നതെന്നും മതരാഹിത്യമാണ് ലോകത്ത് സമാധാനം നശിപ്പിക്കുന്നതെന്നും ഇത് കാണിക്കുന്നില്ലേ? യൂറോപ്പിലും പാശ്ചാത്യരാജ്യങ്ങളിലും എന്നല്ല മുഴുലോകത്തും സമാധാനം സ്ഥാപിക്കാൻ മതത്തിനേ സാധ്യമാവൂ.

മതവും മതാനുഷ്ഠാനങ്ങളും ഒരിക്കലും യുദ്ധത്തിലേക്കും അക്രമത്തിലേക്കും നയിച്ചിട്ടില്ല. ഇങ്ങനെ സംഭവിച്ചതായി ഒരുദാഹരണംപോലും കാണിക്കാൻ സാധിക്കില്ല മതത്തിന്റെ പേരിൽ യുദ്ധങ്ങളുണ്ടായിട്ടുണ്ടെന്ന് നാം സമ്മതിക്കുന്നു. പക്ഷേ, ഇതെല്ലാം സംഭവിച്ചത് വിശ്വാസം ഉപേക്ഷിച്ചതിന്റെ ഫലമായാണ്. മതത്തിന്റെ അദ്ധ്യാപനങ്ങൾ ഉപേക്ഷിച്ചത് കാരണമാണിത്. സമാധാന സംസ്ഥാപനത്തിനുവേണ്ടി നടത്തപ്പെട്ട യുദ്ധങ്ങൾ ആക്ഷേപാർഹമല്ല. യഥാർഥത്തിൽ അവയെ അഭിനന്ദിക്കണം. ഓരോ കാലഘട്ടത്തിലും കൈവിരലിലെണ്ണാവുന്നത്ര ആളുകൾ അടങ്ങുന്ന സമുദായങ്ങൾ ഒരു സജ്ജീകരണവുമില്ലാതെ ഏറ്റവും ശക്തരായ സൈന്യങ്ങൾക്കെതിരിൽ പോരാടി. സമാധാനം സ്ഥാപിക്കുകഎന്നതായിരുന്നു അവരുടെ ഏകലക്ഷ്യം. മർദിതരെ ശത്രുവിന്റെ ക്രൂരതകളിൽനിന്ന് രക്ഷിക്കാനായിരുന്നു അത്.

വിമർശകന്മാർ താഴെക്കൊടുത്ത ചോദ്യങ്ങൾ പരിഗണിക്കേണ്ടതാണ്. സ്വാർഥ ഉദ്ദേശ്യമുള്ള ചില വ്യക്തികൾ തങ്ങളുടെ അന്യായപ്രവൃത്തികൾ മുഖേന മതത്തിന്റെ പേര് കളങ്കപ്പെടുത്തുകയാണെങ്കിൽ ഒരാൾ മതത്തിൽനിന്ന് പുറം തിരിഞ്ഞു നില്ക്കണമോ? ചുരുക്കത്തിൽ യുദ്ധങ്ങൾ നടത്തപ്പെടുന്നത് ഭൗതിക കാരണങ്ങൾ കൊണ്ടുകൂടിയാണ്. ഇതിന്റെയർഥം നാം ലോകത്തെ ഉപേക്ഷിക്കണമെന്നാണോ?

(തുടരും)

The Review & Religions, August 2008)

വിവ: കെ.വി. ഹസ്സൻ കോയ

പത്യപരവും ജനോപകാരപ്രദവുമായ ഒരുസ്ഥാപനമായിരുന്നു. പിൽക്കാലത്ത് ഏതാനും ദശകങ്ങൾക്കുള്ളിൽ അത് വംശ പാരമ്പര്യത്തിലേക്ക് വഴിമാറി പ്പോവുകയുണ്ടായി. അതിന്റെ ആത്മീയ വും ധാർമികവുമായ മാനങ്ങളെല്ലാം നശിച്ച് തികച്ചും രാഷ്ട്രീയമായ ഒരു നേതൃത്വമായി നൂറ്റാണ്ടുകളോളം നിലനിന്നു. ചരിത്രത്തിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ വിശ്വാസികൾക്ക് ഒരു സാന്ത്വനമായി റസൂൽ തിരുമേനി (സ)പറഞ്ഞ ഒരു പ്രവചനം ഇപ്രകാര മാണ്.

"നിങ്ങളിൽ അല്ലാഹു ഇച്ഛരിക്കു ന്നത് വരെ ഖിലാഫത്ത് നിലനിൽക്കു ന്നതാണ്. പിന്നീട് അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛരിക്കുന്നത് വരെ അത് നിലനിൽക്കും. പിന്നീട് അത് എടുത്ത് കളയും. പിന്നീട് പരുക്കൻ ഭരണ കൂടങ്ങൾ വരും. അല്ലാഹു ഇച്ഛരിക്കു ന്നേടത്തോളം അത് നിലനിൽക്കും അതിന് ശേഷം അത് എടുക്കപ്പെടും. പിന്നീട് സേഛാധിപത്യ ഭരണകൂടം നിലവിൽവരും. അല്ലാഹു ഇച്ഛരിക്കു ന്നേടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്ത്കളയും. അതിന് ശേഷം നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാവുന്നതാണ്. ഇതിന് ശേഷം തിരുനബി(സ) മൗനം അവലംബിച്ചു."

ഖിലാഫത്തിന് രണ്ട് ഘടകങ്ങളാ ണുള്ളത്. പ്രഥമമായിട്ടുള്ളത് ആത്മീ യവും ധാർമികവുമാണ്. ദ്വിതീയ മായിട്ടുള്ളത് ഭൗതികവും. റസൂൽ തിരുമേനി(സ) യുടെ ദിവ്യ വിയോഗ ത്തിന് ശേഷം ഈ രണ്ടു ഘടകങ്ങളും ഖിലാഫത്തു റാശിദയുടെ (സച്ചരിത രായ ഖലീഫമാരുടെ ഘട്ടം) കാലത്ത് ഒരാളിൽ സമന്വയിക്കപ്പെടുകയായിരു ന്നു. ഹദ്റത്ത് അബൂബക്കർ(റ),ഹ: ഉമർ(റ), ഹ:ഉസ്മാൻ(റ), ഹ:അലി(റ) എന്നിവരുടെ ഖിലാഫത്തിൽ അതാ യിരുന്നു സംഭവിച്ചത്. ഇത് ഇസ്ലാമിന്റെ ആരംഭകാലത്തെ അത്യധികം പുഷ്ടി പ്പെടുത്തുകയുണ്ടായി. ഇത്തരം ഒരു സംഭവം എല്ലാ പ്രവാചകന്മാരുടെ കാര്യത്തിലും, പ്രത്യേകിച്ച് യേശു(അ) വിന്റെ കാര്യത്തിൽ സംഭവിച്ചിട്ടില്ല. ഈസാനബി (അ)യുടെ അനുയാ യികൾക്ക് ദീർഘ കാലത്തോളം ഭൗതിക ഭരണാധികാരം അപ്രാപ്യമായിരുന്നു. സച്ചരിതരായ ഖലീഫമാർക്ക് ശേഷം ഭരണം നടത്തിയ രാജാക്കന്മാർ ഖലീഫ എന്ന സ്ഥാനം നിലനിർത്തുകയും ഭൗതിക ഭരണാധികാരം നടത്തുകയും ചെയ്തു. അവരുടെ ഖിലാഫത്തിന് ആത്മീയവും ധാർമികവുമായ ബലം വലിയ തോതിൽ നഷ്ടപ്പെട്ടിരുന്നു. മുസ്ലിം ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിൽ ഈ വിടവ് നികത്തിയിരുന്നത് മുജദ്ദിദുമാരും സൂഫി വര്യന്മാരു മായിരുന്നു.




ഡൊണാൾഡ് റാംസംഫീൽഡ് ഗ്ലീൻ ബക്ക് തോമസ് ജെഫേഴ്സൻ

സച്ചരിതരായ ഖലീഫമാരുടെ മൂന്ന് ദശകത്തെ ഭരണത്തിന് ശേഷം ഡമാസ് കസിലെ പതിനാലോളം ഉമവീ രാജാക്കന്മാർ (ക്രി.വ.661-750) ഖലീഫ എന്ന നാമധേയം സ്വീകരിച്ചു. പിന്നീട് മുപ്പത്തിയെട്ട് അബ്ബാസീ രാജാക്ക ന്മാരും(ക്രി.വ. 750- 1258) ഖലീഫ എന്ന പദവിയിൽ അവരോധിതരായി. ഉമവീ ഭരണത്തിന് ശേഷവും ആ രാജവംശ ത്തിന്റെ പേരിൽ തന്നെ കോർഡോബ ആസ്ഥാനമാക്കി സ്പെയിനും(755-1031) ഈജിപ്തിലെ ഫാത്തിമിയ്യാ രാജവം ശവും(909-1171) ഭരിക്കുകയുണ്ടായി. 7മുതൽ 12 നൂറ്റാണ്ടുകൾ വരെ ഒന്നിലധികം ഖിലാഫത്തുകൾ ഉണ്ടായി രുന്നു. കൈറോവിലെ അവസാനത്തെ അബ്ബാസിയ്യാ ഖലീഫയെ ഉഥ്മാനിയാ സുൽത്താൻ സലീം ഒന്നാമനാണ് കീഴടക്കിയത്. ഉഥ്മാനിയാ സുൽ ത്താൻമാർ പിന്നീട് ഖലീഫ പദവി നാല് നൂറ്റാണ്ടുകളോളം, 1924ൽ മുസ്തഫാ കമാൽ പാഷ ഖിലാഫത്ത് റദ്ദാക്കി തുർക്കി റിപ്പബ്ളിക്ക് സ്ഥാപി ക്കുന്നത് വരെ ഖിലാഫത്ത് സ്ഥാനം കുത്തകയാക്കിവെച്ച് അവർ ഭരണം നടത്തി.

ഇസ്ലാമിക സാമ്രാജ്യങ്ങളെ പ്പറ്റിയുള്ള ഈ ഹ്രസ്വവിലയിരു ത്തലിന് ശേഷം ക്രിസ്തീയ രാജ്യ ങ്ങളുടെ ചരിത്രത്തിലേക്ക് വരാം. ദേശീയ വാർത്താമാധ്യമങ്ങളുടെ വാരാന്ത്യ വാർത്താചക്രത്തിൽ പെട്ട് നമുക്ക് ചരിത്ര ബോധം നഷ്ടപ്പെട്ടിരിക്കുന്നു. അമേരിക്കൻ സ്പാനിഷ് വംശജനും തത്ത്വചിന്തകനുമായ ജോർജ് സന്താ യനന്റെ വാക്കുകൾ ഓർക്കുക. അദ്ദേഹം പറഞ്ഞു:'ആരാണോ ഭൂത കാലത്തെപ്പറ്റി ഓർക്കാത്തത് അവർ അത് വീണ്ടും ആവർത്തിക്കാൻ വേണ്ടി ശപിക്കപ്പെട്ടി രിക്കുന്നു.' അത് കൊണ്ട് നമുക്ക് നമ്മുടെ ചിന്തകളെ ഉചിതമായ സ്ഥലത്ത് നങ്കൂരമിടാം. റോമാ സാമ്രാജ്യ ത്തിൽ രാഷ്ട്രവും ആരാധനാലയവും തമ്മിൽ വിഭജനമുണ്ടായിരുന്നില്ല. എല്ലാവരും രാഷ്ട്ര ദൈവത്തെ നിർബന്ധമായും ആരാധിച്ചിരിക്കണം. രാഷ്ട്ര ദൈവത്തെ ആരാധിക്കാൻ കൂട്ടാക്കാതിരുന്ന ഏകദൈവ വിശ്വാസി കളായ ആദിമ ക്രിസ്ത്യാനികളെയാണ് റോമൻ ഭരണകൂടം പീഡനത്തിന് വിധേയമാക്കിയിരുന്നത്. റോമൻ ചക്രവർത്തിയായിരുന്ന ഡയോക്ലീഷ്യന്റെ (ക്രി.വ.284-305)കാലത്താണ് ക്രിസ്ത്യാനികൾ ഏറ്റവുമധികം പീഡിപ്പിക്കപ്പെട്ടത്. ഈ പീഡനത്തിന്റെ കാരണം അജ്ഞാതമാണ്. പല വിധത്തിലുമുള്ള വിശദീകരണങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ഡയോക്ലീഷ്യസിന് തൊട്ട് മുമ്പുണ്ടായിരുന്ന റോമൻ ചക്രവർത്തി ഗലേറിയസിന്റെ സ്വാധീനമായിരുന്നു അതിലൊന്ന് . റോമൻ ആചാരങ്ങൾ ഭ്രാന്തമായി അനുവർത്തിച്ചിരുന്ന റോമിനെ ഏകീ കരിക്കാൻ ബദ്ധശ്രദ്ധനായിരുന്ന ആളായിരുന്നു ഗലേറിയസ്. റോമ നല്ലാത്ത വൈദേശിക മതങ്ങളെയെല്ലാം സ്റ്റേറ്റിനകത്ത് മറ്റൊരു സ്റ്റേറ്റായും വിഘടനവാദമായും അദ്ദേഹം കണ

ക്കാക്കിയിരുന്നു. യാതൊരു സഹിഷ്ണുതയും അവരോട് കാണിച്ചില്ല. ചക്രവർത്തിയെ ആരാധിച്ചിരുന്ന സൈന്യങ്ങളിൽ മറ്റൊരു ആരാധനാ സമ്പ്രദായം ഉണ്ടായാൽ അത് വിപ്ലവത്തിലേക്ക് നയിക്കുമെന്ന് ഡയോക്ലീഷ്യസ് ചക്രവർത്തി ഭയപ്പെട്ടിട്ടുണ്ടായിരിക്കും. ഇതെല്ലാമായിരിക്കാം റോമാചക്രവർത്തി ക്രിസ്ത്യാനികൾക്കെതിരെ ക്രി.വ. 303-304ൽ നാല് ശാസനകൾ പുറപ്പെടുവിക്കാൻ കാരണം. അതികഠിനമായ തോതിൽ അക്കാലത്തെ ക്രിസ്ത്യാനികളെ അദ്ദേഹം പീഡിപ്പിപ്പിക്കുകയും ചെയ്തു. ഡെയോക്ലീഷ്യസിന്റെ പ്രതീക്ഷകൾക്ക് വിരുദ്ധമായി പീഡനങ്ങളുടെ താണ്ഡവമേറ്റിട്ടും ക്രിസ്തുമതം നശിച്ചു പോയില്ല. രക്തസാക്ഷികളുടെ ചോരയിൽ നിന്നും ആ മതം കിളിർക്കുകയായിരുന്നു.

മനുഷ്യ ചരിത്രം പരിശോധിച്ചാൽ ചർച്ചും-മസ്ജിദുമെല്ലാം സ്റ്റേറ്റുമായി വേർപിരിഞ്ഞത് ക്ര്മേണയാണെന്ന് കാണാം. കഴിഞ്ഞ നൂറ്റാണ്ടുകളിലാണ് ആ വിഭജനം സംഭവിച്ചത്. ഈയടുത്ത കാലത്താണ്, ഭൗതിക ഭരണ നേതൃത്വം മുഴുവനും തന്നെ തിരെഞ്ഞെടുത്ത രാഷ്ട്രീയ നേതാക്കന്മാർക്ക് കൈമാറി പോപ്പ് ധാർമികവും അദ്ധ്യാത്മികവുമായ മണ്ഡലത്തിൽ മാത്രം ഒതുക്കപ്പെട്ടത്. പക്ഷേ ഇത് എക്കാലവും അങ്ങനെയായിരുന്നില്ല. പോപ്പ് അർബൻ രണ്ടാമനും പോപ്പ് ഇന്നസെന്റ് മൂന്നാമനും തികഞ്ഞ സൈനിക നേതാക്കന്മാരായിരുന്നു. അവരാണ് കുരിശ് യുദ്ധത്തിന് നേതൃത്വം നൽകിയത്. മദ്ധ്യകാലഘട്ടത്തിലെ ഏറ്റവും അറിയപ്പെട്ട പോപ്പായിരുന്നു പോപ്പ് ഇന്നസെന്റ് (ക്രി.വ.1160-1216). അദ്ദേഹമാണ് രാഷട്രങ്ങൾക്ക് മീതെ പോപ്പിന്റെ അധികാരങ്ങൾ വിപുലമായ തോതിൽ പുനസ്ഥാപിച്ചത്. വിശുദ്ധ ഭൂമിയായ ജറുസലേം പിടിച്ചടക്കാൻ നിരന്തരം കുരിശുയുദ്ധങ്ങൾ നടത്തിയതും അദ്ദേഹമാണ്. ഇറ്റലിയിലും ഫ്രാൻസിലും മതനിന്ദക്കെതിരെ പോരാടിയത് അദ്ദേഹമാണ്. മതകാര്യങ്ങളിൽ മാത്രമല്ല ഭൗതിക കാര്യങ്ങളിലും സഭയുടെ ആധിപത്യം അരക്കിട്ടുറപ്പിച്ചത് അദ്ദേഹമാണ്. അതിന് ശേഷം നൂറ്റാണ്ടുകളോളം രാഷ്ട്രീയ ഭൂമിക മാറ്റമില്ലാതെ തുടർന്നു. പോപ്പ് പീയൂസ് ഏഴാമന്റെ കാലമെത്തി. തന്റെ പേപ്പൽ ഭരണകാലം മുതൽ



പോപ് അർബൻ

1815ൽ നെപ്പോളിയൻ ഒന്നാമന്റെ പതനം വരെ ഫ്രാൻസിൽ അദ്ദേഹം ഇടപെട്ടു കൊണ്ടിരുന്നു. പീയൂസും നെപ്പോളിയനും എപ്പോഴും ശത്രുതയിലായിരുന്നു വർത്തിച്ചത്. അവസാനം വിയന്നാ കോൺഗ്രസ്സാണ് (1814-15) റോം അടക്കം ഏകദേശം എല്ലാ പേപ്പൽ സ്റ്റേറ്റുകളും പുനസ്ഥാപിച്ച് പീയൂസിന് നൽകിയത്. പേപ്പൽ സ്റ്റേറ്റുകൾ ഇറ്റലിയെ രണ്ട് മേഖലയിൽ വിഭജിച്ചു നിർത്തിയിരുന്നു. ഇത് പത്തൊമ്പതാം നൂറ്റാണ്ടിലെ ഇറ്റാലിയൻ ഏകീകരണ പ്രസ്ഥാനത്തിന് തടസ്സമാണെന്ന് കണ്ടു. അങ്ങനെ പേപ്പൽ സ്റ്റേറ്റുകൾ ഇറ്റലിയിലെ ദേശീയ ഭരണകൂടത്തിൽ ലയിപ്പിക്കുകയാണുണ്ടായത്. അതോടെ പേപ്പൽ സ്റ്റേറ്റുകൾ ചരിത്രത്തിൽ നിന്ന് ഇല്ലാതായി. പോപ്പ് പീയുസ് ഒമ്പതാമൻ പുതിയ രാഷ്ട്രീയ സാഹചര്യങ്ങളെ അംഗീകരിച്ചിരുന്നില്ല. ഭൗതികാധികാരം നഷ്ടപ്പെടുന്നത് പോപ്പ് ആവുന്നത്ര എതിർക്കുകയും ചെയ്തു. അദ്ദേഹത്തിനെപിന്തുടർന്ന് വന്ന പോപ്പ് 'വത്തിക്കാനിലെ തടവുകാരൻ' എന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. 1929 ലെ ലേറ്ററൻ കരാർ വരുന്നത് വരെ ഇറ്റാലിയൻ ഭരണകൂടവുമായുള്ള പോപ്പിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടന്നു. ആ കരാറിലൂടെയാണ് സ്വതന്ത്ര വത്തിക്കാൻ സിറ്റി നിലവിൽ വന്നത്.

ചർച്ചും സ്റ്റേറ്റും തമ്മിൽ വേറിട്ടുനിൽക്കാൻ പ്രസിഡന്റ് തോമസ് ജഫേഴ്സൺ അത്യധികം ശ്രമിക്കുകയുണ്ടായ കാര്യം സുവിദിതമാണല്ലോ. തോമസ് ജെഫേഴ്സണിന്റെ കാലഘട്ടത്തിൽ നിന്നും ഒന്നര നൂറ്റാണ്ടുകൾക്ക് ശേഷമാണ് 1934 ൽ മുസ്ലിം ലോകത്ത് തുർക്കി റിപ്പബ്ലിക്ക് തുർക്കിയുടെ പിതാവ് എന്നറിയപ്പെടുന്ന അത്താതുർക്ക് കമാൽ പാഷ സ്ഥാപിച്ചത്. അദ്ദേഹം തുർക്കിയിൽ പാശ്ചാത്യ വത്ക്കരണവും മതേതരവത്ക്കരണവും നടത്തി. പാശ്ചാത്യ രീതിയിലുള്ള വസ്ത്രധാരണവും ജീവിത രീതിയും നിർബന്ധമാക്കി. ഇസ്ലാമിന്റെ ആദ്യ ഘട്ടത്തിൽ സ്റ്റേറ്റും മതവും തമ്മിലുള്ള വിഭജനം വളരെ പ്രധാനപ്പെട്ടതും തെളിഞ്ഞതുമായിരുന്നു. മദ്ധ്യ കാല ഘട്ടത്തിൽ അത് അവ്യക്തമായിരുന്നു. ഇപ്പോൾ അത് കൂടുതൽ അവ്യക്തവും കൂടികുഴഞ്ഞ രൂപത്തിലുമായിരിക്കുന്നു. റസൂൽ തിരുമേനി(സ) ബഹുസ്വരതയുടെ ഏറ്റവും വലിയ വക്താവായിരുന്നു. മദീനയിലേക്ക് അവിടുന്ന് ക്കുടിയേറിയപ്പോൾ വിവിധ മതസ്ഥരുടെ ഒരു പൊതു സമൂഹത്തെയായിരുന്നു അദ്ദേഹം സൃഷ്ടിച്ചത്. അദ്ദേഹത്തിന്റെ അത്യുജ്ജ്വല വ്യക്തിത്വവും മാതൃകയും ഇന്നത്തെ ആഗോള ഗ്രാമത്തിന് ഏറ്റവും ഉചിത മാർഗ ദീപമണ്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)ൽ വിശ്വസിക്കുന്ന മുസ്ലിംകൾ എന്ന നിലക്ക് അഹ്മദിയ്യാ ജമാഅത്തിന് ഇക്കാര്യത്തിലുള്ള നിലപാട് വളരെ വ്യക്തമാണ്. അതായത് മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിൽ നിയമ നിർമാണം നടത്താൻ ഒരിക്കലും മതത്തിന് അധികാരമില്ല. ഇസ്ലാം മനുഷ്യന് സന്മാർഗദായകമായ തത്ത്വങ്ങൾ മാത്രമാണ് നൽകുന്നത്. ഈ തത്ത്വങ്ങൾ നീതിയിലും സഹിഷ്ണുതയിലും സ്നേഹത്തിലും അധിഷ്ഠിതമായ സെക്കുലർ നിയമങ്ങളാക്കി എളുപ്പത്തിൽ പരിവർത്തിപ്പിക്കാൻ സാധിക്കും. നല്ല ഭരണം സാർവദേശീയ മനുഷ്യാ വകാശങ്ങൾ ഉറപ്പുവരുത്തുന്നവയും ന്യൂന പക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നവയും എല്ലാ ജനങ്ങൾക്കും കേവല നീതി ഉറപ്പാക്കുന്നതുമായിരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഹദ്റത്ത് അഹ്മദി(അ)ന്റെ വിയോഗാനന്തരം ജമാഅത്തിനെനയിക്കുന്നത് ദിവ്യമാർഗദർശനം കൊണ്ടനുഗൃഹീതരായ ആഗോള നേതാക്കന്മാരായിരിക്കുമെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. ആ നേതാവിനെ ഖലീഫ എന്ന അഭിധാനത്തിലാണ് അഹ്മദികൾ വിളിക്കുന്നത്. ആത്മീയ മായും ധാർമികമായും മനുഷ്യനെ ഉയർത്തി ക്കൊണ്ട് വരിക എന്നതാണ് ഖലീഫയാൽ നയിക്കപ്പെടുന്ന ഖിലാ ഫത്ത് വ്യവസ്ഥകൊണ്ട് ഉദ്ദേശിക്ക പ്പെടുന്നത്. അഹ്മദിയ്യാ ഖിലാഫത്ത് ഉഥ്മാനിയ്യാ ഖിലാഫത്തിൽ നിന്നും ഭിന്നമായി അതിന്റെ നേതൃത്വ



റോമൻ ചക്രവർത്തിമാർ ക്രിസ്ത്യാനികൾക്കെതിരെ പുറപ്പെടുവിച്ച ശാസനയുടെ ഗ്രീക്ക് മൂലം

വും ആത്മീയവും മതപരവും മാത്രമാണ്. അത് അധികാര രാഷ്ട്രീയത്തിൽ നിന്നും തികച്ചും നിർമുക്ത മാകണമെന്ന നിലപാടിന്റെ സർവ വിധത്തിലുമുള്ള പ്രതീകവുമാണ്. ചില മുസ്‌ലിം ഗ്രൂപ്പുകൾ ലോകത്ത് രാഷ്ട്രീയവും സൈനികവുമായ ആധിപത്യത്തിന് വേണ്ടി ഖിലാഫത്ത് സങ്കൽപ്പത്തെ ദുരുപയോഗം ചെയ്യുന്നു. യാഥാർഥ്യവുമായി അതിന്ന് യാതൊരു ബന്ധവുമില്ല.

1946ൽ ന്യൂറംബർഗിൽ നാസി ഡോക്ടർമാരുടെ വിചാരണവേളയിൽ അമേരിക്കൻ മെഡിക്കൽ അസോസിയേഷനെ പ്രതിനിധീകരിച്ചത് പ്രശസ്തനായ ഡോ: ആൻഡ്രൂ കോൺവേ ഐവിയായിരുന്നു. അദ്ദേഹം എഴുതി: 'ഉത്തരവാദിത്വമുള്ള ഒരു ധാർമിക ലോകത്ത് ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലക്ക് മാത്രമേ മനുഷ്യന് തികച്ചും സ്വതന്ത്രനും മനുഷ്യനുമായി ജീവിക്കാൻ സാധ്യമാവുകയുള്ളൂ. കാരണം ദൈവത്തിന്റെ ദൃഷ്ടിയിൽ മാത്രമേ മനുഷ്യന് യഥാർഥത്തിൽ തുല്യനായിരിക്കാൻ സാധ്യമാവുകയുള്ളൂ.' ന്യൂറംബർഗ് വിചാരണ വേളയിൽ ഒരവസരത്തിൽ 'മനുഷ്യനിർമിത നിയമങ്ങളാണ് അടിസ്ഥാനപരമായ മനുഷ്യാവകശത്തിന്റെ ഏക സ്രോതസ്സ് എങ്കിൽ ജൂതന്മാർക്കും ജിപ്സികൾക്കും പോളണ്ടുകാർക്കും മറ്റുരാഷ്ട്രീയ എതിരാളികൾക്കുമെതിരെ നാസികൾ നടത്തിയ അതിക്രമങ്ങളെ പിന്നെ എന്തിന് എതിർക്കണം? എന്ന ചോദ്യം ഡോ: ആൻഡ്രൂവിനെവളരെ അസ്വസ്ഥനാക്കി. അദ്ദേഹത്തിന്റെ എഴുത്ത് ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്: 'ദൈവത്തേയും ആത്യന്തിക ധാർമിക നിയമത്തേയും നിഷേധിക്കുകയാണെങ്കിൽ അടിമത്ത്വത്തിനെതിരെ കേവലമായ വാദമുഖമില്ല, ശക്തിയാണ് ശരി എന്ന തത്ത്വത്തെ എതിർക്കാൻ സാധ്യമാവുകയില്ല, മനുഷ്യനെതിരെ മനുഷ്യൻ നടത്തുന്ന ചൂഷണത്തെയും മറുത്ത് പറയാൻ നിർവാഹമില്ല. മനുഷ്യന് കേവലമായ ധാർമികതയോ, കേവലമായ മനസാക്ഷി സ്വാതന്ത്ര്യമോ, കേവലമായ സ്വാതന്ത്ര്യമോ, കേവലമായ കർമ ബാധ്യതയോ ഇല്ലാതിരിക്കുകയും എല്ലാം ആപേക്ഷിക മൂല്യങ്ങളു മാണെങ്കിൽ പിന്നെ ലോകത്ത് എങ്ങനെ നീതി പുലരും? അങ്ങനെയാണെങ്കിൽ മനുഷ്യനെ അടിമകളാക്കി വെച്ച വരായിരിക്കും ബുദ്ധിമാന്മാർ. മൂല്യങ്ങളെ സംബന്ധിച്ച വാചോടാപമെല്ലാം അധര വ്യായാമങ്ങൾ മാത്രമായി ത്തീരുകയും ചെയ്യും. നാം ഒരുകാര്യം മനസ്സിലാക്ക ണം ഇവിടെ സനാതനവും കേവലവുമ മായ ഒരു ധാർമികതയുണ്ട്. അതൊരി ക്കലും തന്നെ ലംഘിക്കപ്പെടുവാൻ പടുള്ളതല്ല. എല്ലാം മനുഷ്യനും ബലാൽസംഗത്തെയും അഗമ്യഗമനത്തേയും കൊലപാതകത്തെയും വെറുക്കുന്നു. പക്ഷേ രാഷ്ട്രീയത്തിൽ വരുമ്പോൾ പ്രത്യേകിച്ച് ഇന്റർനാഷണൽ പൊളിറ്റിക്സിൽ വരുമ്പോൾ നാം സ്വാർഥരായിത്തീരുന്നു. നീക്കു പോക്കുകൾ നമ്മുടെ മാർഗദർശനമായി തീരുകയും ചെയ്യുന്നു. ഇതെങ്ങനെ ശരിയാവും?. നിങ്ങൾ ഒരു കേവല മൂല്യത്തിൽ വിശ്വസിക്കുന്നുവെങ്കിൽ എന്തുകൊണ്ട് അത് നിങ്ങളുടെ വ്യക്തിപരമായ കാര്യത്തിൽ മാത്ര മൊതുങ്ങുന്നു. എന്ത് കൊണ്ട് അന്തർ ദേശീയ അതിർത്തിയിലേക്ക് അത് വ്യാപിക്കുന്നില്ല. ഏതെങ്കിലും ഒരു മനുഷ്യ ജീവൻ പവിത്രമല്ലെങ്കിൽ യാതൊരു മനുഷ്യ ജീവനും പവിത്ര തയില്ല എന്ന് പറയേണ്ടിവരും. ഒരാൾ തനിക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന തായിരിക്കണം അയാൾ മറ്റൊരാൾക്ക് നൽകേണ്ടത് എന്ന് എല്ലാ മതങ്ങളും ദിവ്യന്മാരും സഹസ്ര ഹാബ്ദങ്ങളായി പറഞ്ഞുവരുന്ന സുവർണ തത്ത്വങ്ങളാണ്. അതെല്ലാം ശരിയല്ലെന്ന് പറയാനാ വുമോ?". ഇതെല്ലാം വ്യക്തമാക്കുന്നത് മനുഷ്യനെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ കേവലമായ ധാർമിക മനസാക്ഷിക്കു ള്ള സ്ഥാനം ഒരിക്കലും കുറച്ചുകാണാൻ പാടില്ല എന്നാണ്. അഹ്മദിയ്യാ മുസ്‌ലിം സമൂഹം അത് മനസ്സിലാക്കുന്നു എന്നിടത്താണ് അഹ്മദിയ്യാ ഖിലാഫ ത്തിന്റെ പ്രാധാന്യവും പ്രസക്തിയും നില കൊള്ളുന്നത്.

'ഖിലാഫത്ത് ' എന്ന ഖുർആനിക സംജ്ഞയുടെ അർഥം മനുഷ്യന്റെ ആവാസ സ്ഥാനമായ ഭൂമിയിലെ മേൽനോട്ടം എന്നാണ്. മുസ്‌ലിംകളിലെ വിവിധ ഗ്രൂപ്പുകൾ ഈ പദത്തിന് വ്യത്യസ്തമായ വിവക്ഷകളും അർഥങ്ങളുമാണ് നൽകുന്നത്. എന്നാൽ അഹ്മദികൾ വിശ്വസിക്കുന്നത്, ദൈവത്തോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകളെപ്പറ്റി നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്ന ആത്മീയവും ധാർമികവുമായമാനങ്ങളുള്ള ഒരു ആഗോള സ്ഥാപനമാണ് ഖിലാഫത്ത് എന്നാണ്. ലോകത്തിലെ ഓരോ വ്യക്തിയുടെയും കാര്യത്തിലെന്ന പോലെ അന്തർദേശീയ രംഗത്തും കേവല നീതിയുടെ തത്ത്വങ്ങൾ ഉയർത്തിപ്പിടിക്കണമെന്നാണ് അഹ്മദിയ്യാ സമൂഹം ഉറച്ചു വിശ്വസിക്കുന്നത്. കേവല നീതി എല്ലാവർക്കും ലഭ്യമാകണമെന്ന അതിന്റെ നിർബന്ധം മാനവരാശിയെ സൗഹൃദ പൂർണ്ണമായ സഹവർത്തിത്വത്തിലേക്ക് നയിക്കുന്നു. മനുഷ്യന്റെ ആത്മീയവും ധാർമികവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് ലോക സമാധാനത്തിലേക്ക് അന്താരാഷ്ട്ര സമൂഹത്തെ നയിക്കാൻ ഈ നിലപാട് സഹായകമാണ്. സുന്നികളുടേയും ഷിയാക്കളുടേയും മതപൗരോഹിത്യം മുന്നോട്ട് വെക്കുന്ന ഖിലാഫത്ത് യഥാർഥത്തിലുള്ള ഇസ്‌ലാമിക ഖിലാഫത്തല്ല. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്ത് മാനവീയ മൂല്യത്തിലധിഷ്ഠിതവും മനുഷ്യന്റെ രാഷ്ട്രീയവും സാമൂഹികവുമായ വ്യവസ്ഥകളെ സുഗമമായി നടത്തിക്കൊണ്ട് പോവാൻ ഉതകുന്നതുമാണ്. മതങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തിനും അന്തർദേശീയ സമാധാനത്തിനും അത് ഏറ്റവും ആവശ്യവുമാണ്.


റഫറൻസ്

മുസ്നദ് അഹ്മദ്. മിശ്ക്കാത്ത്,

http:/www.alislam.org/egazett/updates/the-islamic-khilafath-its-rise-falland-reemergence



# ഇസ്‌ലാമിക വൈദ്യശാസ്ത്രം: തത്ത്വവും ചരിത്രവും

സമീന മിയാൻ

എല്ലാ വൈദ്യശാസ്ത്ര പാരമ്പര്യങ്ങളുടെയും നന്മകളെ സ്വാംശീകരിച്ച ഇസ്‌ലാംമതം അതിന്റെ മതാത്മക വ്യക്തിത്വത്തിൽ ഇസ്‌ലാമിക വൈദ്യവിജ്ഞാനീയത്തിന് തുടക്കം കുറിച്ചു.

**ഇ**സ്‌ലാമിക ശാസ്ത്രം അതിന്റെ തുടക്കത്തിൽ തന്നെ മനുഷ്യന്റെ ഭൗതിക സാഹചര്യത്തെ മാത്രമല്ല പരിഗണിച്ചിരുന്നത്. ഒരു ആത്മീയ സത്ത എന്ന നിലക്ക് മനുഷ്യനേയും തന്റെ സമൂഹത്തെയും നിശിതമായ വിശകലനങ്ങൾക്ക് വിധേയമാക്കിയിരുന്നു. ആദ്യത്തെ ഇസ്‌ലാമിക വൈദ്യൻ നബി(സ)യുടെ ഒരു അനുചരനായ ഹരീദുബ്നു കലാദ(റ) ആയിരുന്നു. ജുണ്ടിസ്പൂരിലായിരുന്നു അദ്ദേഹം പഠിച്ചത്. ആദ്യകാലങ്ങളിൽ വൈദ്യശാസ്ത്ര സരണിയുമായി ഈ ബന്ധമുണ്ടായിരുന്നെങ്കിലും അറബ് മുസ്‌ലിംകൾ ഈ രംഗത്ത് മുന്നേറിയില്ല. ആദ്യകാല വൈദ്യന്മാരെല്ലാം ഒന്നുകിൽ ക്രിസ്ത്യാനികളോ അതല്ല യഹൂദികളോ അതുമല്ലെങ്കിൽ പേർഷ്യക്കാരോ ആയിരുന്നു. അറബി മുഖ്യമായ വൈദ്യശാസ്ത്രഭാഷയായതിൽപിന്നെ അറബി മുസ്‌ലിംകൾ ഈ വിഷയത്തിന്റെ നാനാവിധങ്ങളായ വിജ്ഞാന ശാഖകളുടെ അഗാധ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും അതെല്ലാം അനുദിന ജീവിതത്തിന്റെ ഭാഗമായി മാറ്റുകയും ചെയ്തു. ക്രമേണ അവർ ഈ വിഷയത്തിൽ മുഴുകുകയായിരുന്നു.

ആദ്യകാലത്തിൽ ഇസ്‌ലാമിക പണ്ഡിതന്മാരുടെ ലക്ഷ്യം തലസ്ഥാനമായ ബാഗ്ദാദ് ആയിരുന്നു. അവിടെയായിരുന്നു ഖലീഫ ഹാറൂൺ അൽ റശീദ് (813-833) രാജ്യം ഭരിച്ചിരുന്നത്. അദ്ദേഹം ജ്ഞാനഭവനം (ബൈത്തുൽ ഹിക്മ) എന്ന പ്രശസ്തമായ ഇസ്‌ലാമിക പഠനകേന്ദ്രം സ്ഥാപിക്കുകയുണ്ടായി. അവിടെ ലൈബ്രറിയും തർജമകാര്യാലയവും വിദ്യാലയവും ഉണ്ടായിരുന്നു. ബൈത്തുൽ ഹിക്മയുടെ സ്ഥാപനത്തിന് ശേഷം 75 വർഷത്തിനുള്ളിൽ ഗ്രീക്കിലെ ഏറ്റവും പ്രഗല്ഭമായ രചനകളെല്ലാം അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഈ തർജമകളിൽ അരിസ്റ്റോട്ടിലിന്റെ തത്ത്വശാസ്ത്ര പുസ്തകങ്ങളും പ്ലേറ്റോയുടെ പ്രമുഖമായ പുസ്തകവും യൂക്ലിഡ്, റ്റോളമി, ആർക്കമിഡീസ്, ഹിപ്പോക്രാറ്റ്സ്, ഡിയോസ് കോറിഡ്സ്, ഗാലൻ അതുപോലെ പ്രധാനപ്പെട്ട ഇന്ത്യൻ പേർഷ്യൻ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും ഉൾപ്പെട്ടിരുന്നു.

ഹിപ്പോക്രാറ്റ്, അറബിയിൽ 'ബുക്റാത്ത്' എന്നാണ് അറിയപ്പെടുന്നത്. ആദ്യകാലങ്ങളിൽ തന്നെ അറബികളിൽ വൈദ്യശാസ്ത്രത്തിന്റെ പിതാവായി ഇദേഹം അറിയപ്പെട്ടിരുന്നു. തർജമാ പ്രസ്ഥാനം ആരംഭിച്ചതിൽ പിന്നെ ഹിപ്പോക്രാറ്റിന്റെ നിരവധി രചനകൾ അറബിയിലേക്ക് പരിഭാഷ ചെയ്യപ്പെടുകയുണ്ടായി. ഗാലന്റെ മിക്കവാറും പുസ്തകങ്ങൾ ഗ്രീക്കിൽ നശിച്ചുപോയെങ്കിലും അറബിയിലാണ് പിന്നീട് അത് നിലനിന്നത്. അറബികൾ അദ്ദേഹത്തിന്റെ തത്ത്വശാസ്ത്രത്തേക്കാൾ കൂടുതൽ അറിഞ്ഞത് അദ്ദേഹത്തിന്റെ വൈദ്യശാസ്ത്ര സംഭാവനകളായിരുന്നു.

ബൈത്തുൽ ഹിക്മയിലെ ഏറ്റവും പ്രഗല്ഭനായ പണ്ഡിതൻ ഹുനൈനുബ്നു ഇശാബ് ആയിരുന്നു. ഹുനൈൻ വൈദ്യം പഠിച്ചത് ബാഗ്ദാദിൽ വെച്ചാണ്. അവിടെ പേർഷ്യയിലെ ജുണ്ടിസ്പൂരിലെ പ്രശസ്തമായ വൈദ്യപഠന കേന്ദ്രത്തിൽ വെച്ച് വിദ്യയഭ്യസിച്ച ഒരു ഭിഷഗ്വരനായിരുന്നു അദ്ദേഹത്തെ പരിശീലിപ്പിച്ചിരുന്നത്. പേർഷ്യൻ വൈദ്യശാസ്ത്രത്തെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയുണ്ടായി. ഖലീഫയുടെ നേതൃത്വത്തിൽ ബൈത്തുൽ ഹിക്മയുടെ ചുമതല ഹുനൈൻ ഏറ്റെടുത്തതിന് ശേഷം എല്ലാ തർജമകളും അതിസൂക്ഷ്മമായി പരിശോധിക്കുകയുണ്ടായി. ഹുനൈൻ സ്വയം തന്നെ ധാരാളം വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്. അതിൽ കണ്ണ് രോഗത്തെ പറ്റിയുള്ള വൈദ്യശാ

സ്ത്രഗ്രന്ഥങ്ങളുമുണ്ടായിരുന്നു. ഹുനൈനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും സമാഹരിച്ചതും വിവർത്തനം ചെയ്തതുമായ വിജ്ഞാനങ്ങൾ ആധുനിക ശാസ്ത്രത്തിന് അടിത്തറ പാകുകയുണ്ടായി. പ്രത്യേകിച്ചും വൈദ്യശാസ്ത്രവിജ്ഞാനത്തിന്. പിന്നീട് ഈ അറബി രചനകളെല്ലാം ലാറ്റിൻ ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. സ്പെയിനും സിസിലിയും വഴിയാണ് ഈ വിജ്ഞാനങ്ങളെല്ലാം പാശ്ചാത്യരിലേക്കെത്തിയത്.

പ്രപഞ്ചത്തിൽ പ്രത്യക്ഷത്തിൽ നാം കാണുന്ന ഈ വ്യവസ്ഥിതിക്ക് പിന്നിൽ ഒരു ക്രമവ്യവസ്ഥയുണ്ടെന്ന ഗ്രീക്ക് വിശ്വാസമായിരുന്നു ഇസ്ലാമിക ശാസ്ത്രത്തിന്റെ അടിസ്ഥാനം. ഈ ക്രമവ്യവസ്ഥയെ നിയമങ്ങളാണ് ഭരിക്കുന്നത്. അത് മനുഷ്യയുക്തിക്ക് മനസ്സിലാക്കാൻ സാധിക്കുന്നതുമാണ്. ഈ നിയമങ്ങൾ ഒരിക്കൽ ഗ്രഹിച്ചു കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട മറ്റെല്ലാ പ്രതിഭാസങ്ങളെപ്പറ്റിയും നമുക്ക് മനസ്സിലാക്കാൻ സാധ്യമാണ്. പ്രപഞ്ചത്തിന്റെ യാഥാർഥ്യം മനസ്സിലാക്കാൻ പണ്ഡിതന്മാർ വിവിധ ജ്ഞാനമാർഗങ്ങളിലൂടെ അന്വേഷണം നടത്തുകയുണ്ടായി. അക്കാലത്തെ ശാസ്ത്രതത്ത്വശാസ്ത്രജ്ഞൻ (Scientist-philosopher) വെറുമൊരു സങ്കുചിത മനസ്കനായ വിദഗ്ധനായിരുന്നില്ല. വൈദ്യശാസ്ത്രം, രസതന്ത്രം, ജ്യോതിശാസ്ത്രം, ഗണിതം, തർക്കശാസ്ത്രം, അതിഭൗതികം എന്നീ വിഷയങ്ങളിൽ മാത്രമായിരുന്നില്ല അയാൾ വൈദഗ്ധ്യം നേടിയിരുന്നത്. സംഗീതത്തിലും കവിതയിലും അവരിൽ പലരും പ്രാഗല്ഭ്യം നേടി.

### അറബി വൈദ്യത്തിന്റെ തുടക്കം

മരുസ്ഥലവാസികളായ അറബികൾ പഴയ അന്ധവിശ്വാസങ്ങളിൽനിന്ന് മോചിതരായിക്കൊണ്ട് കൂടുതൽ നവീകൃതമായ ഒരു വൈദ്യവിജ്ഞാനീയത്തിലേക്ക് എട്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ക്രമേണ പുരോഗമിക്കുകയായിരുന്നു. പേർഷ്യയിലെ ജുണ്ടിസ്പൂരിലെ വൈദ്യവിജ്ഞാനകേന്ദ്രത്തിൽ നിന്നായിരുന്നു അറബി വൈദ്യശാസ്ത്രത്തിന് ഏറ്റവും വലിയ ഉത്തേജനം ലഭിച്ചത്. അവിടെ യുക്തിയിലധിഷ്ഠിതമായ ഗ്രീക്ക് പരിശോധനാ സമ്പ്രദായമായിരുന്നു പ്രാഥമികമായും അവർ പഠിച്ചിരുന്നത്. ജുണ്ടിസ്പൂരുമായുള്ള ഇസ്ലാമിന്റെ ബന്ധം ആരംഭിക്കുന്നത് എ.ഡി. 765 ലാണ്. ഒരു സാർവലൗകിക വിജ്ഞാനാന്വേഷണ ഫലമായിട്ടൊന്നുമായിരുന്നില്ല ഈ ബന്ധം നിലവിൽ വന്നത്. അതൊരു അടിയന്തരവും ആകസ്മികഫലവുമായിരുന്നു. ബാഗ്ദാദിന്റെ ഭരണസ്ഥാപകന് ഉണ്ടായ വിട്ടുമാറാത്ത ഒരു ദഹനക്കേടായിരുന്നു ജുണ്ടിസ്പൂരിലെ മുഖ്യ ഭിഷഗ്വരനും ക്രിസ്ത്യാനിയുമായിരുന്ന ജൂർജിസിനെ ബാഗ്ദാദിലെ ഖലീഫ ചികിത്സിക്കാൻ ക്ഷണിക്കാൻ കാരണം. അദ്ദേഹത്തെ പിന്നീട് കൊട്ടാര വൈദ്യനായി നിയമിക്കുകയും ചെയ്തു.

ജൂർജിസിനെ പോലെ ഇസ്ലാമിലെ ആദ്യകാല വൈദ്യവിജ്ഞാനികളെല്ലാം പേർഷ്യൻ ജാതരായിരുന്നു. പക്ഷേ അവരെല്ലാം സംസാരിച്ചതും എഴുതിയതും അറബിയിലായിരുന്നു. മദ്ധ്യകാലഘട്ടത്തിൽ അറബി ഭാഷയായിരുന്നു വിജ്ഞാനവിനിമയ ഭാഷ. പൗരസ്ത്യ വൈദ്യവിജ്ഞാനീയത്തിലെ ഏറ്റവും പ്രഗല്ഭനായ ഭിഷഗ്വരനായിരുന്ന അൽ -റാസി (എഡി 865-925) ആ കാലഘട്ട



അൽറാബി

ത്തിലെ ഏറ്റവും മഹാനായ വൈദ്യനായിരുന്നു. രോഗനിർണയരീതിയിലെ മൗലികതയിൽ അൽറാസി ഹിപ്പോക്രാറ്റിനോടായിരുന്നു താരതമ്യം ചെയ്യപ്പെട്ടത്. റാസി (ലാറ്റിനിൽ Rhazes) വൈദ്യം, രസതന്ത്രം, ദൈവശാസ്ത്രം, ജ്യോതിശാസ്ത്രം മുതലായ വിവിധ വിഷയങ്ങളിൽ ഇരുന്നൂറിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇതിൽ പകുതിയിലധികം പുസ്തകങ്ങൾ വൈദ്യശാസ്ത്രത്തെക്കുറിച്ചാണ്. വസൂരി രോഗത്തെക്കുറിച്ച് ഗവേഷണാത്മകമായി എഴുതിയ ഒരു പഠനഗ്രന്ഥം അതിൽപ്പെടും. മനുഷ്യനെ ബാധിക്കുന്ന പല വിധത്തിലുള്ള പനികളിൽനിന്ന് വസൂരിയുടെ പനിയെ തിരിച്ചറിഞ്ഞ ആദ്യത്തെ ഭിഷഗ്വരനാണ് ഇമാംറാസി. വസൂരിയുടെ പരിശോധനയും ലക്ഷണങ്ങളും വിവരിച്ചുകൊണ്ട് അദ്ദേഹം ചികിത്സകരെ രോഗനിർണയത്തിന് ശരിക്കും പ്രാപ്തരാക്കുകയും രോഗത്തിന്റെ ഗതി നിർണയിക്കാൻ പഠിപ്പിക്കുകയും രോഗത്തിന് ഒരു മൃദുവായ ചികിത്സ ശുപാർശ ചെയ്യുകയും ചെയ്യുന്നു. ഇക്കാലത്തും ചെയ്യുന്ന പോലെ നല്ല ഭക്ഷണം, നല്ല പരിചരണം, വിശ്രമം, ശുചിത്വം അതുപോലെ രോഗിക്ക് മനസ്സുഖവും നൽകണമെന്നാണ് അദ്ദേഹം ശുപാർശ ചെയ്യുന്നത്. ഇമാം റാസിക്ക് 17-ാം നൂറ്റാണ്ടിൽ മാത്രം കണ്ടുപിടിക്കപ്പെട്ട ബാക്ടീരിയയെക്കുറിച്ച് ഒന്നുമറിയില്ലായിരുന്നു. എങ്കിലും മദ്ധ്യകാല നിലവാരത്തെ അപേക്ഷിച്ച് ശുചിത്വതത്ത്വത്തെ സംബന്ധിച്ചും സൂക്ഷ്മാണുക്കളുടെ പ്രവർത്തനത്തെപ്പറ്റിയും അദ്ദേഹത്തിന് സഹജാവബോധം ഉണ്ടായിരുന്നു. ഒരിക്കൽ ബാഗ്ദാദിൽ ഒരു ആശുപത്രി പണിയാൻ അദ്ദേഹത്തിന് നിർദേശം ലഭിച്ചു. നിർമാണ പ്രവർത്തനം തുടങ്ങുന്നതിന് മുമ്പ് ബാഗ്ദാദ് നഗരത്തിന്റെ പലയിടങ്ങളിലായി മാംസക്കഷണങ്ങൾ തൂക്കിയിടാൻ അദ്ദേഹം ഏർപ്പാടു ചെയ്തു. ഏറ്റവും കുറഞ്ഞ തോതിൽ ജീർണനം സംഭവിച്ച മാംസം തൂക്കിയിട്ട സ്ഥലത്ത് ആശുപത്രി പണിയാനാണ് അദ്ദേഹം തീരുമാനിച്ചത്.

### ഇസ്ലാമിക വൈദ്യം ഉന്നതിയിലേക്ക്

പത്തും പതിനൊന്നും നൂറ്റാണ്ടുകളിൽ ഉന്നതരായ വൈദ്യവിജ്ഞാനികൾ രംഗപ്രവേശം ചെയ്ത കാലഘട്ടമായിരുന്നു. പൗരസ്ത്യദേശത്ത് അൽ മജൂസിയായിരുന്നു ആന്തരവൈദ്യത്തിൽ ഏറ്റവും പേരുകേട്ട വൈദ്യൻ. അന്തലൂസ് (സ്പെയിൻ) അതിന്റെ ഏറ്റവും പ്രശസ്തനായ ഭിഷഗ്വരൻ അൽ ഫറാവിയെ സംഭാവന ചെയ്തതും ഈ കാലഘട്ടത്തിലായിരുന്നു. മുസ്ലിം സർജൻമാരിൽവെച്ച് ഏറ്റവും പ്രഗല്ഭൻ അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ കിതാബ് അൽതാരിഫ് വൈദ്യവിജ്ഞാനത്തിന്റെ ഒരു സർവവിജ്ഞാന കോശമായിരുന്നു. നൂറ്റാണ്ടുകളോളം ശസ്ത്രക്രിയ വിദഗ്ധർക്ക് അതൊരു സഹായ ഗ്രന്ഥമായി നിലനിന്നു. നേത്രരോഗ ചികിത്സയിൽ വളരെയേറെ പുരോഗതിയുണ്ടായ ഈ കാലഘട്ടത്തിലാണ് അലി ഇബ്നു ഈസ ശസ്ത്രക്രിയവേളയിൽ അനസ്തീഷ്യ നൽകുന്ന പതിവ് ആദ്യമായി ആരംഭിച്ചത്.

### ഇബ്നുസീന



ഇബ്നുസീന

ഇസ്ലാമിന്റെ എക്കാലത്തെയും ഏറ്റവും വലിയ ഭിഷഗ്വര പ്രതിഭ അബൂ അലി ഇബ്നുസീനയായിരുന്നു.

'വൈദ്യവിജ്ഞാനികളുടെ രാജകുമാരനായ'അദ്ദേഹത്തെ പാശ്ചാത്യ പണ്ഡിത ലോകം അവിസെന്ന എന്നായിരുന്നു വിളിച്ചത്. ഇബ്നുസീനയെ അറിയുന്ന പൗരസ്ത്യലോകം 'ഇസ്ലാമിക വൈദ്യം' എന്നാണ് അദ്ദേഹത്തിന്റെ വൈദ്യശാസ്ത്രസംഭാവനകളെ വിശേഷിപ്പിച്ചത്. ബുക്കാറയിൽ ജനിച്ച അദ്ദേഹം സ്വയംതന്നെയാണ് വൈദ്യം പഠിച്ചത്. പതിനെട്ട് വയസ്സാകുമ്പോഴേക്കും അദ്ദേഹം തികഞ്ഞൊരു വൈദ്യനായിക്കഴിഞ്ഞിരുന്നു. എഡി 980 മുതൽ 1037വരെയായിരുന്നു ഇബ്നുസീനയുടെ ജീവിതകാലം. തത്ത്വശാസ്ത്രം, വൈദ്യം, ഗണിതം, ശരീരശാസ്ത്രം, കവിത, മതം മുതലായ വിഷയങ്ങളിൽ 170 പുസ്തകങ്ങളോളം അദ്ദേഹം എഴുതി. ഇബ്നുസീനയുടെ ഏറ്റവും പ്രശസ്തമായ പുസ്തകം അൽ ഖാനൂനു ഫിത്തിബ്ബ് (The Canon of medicine) രോഗത്തെയും സർവചികിത്സയേയും കുറിച്ച് പ്രതിപാദിക്കുന്ന ഒരു എൻസൈക്ലോപീഡിയയാണ്. വൈദ്യശാസ്ത്ര ചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഏകഗ്രന്ഥം ഇത് മാത്രമാണ്. ഈ വൈദ്യവിജ്ഞാനകോശം അഞ്ചു പുസ്തകങ്ങൾ അടങ്ങിയതാണ്.

1. വൈദ്യശാസ്ത്രത്തിലെ പൊതുതത്ത്വങ്ങൾ, 2. ലളിതമായ മരുന്നുകൾ, 3.ശരീരത്തിന്റെ ബാഹ്യവും ആന്തരവുമായ അവയവങ്ങളുടെ രോഗങ്ങൾ, 4. ശരീരത്തെ പൊതുവെ ബാധിക്കുന്ന രോഗങ്ങൾ, 5.മിശ്രിത മരുന്നുകൾ (Compound drugs)

പന്ത്രണ്ട് മുതൽ പതിനേഴ് നൂറ്റാണ്ടുകൾ വരെ Canon of Medicine ആയിരുന്നു യൂറോപ്യൻ മെഡിക്കൽ യൂനിവേഴ്സിറ്റികളിലെ മുഖ്യമായ വൈദ്യശാസ്ത്രഗ്രന്ഥം. ക്ഷയരോഗം പകരുന്ന സ്വഭാവം ആദ്യമായി നിരീക്ഷിച്ചറിഞ്ഞത് ഇബ്നു സീനയായിരുന്നു. ചില ത്വക്ക് രോഗങ്ങൾ, മാനസിക വൈകല്യങ്ങൾ മുതലായവയെ സംബന്ധിച്ച് അദ്ദേഹം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഗ്രീക്ക് പാരമ്പര്യം പാശ്ചാത്യൻ നാടുകളിലെത്താൻ നിമിത്തമായിത്തീർന്ന ഉജ്ജ്വല പ്രതിഭാശാലിയാണ് ഇബ്നുസീനയെന്ന് പാശ്ചാത്യൻ പണ്ഡിതന്മാർ കരുതുന്നു.

ഇബ്നുസീനക്ക് ശേഷം ഇസ്ലാമിക മെഡിക്കൽ സയൻസ് അതിന്റെ അടിസ്ഥാനപരമായ സമഗ്രത നിലനിർത്തിക്കൊണ്ട് പ്രാദേശികമായാണ് പിന്നീട് വികസിച്ചത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറാഖ്, സിറിയ മുതലായ രാജ്യങ്ങളും അയൽ പ്രദേശങ്ങളും കൈറോ, ഡമാസ്കസ് മുതലായ വൻനഗരങ്ങളും ഭിഷഗ്വരന്മാരുടെ ആകർഷണകേന്ദ്രങ്ങളായി മാറി. അവിടങ്ങളിലെല്ലാം വലിയ ആതുരാലയങ്ങൾ പണിതുയർത്തപ്പെടുകയുണ്ടായി. രണ്ടാം ഇബ്നുസീന എന്നറിയപ്പെട്ടിരുന്ന ഇബ്നു ഹാഫിസ് കൈറോയിലും ഡമാസ്കസിലും ഒരേ സമയമാണ് പ്രവർത്തിച്ചത്. ഇബ്നു ഹാഫിസ് ഇസ്ലാമികലോകത്ത് മാത്രമല്ല, ഇന്ത്യ, പേർഷ്യ മുതലായ രാജ്യങ്ങളിലും അറിയപ്പെട്ടിരുന്നു. 1280 എ.ഡി. യിലായിരുന്നു അദ്ദേഹത്തിന്റെ മരണം.

കൊളംബോക്കും സെർവീറ്റസിനും നൂറ്റാണ്ടുകൾക്ക് മുമ്പേ രക്തചംക്രമണ വ്യവസ്ഥയെക്കുറിച്ച് ഇബ്നുഹാഫിസ് വളരെ കൃത്യമായി വിശദീകരിച്ചിരുന്നു എന്ന വസ്തുത, 1924 ൽ ഈജിപ്ഷ്യൻ ഡോക്ടർ മുഹ്‌യുദ്ദീനുൽ തന്താവി വെളിപ്പെടുത്തിയതിന് ശേഷമാണ് ലോകം അറിയുന്നത്. വൈദ്യശാസ്ത്ര ചരിത്രത്തിൽ ഇത് സുപ്രധാനമായൊരു കണ്ടുപിടുത്തമായിരുന്നു. ലഘുരക്തചംക്രമണം കണ്ടെത്തിയ വില്യം ഹാർവിയേക്കാളും എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പേ ഇബ്നുഹാഫിസ് ഈ കണ്ടുപിടുത്തങ്ങൾ നടത്തിയിരുന്നു.

സ്പെയിനിൽ 11, 12 നൂറ്റാണ്ടുകൾക്കിടയിൽ ജീവിച്ച ഇബ്നു ഫുഹർ ഭക്ഷണത്തെയും ചികിത്സയെയും പറ്റി പഠിക്കാൻ സഹായിക്കുന്ന പുസ്തകം രചിച്ചിരുന്നു. (The book facilitating the study of Theraphy and Diet) സ്പെയിനിലെ വൈദ്യശാസ്ത്ര രംഗത്ത് ഏറ്റവും ചലനങ്ങൾ സൃഷ്ടിച്ച പുസ്തകമായിരുന്നു ഇത്. ഒരു സ്പാനിഷ് വൈദ്യനായിരുന്ന ഇബ്നുറുഷ്ദ് (ലാറ്റിൻ-അവറോസ്) വൈദ്യശാസ്ത്രം, തത്ത്വശാസ്ത്രം, നിയമം, ജ്യോതിശ്ശാസ്ത്രം എന്നീ വിഷയങ്ങളെപ്പറ്റി ഗ്രന്ഥങ്ങൾ രചിച്ചു. ഇബ്നു റുഷ്ദിന്റെ ബഹുമുഖ പ്രതിഭയ്ക്ക് ഉദാഹരണം അദ്ദേഹം ഒരേ സമയം സ്പെയിനിലെ മുഖ്യ ഭിഷഗ്വരനും സെവില്ലിയിലേയും കോർഡോവയിലേയും ന്യായാധിപനുമായിരുന്നു എന്നതാണ്. ഇബ്നു റുഷ്ദ് അരിസ്റ്റോട്ടിലിന്റെ ഏറ്റവും ആധികാരികമായ വ്യാഖ്യാതാവായാണ് അറിയപ്പെടുന്നത്. ഇസ്ലാമിക സ്പെയിനിൽ തന്നെ 12-ാം നൂറ്റാണ്ടിൽ ജീവിച്ച മറ്റൊരു ജൂത ഭിഷഗ്വരനായിരുന്നു ഇബ്നു മൈമൂൻ. അദ്ദേഹം സിറിയയിലെയും ഈജിപ്തിലെയും സുൽത്താന്റെ കൊട്ടാരവൈദ്യനായിരുന്നു. ഹിപ്പോക്രാറ്റിന്റേയും ഗാലന്റേയും വൈദ്യശാസ്ത്രരചനകൾക്ക് അദ്ദേഹം വ്യാഖ്യാനങ്ങളെഴുതി. ഇതുകൂടാതെ തന്റെ സ്വന്തം നിരീക്ഷണങ്ങളും അദ്ദേഹം ഗ്രന്ഥരൂപത്തിൽ എഴുതുകയുണ്ടായി. വ്യക്തിപരമായ ശുചിത്വത്തെയും ഭക്ഷണക്രമത്തെയും പറ്റിയായിരുന്നു ആ രചനകൾ. ഈ വിഖ്യാതരായ പ്രതിഭാധനന്മാർക്ക് ശേഷം സ്പെയിനിലെ വൈദ്യശാസ്ത്രരംഗം ക്രമേണ ശിഥിലമായി. മൊറോക്കോയിൽ മാത്രമാണ് പിന്നീട് അത് അതിജീവിച്ചത്. അത് ഇന്നും അവിടെ നിലനിൽക്കുന്നു.

പേർഷ്യയിലും ഇന്ത്യയിലും ഇബ്നുസീനയുടെ വൈദ്യശാസ്ത്രരചനകളായിരുന്നു പ്രാബല്യം നേടിയിരുന്നത്. 12-ാം നൂറ്റാണ്ടിൽ വളരെവിശദമായ ഒരു മെഡിക്കൽ എൻസൈക്ലോപീഡിയ പ്രത്യക്ഷപ്പെടുകയുണ്ടായി. ഇബ്നുസീനയുടെ അൽഖാനൂനുഫിബ്ബിനെ അനുകരിച്ചുകൊണ്ട് അൽ ജുർജാനി എഴുതിയതായിരുന്നു ആ ഗ്രന്ഥം. പിൽക്കാലത്ത് ഇബ്നുസീനയുടെ വൈദ്യശാസ്ത്ര ചിന്തകളും പാഠങ്ങളും നൂറ്റാണ്ടുകളോളം ഈ പ്രദേശങ്ങളിൽ തുടരാൻ കാരണം അദ്ദേഹത്തിന്റെ രചനകളായിരുന്നു.

മംഗോളിയരുടെ ആക്രമണത്തിന്ശേഷം ചൈനയും ഇസ്ലാമുമായി വമ്പിച്ച തോതിൽ സാംസ്കാരികവും വൈജ്ഞാനികവുമായ കൈമാറ്റങ്ങൾ നടക്കുകയുണ്ടായി. നാദിർഷായുടെ കാലമാവുമ്പോഴേക്കും ആധുനിക യൂറോപ്യൻ വൈദ്യശാസ്ത്രം പേർഷ്യയിൽ പരിചയപ്പെടുകയും പ്രചാരപ്പെടുകയും ചെയ്തു. ടെഹ്റാനിൽ ഖാജാറുകളുടെ കാലത്ത് ദാറുൽ ഫനൂൻ എന്ന പുതിയ സർവകലാശാല സ്ഥാപിച്ചതോടെ ഈ പ്രക്രിയ ശക്തിപ്പെട്ടു. അവിടെ ആധുനിക വൈദ്യശാസ്ത്രം അഭ്യസിപ്പിക്കപ്പെടുകയുണ്ടായി. പേർഷ്യയിലെ മറ്റിടങ്ങളിലും ഈജിപ്ത്, തുർക്കി, പടിഞ്ഞാറൻ ഭാഗത്തെ മറ്റു മുസ്ലിം രാജ്യങ്ങൾ എന്നിവിടങ്ങളിലും പാരമ്പര്യ ഇസ്ലാമിക വൈദ്യശാസ്ത്രം ദുർബലമായ രീതിയിൽ തുടരുകയും ചെയ്തു.

ഇന്ത്യയിലെ ഇസ്ലാമിക വൈദ്യത്തിന്റെ ചരിത്രം പേർഷ്യയുടേതിൽ നിന്ന് വേർപെടുത്താൻ സാധ്യമല്ലായിരുന്നു. 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ പേർഷ്യൻ ഭിഷഗ്വരന്മാർ വമ്പിച്ച തോതിൽ ഇന്ത്യയിലേക്ക് ഒഴുകുകയുണ്ടായി. വൈദ്യശാസ്ത്ര രംഗത്തെ ശാസ്ത്രഭാഷ അന്ന് പേർഷ്യനായിരുന്നു. 18-ാം നൂറ്റാണ്ടിനുശേഷമാണ് ഹിന്ദു മുസ്ലിം വൈദ്യന്മാർ ചേർന്ന് ഇസ്ലാ

മികവൈദ്യം പരിപോഷിപ്പിച്ചത്. ഇന്ത്യയിലും പാകിസ്താനിലും ബംഗ്ലാദേശിലും ഇസ്‌ലാമിക വൈദ്യം ഇന്നും സജീവമാണ്.

ഓട്ടോമൻ സാമ്രാജ്യത്തിന്റെ തുർക്കിഭാഗങ്ങളിൽ 15-ാം നൂറ്റാണ്ടുവരെ പേർഷ്യയുമായുള്ള ബന്ധം അവിഭാജ്യമായിരുന്നു. 17-ാം നൂറ്റാണ്ടു മുതലാണ് തുർക്കിയിൽ യൂറോപ്യൻ വൈദ്യശാസ്ത്രത്തിന്റെ സ്വാധീനമുണ്ടായത്. 19-ാം നൂറ്റാണ്ടോടുകൂടി ഇസ്‌ലാമിക ലോകത്ത് പാരമ്പര്യ ഇസ്‌ലാമിക വൈദ്യശാസ്ത്രത്തിനു പകരം യൂറോപ്യൻ വൈദ്യം വന്നു.

## ഇസ്‌ലാമും ഇസ്‌ലാമിക വൈദ്യവും

ഇസ്‌ലാമിക വൈദ്യത്തിന്റെ തത്ത്വങ്ങൾ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുമായി അഗാധമായി ബന്ധപ്പെട്ടു നിൽക്കുന്നു. മറ്റു ചില പുരാതനമായ വൈദ്യശാസ്ത്ര പാരമ്പര്യങ്ങളെ മുസ്‌ലിംകൾ സ്വാംശീകരിച്ചതിന്റെ ഫലമായിട്ടാണ് ഇസ്‌ലാമിക വൈദ്യം രൂപപ്പെട്ടത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗ്രീക്ക് വൈദ്യമായിരുന്നു.

പ്രകൃതി അല്ലാഹുവിന്റെ സൃഷ്ടിയാണ്. പ്രകൃതിയിൽ നിന്ന് ജ്ഞാനം ആരായുവാനും അതിൽനിന്ന് ഉത്തേജനം ഉൾക്കൊള്ളാനും ഇസ്‌ലാം അതിന്റെ അനുയായികളെ ഉദ്ബോധിപ്പിക്കുന്നു. ഒരു വ്യക്തിയുടെ ലക്ഷ്യവും മാർഗവും മതപരമായി അനുവദനീയമുള്ളതായിരിക്കണം (ഹലാൽ). അതുകൊണ്ട് ഇസ്‌ലാമിക വൈദ്യം മുഴുവനും ഖുർആനിലെയും ഹദീസിലെയും വിധിവിലക്കുകളനുസരിച്ചുള്ളതാണ്. വ്യക്തിപരമായ ശുചിത്വം, ഭക്ഷണക്രമം, അംഗശുചീകരണം മുതലായ ശരീരത്തെ സംബന്ധിക്കുന്ന ദൈവിക നിയമങ്ങൾ വൈദ്യശാസ്ത്രവുമായി ബന്ധമുള്ളതാണ്. ആരോഗ്യത്തിനായുള്ള ഒരു പ്രായോഗിക സഹായി എന്ന നിലയിൽ വിശുദ്ധഖുർആൻ വ്യക്തമായ ചില നിർദേശങ്ങൾ നൽകുന്നുണ്ട്. ഉദാഹരണത്തിന് കുളിയുടെ പ്രാധാന്യം ഖുർആൻ ഊന്നിപ്പറയുകയും പ്രാർഥനക്ക് തയ്യാറാവാൻ വേണ്ടിയുള്ള ഒരുക്കങ്ങളിൽ കുളിയെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇതിന്റെ ഫലമായി ഇസ്‌ലാമിക വൈദ്യത്തിനും ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്കും തമ്മിൽ ഒരു ബന്ധം സംജാതമാകുന്നു. ഗ്രീക്ക്, സിറിയൻ, ഇന്ത്യൻ, പേർഷ്യൻ മുതലായ വൈദ്യശാസ്ത്ര സമ്പ്രദായങ്ങളിൽ നിന്നും ഉരുവം കൊണ്ടതാണ് ഇസ്‌ലാമിക വൈദ്യത്തിലെ തത്ത്വവും പ്രയോഗവും എന്ന് ചരിത്രകാരന്മാർ പറയുന്നു. ചരിത്രകാരന്മാർ എന്തുതന്നെ പറഞ്ഞാലും ഇസ്‌ലാമിക വൈദ്യം ഇസ്‌ലാം മതവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടതാണ്. തിരുനബി(സ)യുടെ രണ്ടോ മൂന്നോ അനുചരന്മാർ വിദേശ ശാസ്ത്രങ്ങളായ വൈദ്യം പഠിച്ചിട്ടുണ്ടെന്നും അതിന്റെ പ്രയോഗത്താൽ ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യം വീണ്ടെടുക്കപ്പെടുമെന്നും വരെ ചില പണ്ഡിതന്മാർ ആരോപിക്കുന്നുണ്ട്. ഇസ്‌ലാമിക ലോകത്ത് പാരമ്പര്യ ഇസ്‌ലാമിക വൈദ്യമായി അവശേഷിക്കുന്ന വൈദ്യശാസ്ത്രം മുസ്‌ലിംകളുടെ മതവുമായി ബന്ധപ്പെട്ടതാണ്.

## ഇസ്‌ലാമിക വൈദ്യത്തിന്റെ പ്രയോഗം

ഇസ്‌ലാമിക സംസ്കാരം അതിന് അനുയോജ്യ മായ രീതിയിൽ വൈദ്യശാസ്ത്രത്തിന്റെ പരിശീലനത്തിനും പഠനത്തിനും ചില സ്ഥാപനങ്ങളും നിയമങ്ങളും നിർമിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ക്രിസ്തുമതത്തിന്റെയും ജൂതമതത്തിന്റെയും പശ്ചാത്തലമുള്ള ഭിഷഗ്വരന്മാരെല്ലാം ഇസ്‌ലാമികവത്കരിക്കപ്പെട്ടു. അവരുടെ വ്യക്തിത്വം ഇസ്‌ലാമികമായ 'ഹകീം' എന്ന പേരിലായിരുന്നു തിരിച്ചറിയപ്പെട്ടത്. ഹകീം എന്നാൽ ഭിഷഗ്വരനും തത്ത്വജ്ഞാനിയും അതുപോലെ എല്ലാ പാരമ്പര്യശാസ്ത്രത്തിലും പാരംഗതനുമായിരിക്കും.

ശസ്ത്രക്രിയ, ഔഷധശാസ്ത്രം മുതലായ വിഷയങ്ങൾ ആശുപത്രികളിൽ വെച്ചാണ് പഠിപ്പിക്കപ്പെട്ടിരുന്നത്. അതായത് ആ സ്ഥാപനം ഒരു മെഡിക്കൽ പഠനകേന്ദ്രമായിരുന്നു. ഇസ്‌ലാമിക വൈദ്യത്തിന്റെ പഠനവും പ്രയോഗവും ആശുപത്രി എന്ന സ്ഥാപനവുമായി ബന്ധപ്പെട്ടതാണ്. ആശുപത്രികളിൽ പടുകൂറ്റൻ ഗ്രന്ഥാലയങ്ങളും ലക്ചർ ഹാളുകളും മെഡിക്കൽ വിദ്യാർഥികൾക്ക് വേണ്ട മറ്റു സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. ഈ കാലഘട്ടത്തിലായിരുന്നു ഇന്ത്യാ ഉപഭൂഖണ്ഡ ത്തിൽ ഇസ്‌ലാമിക് മെഡിസിൻ പരിശീലിപ്പിക്കപ്പെടുന്ന അനേകം വമ്പിച്ച ആതുരാലയങ്ങളും ഡിസ്പെൻസറികളും നിലവിൽ വന്നത്. ഉദാഹരണത്തിന് ഹൈദരാബാദിലെ ഉസ്മാനിയാ ഹോസ്പിറ്റൽ, ഡൽഹിയിലെയും കറാച്ചിയിലേയും ഹംദർദ് യൂനിവേഴ്സിറ്റി മുതലായവ ഇസ്‌ലാമിക് മെഡിസിൻ ആശുപത്രികളുമായും കെമിസ്ട്രിയുമായും ബന്ധപ്പെട്ടുനിൽക്കുന്നു. പാരമ്പര്യ വൈദ്യന് പലവിധത്തിലുള്ള മരുന്നുകളെക്കുറിച്ചും അറിവുണ്ടായിരുന്നു, പ്രത്യേകിച്ചും ഔഷധികളെക്കുറിച്ച്.

മറ്റൊരു പ്രത്യേകത ഇസ്‌ലാമിക വൈദ്യവുമായി ബന്ധപ്പെട്ട് മുസ്‌ലിം ലോകത്ത് കാണപ്പെടുന്ന പാരമ്പര്യ സ്നാന സ്ഥലങ്ങളാണ് (ഹമാം). മുസ്‌ലിം വൈദ്യന്മാർ എല്ലാവിധ ചികിത്സക്കും പാരമ്പര്യ കുളി (Traditional bath) നിശ്ചയിച്ചിരുന്നു. തലവേദന മാറിക്കിട്ടാനും ഈ കുളിചികിത്സ നിർദേശിച്ചിരുന്നു. ഈ കുളി വൈദ്യവിധിയും മതപരമായ ശുചിത്വതത്ത്വങ്ങളും ഒരുപോലെ നിറവേറ്റിയിരുന്നു.

## ഇസ്‌ലാമിക വൈദ്യശാസ്ത്രതത്ത്വങ്ങൾ

ഇസ്‌ലാമിലെ വൈദ്യശാസ്ത്രതത്ത്വങ്ങൾ ഇസ്‌ലാമികമായ പ്രപഞ്ചവിജ്ഞാനീയം, അതിഭൗതികശാസ്ത്രം, തത്ത്വശാസ്ത്രം മുതലായവയുമായി ബന്ധപ്പെട്ടതാണ്. മനുഷ്യശരീരത്തെ ആത്മാവിന്റെ ബഹിർഭാഗവും അവിഭാജ്യവുമായ ഭാഗമായിട്ടാണ് മുസ്‌ലിം വൈദ്യവിജ്ഞാനികൾ കാണുന്നത്. അതായത് ആത്മാവും ശരീരവും പരസ്പരം വേർപ്പെടുത്താനാവാത്തതാണ്. മനുഷ്യശരീരത്തിൽ പ്രപഞ്ചശക്തികളുടെ സ്വാധീനവും പ്രതിപ്രവർത്തനങ്ങളും കണക്കിലെടുക്കുകയും അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഇസ്‌ലാമിക വൈദ്യന്മാർ നിലവിലുള്ള എല്ലാ ജീവജാലങ്ങളോടും സഹാനുഭൂതി കാണിക്കുന്നവനും അവ തമ്മിലുള്ള പരസ്പര ബന്ധത്തെപ്പറ്റി ബോധവാനുമാണ്. അതുകൊണ്ട് മനുഷ്യൻ ആന്തരികമായി അവന്റെ ആത്മാവിലും ശരീരത്തിലും ബാഹ്യമായി പ്രപഞ്ച വ്യവസ്ഥയോടും ബന്ധപ്പെട്ടവനായിരിക്കണമെന്ന് അവർ കരുതി.

മുസ്‌ലിംകൾ ആദിപാപസിദ്ധാന്തം നിരാകരിക്കുന്നു. മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു എന്ന ഇസ്‌ലാമിക തത്ത്വം രോഗങ്ങളും ബുദ്ധിമുട്ടുകളും ആദിപാപത്തിന്റെ ഫലമാണെന്ന സങ്കല്പത്തിന് വിരുദ്ധമാണ്. മനുഷ്യന്റെ ആത്മാവ് അവന്റെ സ്ഥൂല ശരീരവുമായി ബന്ധപ്പെട്ടതാണെന്നാണ് മുസ്‌ലിം വൈദ്യശാസ്ത്രത്തിന്റെ കാഴ്ചപ്പാട്. ജീവശക്തിയാവട്ടെ അതിനതീതമായ ഒരു ലോകത്ത് നിന്നു വരുന്നതുമാണ്. ഒരു രോഗിയുടെ ആരോഗ്യസ്ഥിതിക്ക് ഏഴു ഘടകങ്ങൾ ആവശ്യമാണെന്ന് അവർ കരുതി. വായു, ഭക്ഷണം, ശരീരത്തിന്റെ വിശ്രമം, ചലനം, ഉറക്കം, വൈകാരിക വിരാമം, വിസർജനം എന്നിവയാണവ.

മനുഷ്യശരീരത്തിന്റേതടക്കം എല്ലാ ജീവികളുടെയും ശരീരപ്രവർത്തനങ്ങൾ രക്തം, കഫം, മഞ്ഞപിത്തരസം, കറുത്ത പിത്തരസം എന്നീ നാല് രസങ്ങളെ

(Humours) അടിസ്ഥാനമാക്കിയാണ്. ഇസ്‌ലാമിക പാരമ്പര്യ വൈദ്യൻ ആന്തരാവയവങ്ങളെ മാത്രം പരിശോധിച്ചിട്ടല്ല ചികിത്സ നിശ്ചയിക്കുന്നത്. ബാഹ്യമായ വസ്തുതകളെപ്പറ്റി പഠിച്ച് പ്രസ്തുത രസങ്ങളുടെ സന്തുലനം തകരാറിലാക്കിയ കാരണങ്ങൾ കൂടി കണ്ടെത്തുമായിരുന്നു. ഈ കാരണങ്ങൾ തെറ്റായ ഭക്ഷണം കഴിക്കുന്നത് മുതൽ വൈകാരിക ക്ഷോഭം വരെ ആകാം. ഒരു മുസ്‌ലിം വൈദ്യനെ സംബന്ധിച്ചിടത്തോളം ആരോഗ്യം എന്നത് എന്ത് ഭക്ഷിക്കണം, എന്ത് കുടിക്കണം എന്നീ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള വ്യക്തിയുടെ ആഭ്യന്തര സ്ഥിതിയും പരിസ്ഥിതിയുമായുള്ള രമ്യമനോഹരമായ സന്തുലനമാണ്. ഭക്ഷണക്രമം, ചികിത്സ, വ്യായാമം, മറ്റു മുറകൾഎന്നിവയിലൂടെ ഈ ശരീര സന്തുലനം വീണ്ടെടുക്കാൻ സാധിക്കും. അത് തന്നെയാണ് ആരോഗ്യത്തിന്റെ പര്യായം.

ഇസ്‌ലാമിക വൈദ്യത്തിന്റെ ശാഖകൾ, അനാട്ടമി, ശരീരക്രിയാവിജ്ഞാനം (Physiology) ആന്തരീയ മരുന്നുകൾ, ശസ്ത്രക്രിയ, കണ്ണ് രോഗം, ശുചിത്വപാലനം, പൊതുജനാരോഗ്യം മുതലായവയാണ്. ശുചിത്വപാലനവും പൊതുജനാരോഗ്യവും ഇസ്‌ലാമിക വൈദ്യത്തിൽ ഏറ്റവും പ്രാധാന്യമേറിയതായി ഞാൻ കരുതുന്നു. കാരണം, ഇസ്‌ലാമിക വൈദ്യം രോഗചികിത്സയേക്കാൾ രോഗം തടയുന്നതിനാണ് പ്രാധാന്യം നൽകുന്നത്.

വ്യക്തിപരമായ ശുചിത്വത്തിനും പൊതു ശുചിത്വത്തിനും ഊന്നൽ നൽകാൻ കാരണം ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ പ്രത്യക്ഷ ഫലമാണ്. ഒരു മുസ്‌ലിമിന് സമയംതോറും പ്രാർഥിക്കണമെങ്കിൽ അനുഷ്ഠാനപരമായി അംഗശുദ്ധി വരുത്തി ശുചിത്വം പാലിക്കേണ്ടതാണ്. ഭക്ഷണക്രമത്തെപ്പറ്റി പറയുകയാണെങ്കിൽ ഒരു മുസ്‌ലിമിന് മദ്യവും പന്നിമാംസവും നിഷിദ്ധമാണ്. വ്രതാനുഷ്ഠാനം നിർബന്ധവും. ആഹാരത്തിൽ മിതത്വവും പാലിക്കണം. ഒരാൾ വയറു നിറയെ ആഹാരം കഴിക്കാൻ പാടില്ലാത്തതുപോലെ ഭക്ഷണം സാവകാശം ചവച്ചരച്ച് കഴിക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ ഈ വിധിവിലക്കുകൾ വൈദ്യശാസ്ത്രപരമായി നേരിട്ട് ഫലങ്ങളുളവാക്കുന്നവയാണ്. ആധുനിക വൈദ്യശാസ്ത്രത്തെ അപേക്ഷിച്ച് ഭക്ഷണക്രമത്തിന് ഇസ്‌ലാമിക വൈദ്യം വളരെയേറെ പ്രാധാന്യം നൽകുന്നു. ആരോഗ്യത്തിന് ഗുണദായകമായ രീതിയിലുള്ള ആഹാരവും ഭക്ഷണരീതിയുമായിരിക്കണം ഒരു മുസ്‌ലിം അനുവർത്തിക്കേണ്ടത്. മരുന്നിനേക്കാൾ ഭക്ഷണമാണ് മനുഷ്യന്റെ ആരോഗ്യത്തെ സ്വാധീനിക്കുന്നതെന്ന് അവർ കരുതുന്നു. പല്ല് തേക്കുന്നതിന് ടൂത്ത് ബ്രഷ് (മിസ്‌വാക്ക്) ഉപയോഗിക്കണമെന്ന് തിരുനബി(സ) നിഷ്കർഷിക്കുകയുണ്ടായി. ഒരവസരത്തിലും തിരുനബി പല്ലുതേക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും കാട്ടിയില്ല. രോഗം വൃത്തിഹീനമായ പരിതഃസ്ഥിതിയിലാണ് വരുന്നത്. അത് പാപത്തിനുള്ള ശിക്ഷയല്ല എന്നാണ് രോഗത്തെ സംബന്ധിച്ച ഇസ്‌ലാമിക സങ്കല്പം. പൊതുജനാരോഗ്യത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചുമുള്ള ഇസ്‌ലാമിക മതാദ്ധ്യാപനങ്ങൾ തികച്ചും വൈദ്യശാസ്ത്രമൂല്യമുള്ളതാണ്. മുസ്‌ലിം ലോകം സഹസ്രാബ്ദങ്ങളായി പരമ്പരാഗതമായി ഈ ശാസ്ത്രവും ആചാരങ്ങളും തുടർന്നുവരുന്നു.

## ഇസ്‌ലാമിക വൈദ്യം ഇന്ന്

ആധുനിക വൈദ്യശാസ്ത്രത്തിന്റെ കടന്നുകയറ്റത്തിനുമുന്നിൽ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി മുസ്‌ലിം ലോകത്തിലാകമാനം ഇസ്‌ലാമിക പാരമ്പര്യ വൈദ്യം നിരന്തരം ദുർബലമായിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഇന്ത്യാ ഉപഭൂഖണ്ഡത്തിലൊഴികെ പാരമ്പര്യ ഇസ്‌ലാമിക വൈദ്യശാസ്ത്രവും ഔഷധവിജ്ഞാനീയവും ജനകീയമായും ബൗദ്ധികതലത്തിലും നശിച്ചുകൊണ്ടിരിക്കുകയാണ്. പേർഷ്യ, ഇറാക്ക്, സിറിയ, ഈജിപ്ത് എന്നിവിടങ്ങളിൽ ഔഷധവിജ്ഞാനം, ഭക്ഷണക്രമചികിത്സാ സമ്പ്രദായങ്ങളിലൊഴിച്ച് മറ്റെല്ലാ രംഗത്തും പാശ്ചാത്യ വൈദ്യവിജ്ഞാനമാണ് ആധിപത്യം പുലർത്തുന്നത്.

ആധുനിക വൈദ്യത്തിലെ ഔഷധങ്ങളുടെ അപര്യാപ്തതയേയും ഗുണത്തേയും കുറിച്ച് പാശ്ചാത്യലോകത്ത് ഊഹാപോഹങ്ങളും ഭീതിയും വ്യാപിച്ചുവരികയാണ്. ചികിത്സക്കായി ഔഷധസസ്യങ്ങൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് പുതിയ ഒരു ഔത്സുക്യം ഉണർന്ന് വന്നിരിക്കുന്നു. ഇതിന്റെ ഫലമായി ഇസ്‌ലാമിക പാരമ്പര്യ വൈദ്യത്തിലേക്ക് വൈദ്യലോകത്തിന്റെ ശ്രദ്ധ വീണ്ടും തിരിയുകയാണ്. എല്ലാ മുസ്‌ലിം രാജ്യങ്ങളിലെ ഭരണകൂടങ്ങളും അവരുടെ പൗരന്മാർക്ക് മുഴുവനും ആരോഗ്യ പരിരക്ഷ നൽകാനുള്ള ഉദ്യമങ്ങളിലേർപ്പെട്ടിരിക്കുകയാണല്ലോ. ഉയർന്നുവരുന്ന ജനസംഖ്യയും പാശ്ചാത്യമാതൃകയിലുള്ള ഡോക്ടർമാരെ പരിശീലിപ്പിച്ചെടുക്കുന്നതിനുള്ള ദുർവഹമായ ചെലവും എല്ലാവർക്കും ആരോഗ്യം എന്ന പദ്ധതിയെ അസാധ്യമാക്കിതീർക്കുന്നു. 'ഹഖീം' എന്ന് വിളിക്കപ്പെട്ടിരുന്ന പണ്ടത്തെ വൈദ്യന്മാരുടെ കുറ്റിയറ്റുപോയിരിക്കുന്നു. ശേഷം പുതിയ ആളുകൾ ഈ സ്ഥാനങ്ങൾ ഏറ്റെടുത്തില്ല. ആയതിനാൽ മുസ്‌ലിം രാജ്യങ്ങളിൽ പല സ്ഥലങ്ങളിലും ചികിത്സാരംഗം വളരെ പരിതാപകരമാണ്. ഇറാനെപ്പോലെയുള്ള രാജ്യങ്ങളിൽ ഗ്രാമീണ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി പാരമ്പര്യ വൈദ്യത്തെ പുനരുജ്ജീവിപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടക്കുന്നുണ്ടെന്നത് ആശാവഹമാണ്.

1981 ൽ കുവൈറ്റിൽവെച്ച് ചേർന്ന അന്തർദേശീയ ഇസ്‌ലാമിക് മെഡിസിൻ കോൺഫറൻസിൽ അംഗീകരിച്ച മെഡിക്കൽ കരിക്കുലത്തിൽ ഒരു കാര്യം വെളിപ്പെടുത്തിയിരുന്നു. അതായത്, ജ്ഞാനാന്വേഷണത്തിന്റെ ഭാഗമായി ദൈവിക മുദ്രകളെപ്പറ്റിയുള്ള അഗാധമായ പഠനങ്ങൾ എന്ന നിലക്കും അതിന്റെ പ്രായോഗിക രൂപമായി രോഗാതുരനായ ഒരു മനുഷ്യനെ സഹായിക്കുക എന്ന നിലക്കും വിശ്വാസപരമായി വൈദ്യശാസ്ത്രം ഒരു ആരാധനയാകുന്നു എന്നതായിരുന്നു ആ വെളിപ്പെടുത്തൽ. കുവൈറ്റിലെ പ്രസ്തുത യോഗം അംഗീകരിച്ച മെഡിക്കൽ വിദ്യാഭ്യാസ കരിക്കുലത്തിൽ ഇസ്‌ലാമിക വൈദ്യസദാചാരത്തിന്റെ നിയമാവലിയും (Islamic code of Medical ethics) ഉൾപ്പെടുത്തിയിരുന്നു.

## ഉപസംഹാരം

പാകിസ്താൻ, ബംഗ്ലാദേശ് മുതലായ രാജ്യങ്ങളിലും ഇന്ത്യയിലെ മുസ്‌ലിം ജനസമൂഹത്തിലും മറ്റ് മുസ്‌ലിം രാജ്യങ്ങളിൽ ഭാഗികമായും ഇസ്‌ലാമിക വൈദ്യശാസ്ത്രം ഇന്ന് വളരെ സജീവമാണ്. ആത്മാവിനെ ശരീരത്തിൽനിന്നു വേർപ്പെടുത്തിയ ആധുനിക മനുഷ്യസമൂഹത്തിന്റെ ഔഷധവിജ്ഞാനീയത്തിനും ശരീര മനഃശാസ്ത്രത്തിനും (Psycho somatic) ഇപ്പോഴും ഉജ്ജ്വലമായ അദ്ധ്യാപനങ്ങൾ കാഴ്ച വെക്കാൻ ഇസ്‌ലാമിക വൈദ്യശാസ്ത്രത്തിന് കഴിവുണ്ട് എന്നതാണ് സത്യം.

ഗ്രന്ഥസൂചി

1. Nasr, Sayyed Hossein-1976. 'Islamic science: An Illustrated Study'. World of Islam Festival Publishing company Ltd. P. 273., 2. Stewart, Desmond-1967. 'Early Islam'. Time Incorporated, New York. P. 192., 3. Sardar Fiauddin. East West Disorder over the prince of scholars. 'New Scientist'. August 1981. P. 395. 4.Barton Richard Thomas- 1958. 'Religious Doctrines and Medical Practice'. Charles C Thomas. Publishers USA. P. 94.



# ചെങ്കോലും പ്രവാചകത്വവും

**മനുഷ്യന്റെ ആത്മാവിനു മുമ്പിൽ ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്. അധികാരവും ചെങ്കോലുമില്ലാതെ ദൈവപ്രേഷിതരായ പ്രവാചകന്മാർ തങ്ങളുടെ വിനയാന്വിതമായ ഉദ്ബോധനങ്ങളും ആത്മീയ ശക്തിയും കൊണ്ടാണ് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയത്.**

എ.എം. മുഹമ്മദ് സലിം

മനുഷ്യന്റെ ആത്മീയബോധത്തേയും ധിഷണാശേഷിയേയും അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്. ഖുർആൻ പറയുന്നു:

***'പറയുക: ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു.' ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ, ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ'*** (18:30)

ഇസ്‌ലാം മനുഷ്യഹൃദയങ്ങളെ കീഴടക്കിക്കൊണ്ടാണ് ജൈത്രയാത്ര നടത്തിയത്. റസൂൽ തിരുമേനി (സ) ജനങ്ങളെ കൂട്ടിയണച്ച് സംസ്കരിച്ചത് അധികാരബലം കൊണ്ടോ ആയുധബലം കൊണ്ടോ വിപ്ലവം കൊണ്ടോ ആയിരുന്നില്ല. അത് ഫാസിസം, നാസിസം, കമ്മ്യൂണിസം പോലെയുള്ള ഭൗതിക വിപ്ലവ പ്രസ്ഥാനങ്ങളുടെ വഴിയാണ്. വിപ്ലവത്തിന്റെ സംഹാരശക്തിയിൽ അധികാരം പിടിച്ചെടുത്തു എളുപ്പത്തിൽ ലക്ഷ്യം നേടാമെന്ന വ്യാമോഹം അവരാണ് ലോകത്തിന് നൽകിയത്. റസൂൽ തിരുമേനി(സ)യുടേത് ശ്രമകരമായ സഹനത്തിന്റെയും ഉപദേശത്തിന്റെയും ബുദ്ധിപരമായ വാദമുഖങ്ങളുടേയും സഹാനുഭൂതിയുടേയും ആത്മീയ പാതയാണ്. അവിടുത്തെ ആത്മീയ പ്രഭാവവും മഹത്തായ സ്വഭാവഗുണവും കൊണ്ടായിരുന്നു ജേതാവായത്. അധികാരബലവും ഖഡ്ഗബലവും കൊണ്ടല്ല. ഖുർആൻ പറയുന്നു:

*'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന്* വേണ്ടി പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക (3:160)

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ദിവ്യദൗത്യത്തിന്റെ ഭാഗമായി സദുപദേശകരായികൊണ്ടാണ് അതാത് ജനതകളെ സമീപിച്ചത്. അവരാരും തന്നെ ഖഡ്ഗം കയ്യിലേന്തിയവരായിരുന്നില്ല. സമൂദ് സമുദായത്തിലെ സ്വാലിഹ് നബി(അ) തന്റെ ജനതയോട് പറഞ്ഞു.

*'എന്റെ ജനമേ, എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ നിങ്ങൾ ആത്മാർഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല'* (7:80)

നൂഹ് (അ), ഹൂദ് (അ)ലൂത്ത് (അ) മൂസ (അ), ഈസ (അ) എന്നീ പ്രവാചകന്മാരെല്ലാം ഒരേസ്വരത്തിൽ തങ്ങളൊരു സന്ദേശവാഹകനും ഉപദേശകനുമാണെന്ന സത്യം ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ദൈവികദൗത്യം പൂർത്തീകരിച്ചത്. അവർ നിഷ്കരുണം, പീഡിപ്പിക്കപ്പെടുകയും വേട്ടയാടപ്പെടുകയും ഭർത്സിക്കപ്പെടുകയും ചെയ്തു. അപ്പോഴെല്ലാം കണ്ണുനീർ വാർത്തുകൊണ്ട് ദൈവത്തിനു മുമ്പിൽ പ്രണിപതിക്കുകയും സഹനപൂർവം എളിമയിൽ തങ്ങളുടെ ദൗത്യം തുടരുകയുമാണ് ചെയ്തത്. ഒരുപക്ഷേ അധികാരബലത്തിൽ വിശ്വസിക്കുന്നവർ ഇത് ബലഹീനതയായി കണ്ടേക്കാം. മനുഷ്യന്റെ ധാർമികവും അധ്യാത്മികവുമായ നന്മയിൽ വിശ്വാസമുള്ള മതപ്രവാചകന്മാരുടെ ഏറ്റവും പ്രയാസകരമായ വഴിയാണിത്. പ്രവാചകന്മാരുടെ ഈ ആത്മവ്യഥ ഹദ്റത്ത് മൂസാനബി (അ)ന്റെ വാക്കുകളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

***'അല്ലയോ നാഥാ, നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ അനുസരണയുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ'*** (7:127)

പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ)ക്ക് മുമ്പ് ഈസാനബി(അ) വന്നു. അന്ന് റോമൻ കോളനിയായിരുന്ന പലസ്തീനിൽ വെച്ച് ദൈവദൂതനായ മസീഹ് ഹദ്റത്ത് ഈസാനബി (അ) വിചാരണ ചെയ്യപ്പെടുകയുണ്ടായി. ഇന്നത്തെ ഇസ്‌ലാമിക മതരാഷ്ട്ര മൗലികവാദികളെപ്പോലെ ഭൗതികഭരണം ആഗ്രഹിച്ചുകഴിഞ്ഞിരുന്ന യഹൂദ ജനത്തിനു മുമ്പിലായിരുന്നു അവരുടെ മസീഹായ ഈസാനബി(അ) തന്റെ ദിവ്യദൗത്യവുമായി വന്നത്. തങ്ങളുടെ മസീഹ് അധികാരവും ചെങ്കോലും കൊണ്ട് വരുമെന്നായിരുന്നു യഹൂദികൾ പ്രതീക്ഷിച്ചത്. അധികാരദുര മൂത്ത യഹൂദികൾക്കു മുമ്പിൽ ചെങ്കോലും



സിംഹാസനവുമില്ലാത്ത വിനയാന്വിത നായി ദൈവിക പ്രവാചകൻ പ്രേഷിത ദൗത്യവുമായി വന്നുനിന്നു. അപ്പോൾ പരിഹാസപൂർവം അവർ നടത്തിയ ഭർത്സനവും പീഢനവും ബൈബിൾ രേഖപ്പെടുത്തുന്നു: *'യഹൂദരുടെ രാജാവേ സ്വസ്തി! എന്ന് പറഞ്ഞ് കൈ കൊണ്ട് അവനെ (യേശുവിനെ) അടിച്ചു'* (യോഹ: 19:3) യഹൂദരുടെ ക്രൂര മായ പരിഹാസത്തിന്റേയും ഭീഷണിയു ടെയും സമ്മർദത്താൽ പീലാത്തോസ് യേശുവിനോട് ചോദിച്ച ചോദ്യവും യേശുവിന്റെ ഉത്തരവും ബൈബിളിലു ണ്ട്.

*'പീലാത്തോസ് വീണ്ടും ആസ്ഥാന ത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ചു ചോദിച്ചു: 'നീ യഹൂദരുടെ രാജാവോ?....യേശു പറഞ്ഞു: 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂ ദർക്ക് എന്നെ ഏല്പിച്ചുകൊടുക്കാതി രിക്കാൻ എന്റെ ഭൃത്യർ പോരാടുമായി രുന്നു. എന്നാൽ എന്റെ രാജ്യം ഐഹി കമല്ല'* (യോഹ 18:35)

യഹൂദികളുടെ പ്രതീക്ഷക്ക് വിരുദ്ധ മായി അധികാരവും അംഗവസ്ത്രവുമി ല്ലാതെ മഹാനായ ആ ദൈവിക പ്രവാ ചകൻ ആഗതനായപ്പോൾ കിരീടമി ല്ലാത്ത പ്രവാചകന്റെ പുണ്യശിരസ്സിൽ ഭൗതിക പ്രമത്തരായ യഹൂദപ്പരിശകൾ മുൾക്കിരീടമണിയിച്ചു. രാജാവിന്റെ വേഷഭൂഷകൾക്കും സ്ഥാനവസ്ത്ര ങ്ങൾക്കും പകരം ചെങ്കുപ്പായവും ചെങ്കോലിനു പകരം ഞാണങ്ങാ ക്കോലുമണിയിച്ചു. അധികാരമില്ലാത്ത പരിശുദ്ധനായ ആ ദൈവപ്രവാചകനെ ഭീകരമായി പീഡിപ്പിച്ച ദാരുണചിത്രം ബൈബിൾ വരച്ചുകാട്ടുന്നു. *'അവർ അവനെ വസ്ത്രം അഴിച്ചുമാറ്റി. ഒരു ചെമന്ന പുറങ്കുപ്പായം അവനെ ധരിപ്പി ച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെന ഞ്ഞുണ്ടാക്കി അത് അവന്റെ തലയിൽ വെച്ചു. വലത് കൈയിൽ ഒരു ഞാണ ങ്ങാക്കോലും പിടിപ്പിച്ചു. പിന്നീട് അവർ അവന്റെ മുമ്പിൽ മുട്ടുകുത്തി പരിഹ സിച്ചു പറഞ്ഞു. 'യഹൂദരുടെ രാജാവേ, സ്വസ്തി! അവർ അവന്റെ മേൽ തുപ്പി. ഞാണങ്ങാക്കോൽ വാങ്ങി അവന്റെ തലക്കടിച്ചു. ഇങ്ങനെ പരിഹസിച്ച ശേഷം അവർ പുറങ്കുപ്പായം അഴിച്ചു മാറ്റി അവന്റെ വസ്ത്രം ധരിപ്പിച്ചു. കുരി ശിൽ തറക്കാൻ അവനെക്കൊണ്ടുപോ യി.* (മത്താ: 27:28-31) അധികാരവും ഭര ണവും പ്രതീക്ഷിച്ചിരുന്ന യഹൂദികളുടെ അടുക്കൽ വെറുംകൈയോടെ വിനീത നായി വന്ന നിഷ്ക്കളങ്കനായ പ്രവാച കനോടു കാണിച്ച ധിക്കാരവും ക്രൂര തയും അധികാരത്തോടും ഭൗതികനേട്ട ങ്ങളോടും അവർ കാണിച്ച ജുഗുപ്സാ വഹമായ അത്യാർത്തിയും ഈ ബൈബിൾ വചനങ്ങൾ വ്യക്തമാക്കു ന്നു. ഇക്കാലത്ത് അവതീർണനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)നെ മതരാഷ്ട്ര മൗലികവാദത്തിന്റെ വക്താക്കൾ നിഷേധിക്കുന്നതും പരിഹ സിക്കുന്നതും ഇസ്രയേലി മസീഹിനോട് യഹൂദികൾ ഉന്നയിച്ച അതേ ന്യായങ്ങൾ പറഞ്ഞുകൊണ്ടു തന്നെയല്ലേ?

സൃഷ്ടികളിൽ വെച്ചേറ്റവും ഉത്ത മനും പ്രവാചകശ്രേഷ്ഠനുമായ മുഹമ്മദ് നബി(സ) കാരുണ്യം കൊണ്ടും സ്നേഹം കൊണ്ടും വമ്പിച്ച ഒരു മനു ഷ്യസമൂഹത്തെ കീഴടക്കിയ മഹാത്മാ വാണ്. അദ്ദേഹം പട്ടാള സ്വേച്ഛാധിപ തിയെ പോലെ ഖഡ്ഗപാണിയായി വന്ന് അധികാരശക്തിയുടെ ബലംകൊണ്ടാണ് ഇസ്ലാമിന് വിജയമുണ്ടാക്കിയത് എന്ന ത് ഇസ്ലാം മതവിരോധികളുടേയും ഓറിയന്റലിസ്റ്റുകളുടേയും വിമർശന മാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ മൗലാനാ മൗദൂദി അദ്ദേഹത്തിന്റെ സ്വയംകൃതമായ മതരാഷ്ട്രവാദത്തെ ന്യായീകരിക്കാൻ റസൂൽ തിരുമേനി (സ)യുടെ തിരുഹസ്തങ്ങളിൽ ഖഡ്ഗം ചാർത്തുമ്പോൾ ഇസ്ലാം മതവിമർശക രുടെ വാദങ്ങൾക്ക് അത് സാധൂകരണ മാവുന്നു. ഇസ്ലാമിന്റെ പുറത്ത് നിന്നും ആയിരം ഓറിയന്റലിസ്റ്റുകളും ഇസ്ലാം മതവിരോധികളും നടത്തുന്ന വിമർശന ങ്ങളേക്കാൾ മാരകമാണ് ഇസ്ലാമിന്ന കത്ത് നിന്നും റസൂൽ തിരുമേനിയുടെ കയ്യിൽ ഖഡ്ഗം ചാർത്താനുള്ള ഒരു മുസ്ലിം പണ്ഡിതന്റെ ഈ ശ്രമം. മൗദൂദി സാഹിബ് എഴുതുന്നു:

*'അനുനയത്തിന്റെ എല്ലാരീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോ ധനം) പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കയ്യിലെടുത്തു. വാൾ തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാ വിന്റെ കളങ്കത്തേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണു മാറായി. സത്യം സ്വീകരിക്കാൻ വിഘ്നാ തമായി നിന്ന അവരുടെ അഹങ്കാര ത്തിനു ശമനമുണ്ടായി. ഉദ്ദണ്ഡ ശിര സ്കരായി ഔദ്ധത്യത്തോടെ നിലയുറ പ്പിച്ച അവർ അപമാനിതരായി എളിമ യോടെ തലകുനിച്ചു.* മൗലാനാ അബുൽ അഅ്ലാമൗദൂദി - അൽജിഹാദുഫിൽ ഇസ്ലാം പേ. 136-137)

ശത്രുവായിരിക്കെ ഊരിപിടിച്ച വാളു മായി റസൂൽ തിരുമേനി (സ)യെ വധി ക്കാൻ പാഞ്ഞടുത്ത ഹദ്റത്ത് ഉമറി (റ)ന് പരിവർത്തനമുണ്ടാക്കാൻ റസൂൽ തിരുമേനി(സ) പ്രയോഗിച്ച ആയുധമെ ന്തായിരുന്നു? ഹദ്റത്ത് അബൂബക്കർ, (റ)ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ) ഇവർ റസൂൽ തിരുമേനി (സ)യുടെ ഖഡ്ഗബലം കൊണ്ടോ അധി കാരശക്തികൊണ്ടോ മനംമാറ്റം വന്നവ രാണോ? - റസൂൽ തിരുമേനി(സ)യുടെ ഏതെങ്കിലുമൊരു അനുചരന്റെ മതംമാറ്റ ത്തിനു പിന്നിൽ മൗലാനാ മൗദൂദി ആരോപിക്കുന്നത്പോലെ കളങ്കിതമായ ഖഡ്ഗബലത്തിന്റെ പശ്ചാത്തലമുണ്ടോ?

ഇസ്ലാം മതം വിസ്മയകരമായ വിജയം നേടിയതിൽ അധികാരബല ത്തിന് യാതൊരു പങ്കുമില്ല. ഇത് അസ ന്ദിഗ്ധമായി പ്രഖ്യാപിക്കുന്ന നിരവധി വചനങ്ങൾ ഖുർആനിൽ കാണാം. അല്ലാഹു റസൂൽ തിരുമേനി(സ)യെ സം ബോധന ചെയ്തു പറയുന്നു.

*നീ ഉപദേശിക്കുക: നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. അവരുടെ മേൽ നിർബന്ധം ചെലു ത്താൻ നിനക്കധികാരമില്ല.* (89: 22, 25)

*നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവ രുടെ കാര്യനിർവാഹകനുമല്ല* (6:108)

*ആളുകൾ വിശ്വാസികളായി തീരു ന്നതിന് നീ നിർബന്ധിക്കുകയോ (10:100).*



# ഇസ്‌ലാം ചൈനയിൽ

ഡോ: എം. ഇസ്ഹാക്ക് ഖലീൽ

ഇസ്‌ലാം മതത്തിന്റെ ആദ്യകാലത്ത് തന്നെ ചൈന യിൽ ഇസ്‌ലാം മതം പ്രവേശിക്കുകയുണ്ടായി

**ഇ**സ്‌ലാം ചൈനയിൽ പ്രവേശിച്ചതിന്റെ ആദ്യനാളുകൾ പുരാതനചൈനീസ് രേഖകളിൽ ലഭ്യമാണ്. ക്വാങ്ങ്തുങ്ങ് വാർഷിക വരി റിക്കാർഡുകളിൽ ചൈനയിലേക്കുള്ള ആദ്യ മുസ്‌ലിമിന്റെ രംഗപ്രവേശനം ഇപ്രകാരകമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

'തങ്ങ് രാജഭരണത്തിന്റെ ആരംഭ കാലത്ത് കാൺടോണിലേക്ക് കംബോഡിയയിലെ അന്നാം സാമ്രാജ്യത്തിൽ നിന്നും മദീനയിൽ നിന്നും മറ്റു ചില രാജ്യങ്ങളിൽ നിന്നും ഒരുസംഘം അപരിചിതർ വന്നെത്തുകയുണ്ടായി. ഈ അപരിചിതർ സ്വർഗസ്ഥനെ (ദൈവത്തെ) ആരാധിക്കുന്നു. അവരുടെ ആരാധനാലയത്തിൽ വിഗ്രഹങ്ങളോ ബിംബങ്ങളോ ചിത്രങ്ങളോ ഇല്ല. ബുദ്ധമതത്തിൽ നിന്ന് വിഭിന്നമായ ഈ അപരിചിതരുടെ മതം ഇന്ത്യയോടടുത്ത മദീനയെന്ന സാമ്രാജ്യത്തിൽ നിന്നാണ് ഉദ്ഭവിച്ചത്. അവർ മദ്യം കഴിക്കുകയോ പന്നിമാംസം ഭക്ഷിക്കുകയോ ചെയ്യില്ല. അവർ സ്വയം അറുക്കാത്ത മൃഗങ്ങളുടെ മാംസം അവർ ഭക്ഷിക്കാറില്ല'. (Mission d'Ollone:Recherches sur les musalmans chnois, 1911)

റിപ്പോർട്ട് തുടരുന്നു....

'അവർ വളരെ സമ്പന്നരും തങ്ങൾ തിരഞ്ഞെടുത്ത നേതാവിനെ അനുസരിക്കുന്നവരുമാണ്. വാസ്തവത്തിൽ അറബികളുമായുള്ള യുദ്ധത്തിൽ പേർഷ്യൻ രാജാവായ ഫിറോസ് ചൈനയിൽ നിന്ന് സഹായം ആവശ്യപ്പെടുകയുണ്ടായി. (Chavannes E., Documents sur les Turcs Occidentaux) ചൈനീസ് രാജാവ് അയച്ച മറുപടിയിൽ പേർഷ്യ ചൈനയിൽ നിന്ന് വളരെ ദൂരെയായ തിനാൽ ആവശ്യമായ സൈന്യത്തെ അയക്കാൻ സാധ്യമല്ലെന്ന് പറയുകയാണുണ്ടായത്. ഇസ്‌ലാമിന്റെ മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാൻ (റ) ക്രി.വ.651ൽ ചൈനീസ് അംബാസഡറെ സ്വദേശത്തേക്ക് പോകുമ്പോൾ അനുഗമിക്കാൻ ഒരു പട്ടാള ജനറലിനെ അയക്കുകയുണ്ടായി.

പിന്നീട് വലീദിന്റെ ഭരണകാലത്ത് (ക്രി.വ 705-715) മുസ്‌ലിം ജനറൽമാർ ഇന്ത്യയിലേക്കും സ്പെയിനിലേക്കും കുതികൊള്ളുകയായിരുന്നു. മുസ്‌ലിം ഗവർണർ ജനറൽ ഓക്സസ് നദി മുറിച്ചുകടക്കുകയും ബുഖാറയും സമർക്കണ്ടും മറ്റു പട്ടണങ്ങളും കീഴടക്കി ചൈനയുടെ കിഴക്കൻ അതിർത്തിയിലേക്ക് മുന്നേറി. അങ്ങനെയാണ് ഉമവീ ഖലീഫമാരുമായി ചൈന നയതന്ത്ര ബന്ധം സ്ഥാപിക്കുന്നത്. ഈ ബന്ധം അബ്ബാസിയാ കാലഘട്ടം വരെ തുടർന്നു പോയി.(Thiersant P., Le Mahomatisme en China,Paris 1878,Vol.70-71)

മംഗോൾ വംശജർ ക്രി.വ. 1257ൽ അബ്ബാസിയാ ഖിലാഫത്ത് ആക്രമിച്ചു കീഴടക്കുന്നത് വരെ ചൈനക്കാരുമായുള്ള അറബ് ബന്ധം വാണിജ്യപരമാവും നയതന്ത്രപരവുമായിരുന്നു. മദ്ധ്യേഷ്യയിൽ തദ്ദേശീയരായ മുസ്‌ലിംകളോടും അറബികളോടുമൊപ്പം കച്ചവടക്കാരായും കൈതൊഴിൽകാരായും സൈനികരായും യുദ്ധ തടവുകാരായിപ്പോലും ചൈനക്കാർ അവിടെ കുടിയേറി താമസിച്ചിരുന്നു. അബ്ബാസിയാ ഖിലാഫത്തിനെ അതിനിഷ്ഠൂരമായി നശിപ്പിച്ച മംഗോളിയർ തന്നെ പിന്നീട് ഇസ്‌ലാം മതം സ്വീകരിക്കുകയുണ്ടായി. ചൈനയിലെ ഈ മംഗോൾ ഭരണാധികാരികൾ മുസ്‌ലിംകളെ ഉന്നത ഉദ്യോഗങ്ങളിൽ നിയമിച്ചു. ഈ ഉന്നതരായ മുസ്‌ലിംകൾ ചൈനയിൽ ഇസ്‌ലാം മതം സമാധാനപൂർവം പ്രചരിപ്പിക്കുന്നതിൽ വലിയ തോതിൽ വിജയിക്കുകയുണ്ടായി. വിവാഹം കഴിച്ചുകൊണ്ടും അവർ ഇസ്‌ലാം മത പ്രചരണത്തിന് ആക്കംകൂട്ടി. പതിനാലാം നൂറ്റാണ്ടിലെ പ്രഗല്ഭ അറബ് ലോകസഞ്ചാരിയായ ഇബ്നു ബത്തൂത്തയുടെ സഞ്ചാരക്കുറിപ്പുകളിൽ താൻ ചൈനയിലെ ചില തീരദേശ പട്ടണങ്ങൾ സന്ദർശിച്ചതായും അവിടെയുള്ള മുസ്‌ലിംകളിൽ നിന്നും ചൈനക്കാരിൽ നിന്നും ഏറ്റവും സൗഹൃദപൂർണമായ സഹകരണമാണ് ലഭിച്ചതെന്നും അവർക്ക് അവരുടേതായ പള്ളികൾ അവിടെയുണ്ടെന്നും രേഖപ്പെടുത്തുന്നു.

പിന്നീട് മദ്ധ്യകാലഘട്ടത്തിൽ ക്രമേണ മുസ്‌ലിം ജനസംഖ്യ തദ്ദേശീയരായ ചൈനീസ് ജനതയിൽ ലയിക്കു

കയുണ്ടായി. ഈ കാലഘട്ടത്തിൽ തിമൂർ രാജകുമാരന്മാരും ചൈനീസ് സാമ്രാട്ടുകളും തമ്മിൽ ദൗത്യസംഘങ്ങളെ കൈമാറുന്നത് ഒരു പതിവായിരുന്നു. മുസ്‌ലിം പ്രമുഖന്മാരുടെയും പണ്ഡിതന്മാരുടേയും അത്യുൽക്കടമായ പ്രചാരണാവേശം പ്രകടമായിരുന്നു. അത്തരം ഒരു സംഭവം സർ തോമസ് ആൾനോഡ് തന്റെ 'പ്രീചിംങ്ങ് ഓഫ് ഇസ്‌ലാം' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

ഷാറൂക്ക് ബഹദുർ ക്രി.വ.1412 ൽ സമർക്കന്ദിലെ തന്റെ കൊട്ടാരത്തിലെത്തിയ ഒരു ചൈനീസ് സുഹൃദ് സംഘത്തെ ഉപയോഗിച്ചു, ചൈനീസ് ചക്രവർത്തിക്ക് ഇസ്‌ലാം സ്വീകരിക്കാനുള്ള ക്ഷണക്കത്തയച്ചു. ചൈനയിലേക്ക് തിരിച്ചുപോയ സുഹൃദ് സംഘത്തിന്റെ കൂടെ അദ്ദേഹം ഒരു ദൂതനെ അയക്കുകയായിരുന്നു. ദൂതന്റെ പക്കലായിരുന്നു ചക്രവർത്തിക്കുള്ള രണ്ടു കത്തുകളുമുണ്ടായിരുന്നത്. അതിൽ അറബിയിൽ തയ്യാറാക്കിയ ആദ്യത്തെ കത്ത് ഇങ്ങനെയായിരുന്നു. 'കരുണാനിധിയും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവല്ലാതെ ആരാധ്യനില്ല., മുഹമദ്(സ) അവന്റെ ദൂതനാണ്. പ്രവാചകനായ മുഹമദ്(സ) ഇങ്ങനെപറയുന്നു. എന്റെ മതത്തിൽ ദൈവ കൽപ്പന അനുസരിക്കുന്ന ജനങ്ങൾക്ക് കുറവുവരികയില്ല. അവരെ എതിർക്കുകയോ സഹായിക്കുകയോ ചെയ്യുന്നവരുടെമേൽ ദൈവ കൽപ്പനഎത്തിക്കഴിഞ്ഞാൽ അവർ പരാജയപ്പെടുന്നതാണ്. ആദമിനേയും അവന്റെ വംശത്തെയും സൃഷ്ടിക്കുവാൻ തീരുമാനിച്ചപ്പോൾ ലോകനാഥനായ അല്ലാഹു പറഞ്ഞു:'നാമൊരു നിഗൂഢ നിധിയായിരുന്നു. പക്ഷേ വെളിപ്പെടുന്നതിൽ നാം സന്തുഷ്ടനുമായിരുന്നു. നമ്മെ അറിയാൻ വേണ്ടിയാണ് നാം മനുഷ്യരെ സൃഷ്ടിച്ചത്. മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അല്ലാഹുതന്നെ പറ്റിഅറിയിക്കാനും നേർമാർഗത്തിന്റെയും വിശ്വാസത്തിന്റെയും കൊടിപാറിക്കാനുമാണ് ഉദ്ദേശിച്ചത്. അതിനാലവൻ തന്റെ ദൂതന്മാരെ സത്യദർശനത്തോടും സത്യമതത്തോടും കൂടി അയച്ചു. മറ്റു മതങ്ങളെയും അതിജയിക്കാനുമായി. ബഹുദൈവ വിശ്വാസികൾ അതിൽ നിന്ന് മുഖം തിരിക്കും. തെറ്റും ശരിയും ഏതെന്ന് വേർതിരിച്ചറിയാനും അത് പ്രാവർത്തികമാക്കാനും അല്ലാഹു നിയമങ്ങളും കൽപ്പനകളും പുറപ്പെടുവിച്ചു. ദൂതന് അവൻ അദ്ഭുതകരമായ വിശുദ്ധ ഖുർആൻ നൽകി. അതുവഴി ദൂതനോട് തർക്കിക്കുകയും വാദം നടത്തുകയും ചെയ്തിരുന്ന അവിശ്വാസികളുടെ വായടഞ്ഞു. അല്ലാഹുവിന്റെ വിശുദ്ധാനുഗ്രഹം കൊണ്ടും മാർഗദർശനം കൊണ്ടും ഖുർആൻ അവസാനകാലം വരെ ശേഷിക്കും. അവന്റെ അറ്റമില്ലാത്ത പ്രതാപം കൊണ്ട് ലോകത്തിലെ എല്ലാഭാഗത്തും കിഴക്കും പടിഞ്ഞാറും ചൈനയിലും ശക്തനായ ഒരു ചക്രവർത്തി ഉയർന്നു വന്നിരിക്കുന്നു. വൻ സൈന്യങ്ങളുടെ അധിപനായ, വൻഅധികാരമുള്ള ആ ചക്രവർത്തി നീതിയും കാരുണ്യവും നടപ്പിലാക്കുകയും സമാധാനത്തിന്റെ ചിറകുകൾ വിരിക്കുകയും മനുഷ്യർക്ക് രക്ഷാബോധം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അവരിൽ സൽപ്രവർത്തനങ്ങളുണ്ടാക്കാനും അക്രമത്തിനും അനുസരണക്കേടിനും എതിരെ അവർക്ക് താക്കീത് നൽകാനും പ്രൗഢമായ മതത്തിന്റെ പതാക അവർക്ക് മീതെ ഉർത്താനും ആ ചക്രവർത്തി ബാധ്യസ്ഥനായിരിക്കുന്നു. ഏകദൈവത്തിലുള്ള വിശ്വാസം മുഖേന അദ്ദേഹം വിഗ്രഹ പൂജയെയും അവിശ്വാസത്തെയും നീക്കം ചെയ്തിരിക്കുന്നു. അത്യുന്നതങ്ങളിലെ അല്ലാഹു പണ്ടുകാലത്തും ഇപ്പോഴും കാരുണ്യം കൊണ്ട്, വിശുദ്ധ മതത്തിന്റെ നിയമങ്ങൾ നടപ്പിലാക്കാനും പ്രകാശിക്കുന്ന നേർമാർഗത്തിന്റെ കൽപ്പനകളുടെ തുടർച്ച ഉറപ്പുവരുത്താനും യത്നിക്കുന്ന നമ്മുടെ ഹൃദയങ്ങളെ ഉദ്ബോധിപ്പിക്കുന്നു നമ്മുടെ പ്രജകൾക്കിടയിലുണ്ടാവുന്ന എല്ലാ വഴക്കിനും വ്യവഹാരത്തിന്നും ദൈവദൂതന്റെ മതത്തിനും തിരഞ്ഞെടുക്കപ്പെട്ടവന്റെ ശാസനകൾക്കുമനുസൃതമായി വിധികൽപ്പിക്കാനും നമ്മോടവൻ ആജ്ഞാപിക്കുന്നു. ശാസ്ത്രങ്ങളുടെയും കലകളുടെയും പഠനം നിന്നു പോവാതിരിപ്പാനും മതകൽപ്പനകളും ചിഹ്നങ്ങളും മാഞ്ഞുപോവാതിരിക്കാനും പള്ളികളും കലാശാലകളും മഠങ്ങളും പർണശാലകളും സ്ഥാപിക്കപ്പെടണമെന്ന് അവൻ കൽപ്പിച്ചിരി ക്കുന്നു. സത്യത്തെയും സൽക്കർമങ്ങളെയും സഹായിക്കുകയും അവിശ്വാസവും വിഗ്രഹപൂജയും സൃഷ്ടിക്കുന്ന തിന്മകൾ നശിപ്പിക്കുകയും ചെയ്യുന്നതിനാണ് ഭൗതികമായ ഐശ്വര്യവും അധികാരവും ശക്തിയും നിലനിൽക്കുന്നതിനാൽ ദൈവത്തിങ്കൽനിന്നുള്ള അനുഗ്രഹവും പ്രതിഫലവും പ്രതീക്ഷിച്ചുകൊണ്ട് താങ്കളും താങ്കളുടെ സാമ്രാജ്യത്തിലെ പ്രഭുക്കന്മാരും ഇപ്പറഞ്ഞതിനോട് യോജിക്കുമെന്നും ദൈവത്താൽ സ്ഥാപിക്കപ്പെട്ട നിയമം ശക്തമാക്കുന്നതിൽ സഹകരിക്കുമെന്നും ആശിക്കുന്നു.



ബീചിങ്ങിലെ നിയൂജീ മസ്ജിദ്

പേർഷ്യനിലെഴുതിയ രണ്ടാമത്തെ കത്ത് കുറേകൂടി നേർക്കുനേരേയുള്ള ഒരപേക്ഷയാണ്. അറബിയിൽ കാണുന്ന വാക്യാലങ്കാരങ്ങൾ അതിലില്ല. കത്ത് ഇങ്ങനെപോകുന്നു: 'അത്യുന്നതനായ ദൈവം, അപാരമായ തന്റെ ജ്ഞാനവും ശക്തിയും വെച്ചുകൊണ്ട് ആദമിനെ (അ) സൃഷ്ടിക്കുകയും ആദമിന്റെ സന്താനങ്ങളെ ചിലരെ ഭൂമിയിൽ ദൈവദൂതന്മാരായി അയക്കുകയും ചെയ്തു. ജനങ്ങളെ സത്യത്തിലേക്ക് ക്ഷണിക്കുന്നതിനായിരുന്നു അത്. ആ പ്രവാചകന്മാരിൽ പെട്ട അബ്രഹാം, മോശെ, ദാവീദ്, മുഹമ്മദ് എന്നിങ്ങനെ ചിലർക്കവൻ ഗ്രന്ഥങ്ങൾ നൽകുകയും അവരെ നിയമം പഠിപ്പിക്കുകയും ചെയ്തു. അവരുടെ കാലത്ത് ജീവിച്ചിരുന്ന ജനങ്ങളോട് അതത് ഗ്രന്ഥവും നിയമവും അനുസരിക്കണമെന്ന് ദൈവം ആജ്ഞാപിക്കുകയും ചെയ്തു. ഈ ദൂതന്മാരെല്ലാം ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കാനും അവനെ ആരാധിക്കുവാനുമാണ് മനുഷ്യരെ ഉദ്ബോധിപ്പിച്ചത്. അവൻ സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും രാജാക്കന്മാരേയും ആരാധിക്കുന്നത് വിലക്കി. ഈ ദൂതന്മാർക്ക് വിഭിന്ന നിയമങ്ങളായിരുന്നു ഉണ്ടായിരുന്നതെങ്കിലും ദൈവത്തിന്റെ ഏകത്വം എന്ന സിദ്ധാന്തത്തിൽ അവർ ഒന്നായിരുന്നു. അവസാന ദൗത്യവും പ്രവാചകത്വവും ഒത്തു



റസൂൽ തിരുമേനിയുടെ അനുചരൻ സഅദുബ്നു അബീ വക്കാസ് (റ) പണിതതെന്ന് കരുതപ്പെറ്റുന്ന ഹുവായിഷെങ്ങിലെ പള്ളി

ചേർന്നപ്പോൾ മറ്റു ന്യായപ്രമാണങ്ങൾ എല്ലാം റദ്ദാക്കപ്പെട്ടു.

അദ്ദേഹമാണ് പിൽക്കാല ലോകത്തിന്റെ ദൂതനും പ്രവാചകനും. രാജാക്കന്മാരും പ്രഭുക്കന്മാരും ധനികരും ദരിദ്രരും ചെറിയവരും വലിയവരും മുഹമ്മദിന്റെ നിയമം അനുസരിക്കുകയും മറ്റുനിയമങ്ങളും വിശ്വാസങ്ങളും ഉപേക്ഷിക്കുകയും വേണം. ഇതാണ് സത്യവും പൂർണവുമായ മതം. ഇസ്‌ലാം എന്നാണ് അതിനെവിളിക്കുന്നത്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ചെങ്കിസ്ഖാൻ ആയുധമെടുക്കുകയും തന്റെ പുത്രന്മാരെ പല രാജ്യത്തേക്കയക്കുകയും ചെയ്തു. സറായ്ക്കറീം, ദശത് ഖഫ്ചാക്ക് എന്നിവിടങ്ങളിലേക്ക് പോയത് ജുജൂഖാനാണ്. അവിടെ ഉസ്ബക്ക് ഖാൻ, ചാനിഖാൻ, ഉറുസ് ഖാൻ എന്നീ രാജാക്കമാർ മുസ്‌ലിംകളായിതീർന്നു. അവർ പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ നിയമമനുസരിക്കുന്നു. ഖുറാസാനിലേക്കും ഇറാക്കിലേക്കും അയൽപക്ക നാടുകളിലേക്കും ഹല്ലാക്കുവാണ് പോയത്. ഹല്ലാക്കുവിന്റെ പുത്രന്മാരിൽ ചിലർ മുഹമ്മദീയ നിയമത്തിന്റെ പ്രകാശം ലഭിക്കുകയും അവർ മുസ്‌ലിംകളായി തീരുകയും അങ്ങനെപരലോകത്തെ ദൈവികാനുഗ്രഹത്തിന് പാത്രമാവുകയും ചെയ്തു. സത്യവാനായ സുൽത്താൻ ഗസ്സാൻ ഉൽയയ്തു, ഭാഗ്യവാനായ അബൂ സഈദുൽ ബഹാദൂർ എന്നിവർ അതിൽ ഉൾപ്പെടുന്നു. ആ പരമ്പരയിൽപെട്ടതാണ് ബഹുമാന്യനായ എന്റെ പിതാവ് അമീർ തിമൂർ ഖുർഖാൻ. സിംഹാസനസ്ഥനായപ്പോൾ അദ്ദേഹം മുഹമ്മദിന്റെ നിയമങ്ങൾ അനുസരിച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ അനുയായികൾ വളരെ ഐശ്വര്യത്തിലാണ് കഴിഞ്ഞിരുന്നത്. ഇപ്പോൾ ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് ഖുറാസാൻ ഇറാഖ് മാവാറാഹന്നഹർ (ട്രാൻസ് ഓക്സാനിയ) എന്നീ നാടുകൾ കൂടി എനിക്കധീനമായിരി ക്കുന്നു. എന്റെ രാജ്യം ഭരിക്കുന്നത് പ്രവാചകന്റെ വിശുദ്ധ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. നാം ജനങ്ങളിൽ സൽക്കർമങ്ങൾ വളർത്തുകയും തിന്മ തടയുകയും ചെയ്യുന്നു. യാർഗൂവും ചെങ്കിസ്ഖാന്റെ സ്ഥാപനങ്ങൾ നിർത്തലാക്കിയിരിക്കുന്നു. അന്ത്യവിധി ദിനത്തിൽ മോക്ഷവും വിമോചനവും ഇഹലോകത്ത് സന്തോഷവും സ്വാതന്ത്ര്യവും നിലനിൽക്കുന്നത് ഇസ്‌ലാമിക വിശ്വാസത്തിലാണ്. എല്ലാ പ്രജകളേയും ഒരേപോലെ നീതിയോടെയും സമത്വത്തോടെയും വീക്ഷിക്കുക എന്നത് നമ്മുടെ കടമയാണ്. ദൈവത്തിന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് താങ്കളും ദൈവദൂതനായ മുഹമ്മദിന്റെ നിയമമനുസരിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. അങ്ങനെതാങ്കൾ ഇസ്‌ലാമിനെ ശക്തിപ്പെടുത്തുമെന്നും ഇഹലോകത്തെ ക്ഷണികമായ അധീശത്വത്തിനു പകരം പരലോകത്തെ ശാശ്വതമായ അധീശത്വം നേടിയെടുക്കുമെന്നും നാം പ്രതീക്ഷിക്കുന്നു. (Abd-ur-Razzaq al Saarqandi in Malt'a Saadain,pp.60-61)

## റസൂൽ തിരുമേനി(സ)ക്കിറങ്ങിയ വെളിപാട്

ആയിശാ(റ)ൽ നിന്ന് നിവേദനം: ഹിശാമിന്റെ മകൻ ഹാരിസ് ഒരിക്കൽ നബി തിരുമേനി(സ)യോട് ചോദിക്കുകയുണ്ടായി അല്ലാഹുവിന്റെ പ്രവാചകരേ താങ്കൾക്ക് ദൈവിക സന്ദേശം വന്നുകിട്ടിയതെങ്ങനെയാണ് ? തിരുമേനി (സ) അരുളി: മണിനാദം മുഴങ്ങുന്നത് പോലെ ചിലപ്പോൾ എനിക്ക് ദിവ്യസന്ദേശം ലഭിക്കും. ഇതാണ് എനിക്ക് താങ്ങാൻ ഏറ്റവും പ്രയാസക രമായിട്ടുള്ളത്. പിന്നീട് അത് നിലക്കുമ്പോഴേക്കും ആ സന്ദേശ വാഹകൻ പറഞ്ഞത് ഞാൻ ശരിക്കും ഹൃദിസ്ഥമാക്കി കഴിഞ്ഞിട്ടുണ്ടായിരിക്കും മറ്റു ചിലപ്പോൾ പുരുഷ രൂപത്തിൽ മലക്ക് എന്റെ മുന്നിൽ പ്രത്യക്ഷപെട്ടിട്ട് സംസാരിക്കും. മലക്ക് പറഞ്ഞതെല്ലാം ഞാൻ ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു. ആയിശ(റ) പറയുന്നു: കഠിന ശൈത്യമുള്ള ദിവസം പോലും തിരുമേനി(സ) ക്ക് ദിവ്യ സന്ദേശം കിട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട് അതിൽ നിന്ന് വിരമിച്ച് കഴിയുമ്പോൾ അവിടുത്തെ നെറ്റിത്തടം വിയർത്തൊലിക്കുന്നുണ്ടാകും (ബുഖാരി)

# മുസ്‌ലിം ലോകത്തിന്റെ ശാസ്ത്ര പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്ത് ?

ആരോൺ സേഗൾ

മുസ്‌ലിം നാടുകളിലെ ശാസ്ത്ര പിന്നോക്കാവസ്ഥയെ ലേഖകൻ സൂക്ഷ്മമായും വസ്തുനിഷ്ഠമായും പരിശോധിച്ച് വിലയിരുത്തുന്നു. മിഡിൽ ഈസ്റ്റ് ക്വാർട്ടർലിയിൽ വന്ന ലേഖനത്തിന്റെ പരിഭാഷ. കഴിഞ്ഞലക്കത്തിന്റെ തുടർച്ച

**ദാർശനിക പ്രതികരണങ്ങൾ**

പാകിസ്താനി ഭൗതികശാസ്ത്രജ്ഞനും ശാസ്ത്രനയരൂപീകരണ വിദഗ്ധനുമായ പർവേസ് ഹൂദ്ബോയ് ആധുനിക ശാസ്ത്രത്തോടുള്ള മുസ്‌ലിം പ്രതികരണങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ഒരു ചെറിയവിഭാഗം യാഥാസ്ഥിതികമുസ്‌ലിംകൾ ശാസ്ത്രത്തെ അധാർമികവും തികച്ചും ഭൗതികവുമായി കണ്ടുകൊണ്ട് അതിനെ നിരാകരിക്കുന്നു. ഉദാഹരണത്തിന് ഈജിപ്തിലെ ഒരു മുസ്‌ലിം സംഘടനാ നേതാവ് പകർച്ചവ്യാധികളെ ദൈവീക ശിക്ഷയായാണ് പ്രഖ്യാപിച്ചിരിക്കുന്നത്. (ദൈവം രോഗാണുക്കളെ സൃഷ്ടിക്കുകയും അവൻ ആഗ്രഹിക്കുന്നവരിൽനിന്ന് അവയെ അകറ്റി നിർത്തുകയും ചെയ്യുന്നു.) അവയെ വിപാടനം ചെയ്യുന്നതിനുള്ള ശാസ്ത്രീയശ്രമങ്ങൾക്കെതിരെ വാദിക്കുകയും ചെയ്യുന്നു. രണ്ടാമതായി ഒരു വലിയവിഭാഗം ആളുകൾ ഖുർആനിക വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വെളിപാടുകൾക്കും ഭൗതിക യാഥാർഥ്യങ്ങൾക്കുമിടയിൽ ഒരു അനുരഞ്ജനത്തിന്റെ പാതതേടുന്നു. മൂന്നാമത്തെ വിഭാഗം, ഒരു പക്ഷേ ഏറ്റവും പ്രമുഖമായത്, കരുതുന്നത് മതവിശ്വാസവും ആധുനിക ശാസ്ത്രവും തികച്ചും വിഭിന്നങ്ങളായ രണ്ട് സരണികളാണെന്നാണ്. ഇസ്‌ലാമും ശാസ്ത്രവും തമ്മിൽ യാതൊരുതരത്തിലുള്ള ഭിന്നതയുമില്ലെന്ന അവ്യക്തമായ ഒരു വിശ്വാസത്തെ താങ്ങിനിർത്തുന്ന കാഴ്ചപ്പാടാണിത്.

തികച്ചും അവ്യക്തമായ ഈ ഒരു സമീപനത്തെ മുൻനിർത്തിക്കൊണ്ടു തന്നെ പറയട്ടെ, ഇസ്‌ലാമും ശാസ്ത്ര സാങ്കേതികവിദ്യയും തമ്മിൽ ഏതെല്ലാം തരത്തിൽ സമരസപ്പെട്ടുപോകുന്നുഎന്നതിനെക്കുറിച്ച് കാര്യമായ ഒരു സംവാദവും നടന്നിട്ടില്ല. മതപണ്ഡിതന്മാരാകട്ടെ ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ തത്പരരായിരുന്നില്ല. ഇത്തരം വിഷയങ്ങൾ ഉയർത്തിക്കാട്ടി മതവിഭാഗങ്ങളുടെ അപ്രീതിനേടാൻ ശാസ്ത്രസമൂഹവും ആഗ്രഹിച്ചില്ല. ഇറാൻ ഉൾപ്പടെയുള്ള മിക്ക മുസ്‌ലിം രാജ്യങ്ങളിലും ശാസ്ത്രജ്ഞന്മാരും മത പണ്ഡിതന്മാരും തമ്മിലുള്ള ധാരണ ഇരുവിഭാഗങ്ങളെയും മോശമായി ബാധിച്ചേക്കാവുന്ന ഒരു വിഷയത്തെക്കുറിച്ചും സംവാദം പാടില്ല എന്നതാണ്. ഇസ്‌ലാമികനേതൃത്വം ഒരിക്കലും ശാസ്ത്രസിദ്ധാന്തങ്ങളെ ചോദ്യംചെയ്തില്ല. അതുകൊണ്ടുതന്നെ ശാസ്ത്രത്തിന്റെ അധ്യാപനങ്ങളും ആശയങ്ങളും മതത്തിന്റെ വെല്ലുവിളികളിൽനിന്ന് മുക്തമായിരുന്നു. ഉദാഹരണത്തിന് ഡാർവിന്റെ പരിണാമ സിദ്ധാന്തം പഠനവിഷയമാക്കാൻ വിലക്കുണ്ടായിരുന്നത് സൗദി അറേബ്യയിൽ മാത്രമായിരുന്നു.

ഇസ്‌ലാമും ശാസ്ത്രവും തമ്മിലുള്ള പൊരുത്തത്തെക്കുറിച്ചുള്ള സംവാദങ്ങളിലൊന്നും ഖുർആനെയോ അത് അവകാശപ്പെടുന്ന അപ്രമാദിത്വത്തെയോ വിഷയമാക്കിയില്ല. ജീവനുള്ളതും ഇല്ലാത്തതുമായ സർവചരാചരങ്ങളെയും സൃഷ്ടിച്ചവൻ എന്നാണ് മഹത്തായ, കലർപ്പില്ലാത്ത ഏകദൈവവിശ്വാസം പ്രഘോഷിക്കുന്ന ഖുർആൻ ദൈവത്തെ വിശേഷിപ്പിക്കുന്നത്. ഭൂകമ്പവും മറ്റു പ്രകൃതി പ്രതിഭാസങ്ങളും ദൈവത്തിന്റെ ഇച്ഛയനുസരിച്ച് സംഭവിക്കുന്നു. പ്രകൃതി എന്നത് അവനിൽനിന്നാണ് ആവിർഭവിച്ചത്. ചില പണ്ഢിതന്മാർ ജീവശാസ്ത്രം, ആവാസവ്യവസ്ഥ തുടങ്ങിയ പരിസ്ഥിതി ശാസ്ത്രത്തിന്റെ ഒരു മാതൃക ഖുർആനിൽ ദർശിക്കുന്നു. എന്നാൽ ഏഴാം നൂറ്റാണ്ടിൽ നിലവിൽവന്ന ഒരു വിശുദ്ധ ഗ്രന്ഥത്തിൽ ശാസ്ത്രത്തിന്റെ സമ്പൂർണ മാതൃക തിരയുന്നിടത്താണ് എല്ലാ പ്രശ്നങ്ങളും നിലകൊള്ളുന്നത്. ഒരു വചനത്തിൽ (6:1) ഇങ്ങനെ പറയുന്നു, അവൻ ആകാശ ഭൂമികളെ ആറ് ദിനങ്ങൾകൊണ്ട് സൃഷ്ടിക്കുകയും തുടർന്ന് സിംഹാസനത്തിൽ ഉപവിഷ്ടനാവുകയും ചെയ്തു. ഈ വചനങ്ങളെ പദാനുപദം വ്യാഖ്യാനിക്കുകയാണെങ്കിൽ ജ്യോതിശാസ്ത്രവും കോസ്മോളജിയും ഭൂഗർഭ ശാസ്ത്രവും എല്ലാംതന്നെ തകർന്നുതരിപ്പണമാകും. ദൈവത്തിന്റെ ദൃഷ്ടിയിൽ ദിനം എന്നത് ഒരു കാലയളവിന്റെ സൂചികമാത്രമാണെന്നും ഭൂമിയിലെ ഇരുപത്തിനാല് മണിക്കൂറുകളല്ലെന്നും മനസ്സിലാക്കുന്നതിനോ അല്ലെങ്കിൽ ഈ വചനങ്ങൾക്ക് ഒരു ആലങ്കാരികാർഥം നൽകുന്നതിനോ മുസ്‌ലിംകൾ (മറ്റ് ക്രൈസ്തവ, ജൂത മതസ്ഥരെപ്പോലെതന്നെ) തയ്യാറാകുന്നില്ല. മുസ്‌ലിം ഭൂഗർഭശാസ്ത്രജ്ഞർ തങ്ങളുടെ തൊഴിൽസംബന്ധമായ തീരുമാനങ്ങൾ ഖുർആനികഅധ്യാപനങ്ങളുമായി യോജിച്ചുപോകുന്നവയാണോ എന്ന അന്വേഷണം കൂടാതെതന്നെ തങ്ങളുടെ ജോലിയിൽ മുഴുകുന്നു.

പാശ്ചാത്യരും ഇസ്‌ലാമും തമ്മിൽ തുടർന്നുപോരുന്ന തീക്ഷ്ണമായ സംവാദങ്ങളിൽ ശാസ്ത്രം ആശ്ചര്യകരമാംവിധം മാറ്റിനിർത്തപ്പെട്ടു. മതതീവ്രവാദികൾ സാമൂഹ്യവ്യവസ്ഥയെയും അഴിമതിയെയും അധാർമികതയെയും തങ്ങളുടെ ആക്രമണത്തിന് കുറിമാനമാക്കിയപ്പോൾ ശാസ്ത്രം കൈക്കൊണ്ട ചെറിയതോതിലുള്ള ദൈവനിഷേധനിലപാടുകളെ വെറുതെവിട്ടു. ഇസ്‌ലാമിക

ദാർശനികചരിത്രത്തിന്റെ പൊതുസ്വഭാവം സുസംഘടിതമല്ലാത്ത ഒരുകൂട്ടം ചിന്തകരുടെ വ്യക്തിപരമായ പരിശ്രമഫലമായുള്ള നേട്ടങ്ങളായിരുന്നു.

ഉദാഹരണത്തിന് സർ സയ്യിദ് അഹ്മദ് ഖാൻ(1817–98) തന്റെ ജീവിതത്തിന്റെ നല്ലൊരു ഭാഗം ഉഴിഞ്ഞുവെച്ചത് പാശ്ചാത്യ ശാസ്ത്രതത്ത്വങ്ങൾ ഇസ്‌ലാമികവിരുദ്ധമല്ല എന്ന് ഇന്ത്യയിലെ മുസ്‌ലിംകളെ ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു. പ്രകൃതിയും യുക്തിയും തമ്മിൽ ബന്ധിപ്പിക്കുന്ന വചനങ്ങൾ കണ്ടെത്തുന്നതിന് ഖുർആൻ പുനർവ്യഖ്യാനത്തിലൂടെ അദ്ദേഹത്തിന് സാധിച്ചു. അങ്ങനെ ആധുനിക മനുഷ്യന്റെ ശാസ്ത്രീയാഭിരുചികൾക്ക് യോജിച്ച തികച്ചും യുക്തിഭദ്രമായ ഒരു മതത്തിന്റെ ഉറവയാണ് ഖുർആനെന്ന് അദ്ദേഹം മുസ്‌ലിംലോകത്തോട് പറഞ്ഞു. തന്റെ കാലഘട്ടത്തിലെ ശാസ്ത്രവുമായി പൊരുത്തപ്പെടുത്തുന്നതിനായി ഖുർആനെയും ഹദീസുകളെയും വിശദീകരിക്കാൻ അദ്ദേഹം ചങ്കൂറ്റം കാണിച്ചു. ഈജിപ്തുകാരനായ മുഹമ്മദ് അബ്ദു (1849–1905) രൂപം നൽകിയ യുക്തിയിലധിഷ്ടിതമായ വിശ്വാസരീതിയായിരിക്കാം ഒരു പക്ഷേ ശാസ്ത്രത്തെ അഭിമുഖീകരിക്കുന്നതിനായുള്ള ഏറ്റവും നവീനവും സ്വാധീനമുളവാക്കിയതുമായ ശ്രമങ്ങളിലൊന്ന്. മതത്തെ ശാസ്ത്രത്തിന്റെ ഒരു കൂട്ടാളിയായി കാണണം, അതു മനുഷ്യനെ നിലനിൽപ്പിന്റെ നിഗൂഢതകളെക്കുറിച്ച് അന്വേഷിക്കാൻ പ്രചോദനം നൽകുന്നു. വ്യവസ്ഥാപിതമായ സത്യങ്ങളെ ആദരിക്കാൻ പര്യാപ്തനാക്കുന്നു, തന്റെ ധാർമിക ജീവതത്തിലും പെരുമാറ്റത്തിലും അവയെ ആശ്രയിക്കുന്നവനാക്കിതീർക്കുന്നു എന്നായിരുന്നു അദ്ദേഹം വാദിച്ചത്.

ഇന്നത്തെ കാലഘട്ടത്തിലേക്ക് വരുമ്പോൾ, ജോർജ് വാഷിങ്ടൺ യൂണിവേഴ്സിറ്റിയിൽ ഇസ്‌ലാമിക് സ്റ്റഡീസ് പ്രൊഫസറായ ഇറാൻകാരൻ സയ്യിദ് ഹുസ്സൈൻ നാസർ സമകാലിക ഇസ്‌ലാമിക ശാസ്ത്രത്തെ വിശദീകരിക്കുന്നത് വിശുദ്ധഖുർആനിലും ഹദീസുകളിലും അദ്ദേഹം ദർശിച്ച മാനുഷിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ദാർശനിക തത്ത്വങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട്കൊണ്ട് അദ്ദേഹം അവ്യക്തമായ ഒരു ഇസ്‌ലാമിക ശാസ്ത്രത്തിനു ബദലായി ആണവോർജത്തിൽനിന്ന് മുക്തമായ പാരിസ്ഥിതിക സംതുലനാവസ്ഥക്ക് വേണ്ടി നിലകൊള്ളുന്ന പ്രായോഗികമായ പദ്ധതികളുള്ള ഒരു ഇസ്‌ലാമിനെ അവതരിപ്പിച്ചു. അതുപോലെ സിയാഉദ്ദീൻ സർദാർ എന്ന പാകിസ്താനി ശാസ്ത്ര നയവിദഗ്ധൻ മാനുഷികമൂല്യങ്ങളിലൂന്നിയ ഇസ്‌ലാമിക ശാസ്ത്രത്തെയാണ് വിഭാവനം ചെയ്യുന്നത്. ആയുധ ഗവേഷണങ്ങളെ അദ്ദേഹം നിരുത്സാഹപ്പെടുത്തുന്നു(അത്തരമൊരു നിലപാടിന് ഇസ്‌ലാമിക പിന്തുണ ലഭിക്കുക പ്രയാസം തന്നെയായിരിക്കും). മുസ്‌ലിംകളുടെ അഖണ്ഢത ലക്ഷ്യമാക്കി മുസ്‌ലിം ശാസ്ത്രജ്ഞന്മാരുടെ കൂട്ടായ്മക്കും സംയുക്ത ഗവേഷണത്തിനും പ്രാദേശിക സഹകരണത്തിനുമായി അദ്ദേഹം വിശദമായ നിർദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ശാസ്ത്രത്തിനുനേരെ ഉയർത്തുന്ന പ്രതിബന്ധങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാൻ പക്ഷേ ഇവർ രണ്ടുപേരും തയ്യാറുവുന്നില്ല. മാത്രമല്ല ശാസ്ത്രത്തിന്റെ സമഗ്രതയെ അവർ അംഗീകരിക്കുന്നുമില്ല. (ഉദാഹരണത്തിന് ആണവോർജത്തിന്റെ സമാധാനപരമായ ഉപയോഗം തുടങ്ങിയകാര്യങ്ങൾ). ശാസ്ത്രത്തിന്റെ പ്രാപഞ്ചിക, അന്തർദേശീയ സ്വഭാവത്തെ മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു.



ഡോ. അബ്ദുസലാം | സർ സയ്യിദ് അഹ്മദ് ഖാൻ | സയ്യിദ് ഹുസ്സൈൻ നാസർ

മുസ്‌ലിംലോകത്തിലെ ഏറ്റവും മതനിരപേക്ഷകനായ ശാസ്ത്രജ്ഞനാണ് അബ്ദുസ്സലാം. 1987ൽ പ്രസിദ്ധപ്പെടുത്തിയ തന്റെ സുപ്രധാനമായ പ്രബന്ധത്തിൽ അദ്ദേഹം വ്യക്തമാക്കുന്നത് ശാസ്ത്രം ഇസ്‌ലാമികമാണെന്നതിലുപരി പ്രാപഞ്ചികവും സാർവദേശീയവുമായ ഒന്നാണെന്നാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഇസ്‌ലാമും ആധുനികശാസ്ത്രവും തമ്മിൽ വാസ്തവത്തിൽ യാതൊരുതരത്തിലുള്ള വൈരുദ്ധ്യവും നിലനിൽക്കുന്നില്ല. ഖുർആനിൽ പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ച് പരാമർശിക്കുന്ന വചനങ്ങളിൽ ഒന്നുപോലും നാം ശാസ്ത്രീയമായിതെളിയിക്കപ്പെട്ട കണ്ടുപിടിത്തങ്ങൾക്ക് വിരുദ്ധമായി നിലകൊള്ളുന്നില്ല എന്നും അദ്ദേഹം അടിവരയിട്ടുപറയുന്നു. ഖുർആനിൽ ശാസ്ത്രത്തിന്റെ വേരുകൾ അന്വേഷിക്കുന്നതിനുപകരം വിശ്വാസവും യുക്തിയും വേർതിരിച്ചുകാണണമെന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഭൗതികശാസ്ത്രം നിശബ്ദമാകുന്ന വിഷയങ്ങളിൽ അദ്ദേഹം ഇസ്‌ലാമിന്റെ കാലാതീതമായ ആത്മീയ സന്ദേശത്തെയാണ്, ദൈവഭക്തിയെയാണ് ആശ്രയിക്കുന്നത്. ശാസ്ത്രം വളരണമെങ്കിൽ മതത്തെ അശ്ലേഷിക്കുന്നതിന് പകരം അതിനെ സ്വതന്ത്രമായി നിലനിൽക്കാൻ അനുവദിക്കണം, നിരന്തരമായ അന്വേഷണ സ്വാതന്ത്ര്യം ഉറപ്പുവരുത്തണം, പര്യാപ്തമായ സാമ്പത്തിക സ്രോതസ് വേണം.

തീവ്രമതേതരവാദികളുടെ ഗണത്തിൽ പെടുത്താവുന്ന പർവേസ് ഹുദാബോയ് 1991 ലെ, ഇസ്‌ലാമും ശാസ്ത്രവും എന്ന തന്റെ ഗ്രന്ഥത്തിൽ വിശ്വാസത്തെയും യുക്തിയെയും ഒരുമിച്ചുകൊണ്ടുപോകാനുള്ള സഹിഷ്ണുത കാണിക്കണമെന്ന് അഭ്യർഥിക്കുന്നുണ്ട്. മതവും ശാസ്ത്രവും പരസ്പരപൂരകങ്ങളാണെന്നും അവ പരസ്പവിരുദ്ധമല്ലെന്നും മനസ്സിലാക്കുമ്പോൾ തന്നെ ആത്മീയ ഭൗതിക മണ്ഢലങ്ങൾ തമ്മിൽ വ്യക്തമായ വേർതിരിവും അനിവാര്യമാണ്. ശാസ്ത്രം പാശ്ചാത്യമായ ഒന്നല്ല മറിച്ച് പ്രാപഞ്ചികമാണ് എന്നവസ്തുതയും അദ്ദേഹം വ്യക്തമാക്കുന്നു.

### മുസ്‌ലിം ലോകം എന്തുകൊണ്ട് പിന്നോക്കം നിൽക്കുന്നു?

മുസ്‌ലിം ലോകം ശാസ്ത്രത്തിൽ പിറകോട്ടുപോയതിന് ഒരു കാരണം

ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് ശാസ്ത്ര സംബന്ധിയായ വിഷയങ്ങളിൽ തൃപ്തികരമായ ഒരു വിശദീകരണം കണ്ടെത്താൻ കഴിയാത്തതിനാലാണ്. ശാസ്ത്രവുമായി നേരിട്ട് സംവദിക്കുന്നതിൽനിന്ന് മുസ്‌ലിംകളെ അകറ്റാൻ ഒരു പക്ഷേ അത് കാരണമായി. വിദ്യാലയങ്ങളിൽ ശാസ്ത്രവിഷയങ്ങൾ സംക്ഷിപ്തമായി ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും നിലവിൽ അംഗീകരിക്കപ്പെട്ട ഇസ്‌ലാമിക സംസ്കാരത്തിൽ ശാസ്ത്രത്തിന് വലിയ സ്ഥാനമില്ല. മാധ്യമങ്ങളിൽ ശാസ്ത്രം കടന്നുവരുന്നത് വളരെ അപൂർവമായി മാത്രമാണ്. ഖുർആനിലും ഹദീസുകളിലുമുള്ള ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങളെ കുറിച്ച് ചർച്ചകൾ നടത്തണമെന്ന അബ്ദുസലാമിനെ പോലെയുള്ള ശാസ്ത്രജ്ഞന്മാരുടെ അഭ്യർഥന മതമേലദ്ധ്യക്ഷന്മാർ ചെവിക്കൊണ്ടില്ല. മതപുരോഹിതരും ഗവേഷകരും ശാസ്ത്രജ്ഞരും തമ്മിലുള്ള അനൗദ്യോഗിക ചർച്ചകളുടെ ഫലമായി പല രാജ്യങ്ങളിലും ഇക്കാര്യത്തിൽ ചെറിയ മാറ്റങ്ങളുണ്ടായി. (ഉദാഹരണത്തിന് മൊറോക്കോ, ടുണീഷ്യ, ജോർദാൻ, കുവൈത്ത്, ഇന്തോനേഷ്യ, ഇറാൻ, മലേഷ്യ)

മുസ്‌ലിം രാജ്യങ്ങളിൽ ശാസ്ത്രപുരോഗതിക്ക് തടസ്സമായി നിൽക്കുന്നത് വാസ്തവത്തിൽ ഇസ്‌ലാമല്ല. അസംഖ്യം ഘടകങ്ങളുടെ പരിണിതഫലമായാണ് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നത്. അവയിൽനിന്ന് പ്രധാനപ്പെട്ട പത്ത് കാരണങ്ങളാണ് ചുവടെ പരാമർശിക്കുന്നത്.

**ജനസംഖ്യാപഠനം:** മുസ്‌ലിം രാജ്യങ്ങളിലെ ഗവേഷണ ശാസ്ത്രജ്ഞരുടെയും എഞ്ചിനീയർമാരുടേയും എണ്ണം സമ്പന്നരാഷ്ട്രങ്ങളെയും ലാറ്റിനമേരിക്കൻ, തെക്ക് കിഴക്കനേഷ്യൻ രാജ്യങ്ങളെയും അപേക്ഷിച്ച് വളരെ കുറവാണ്. ശാസ്ത്രസാങ്കേതിക മേഖലകളിലുള്ള വിദ്യാർഥികളിലധികവും നഗരങ്ങളിലെ ഇടത്തരം കുടുംബങ്ങളിൽനിന്നുള്ളവരാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളിൽ വളരെ കുറച്ചുപേർക്കുമാത്രമേ ഗവേഷണ രംഗത്ത് തുടരാൻ സാധിക്കുകയുള്ളൂ. ശാസ്ത്രരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം എപ്പോഴും വളരെ കുറവായിരുന്നു. അവർ ഇത്തരം വിഷയങ്ങൾ പഠിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന നിയമപരമായും അല്ലാതെയുമുള്ള ധാരാളം ഘടകങ്ങളുണ്ടായിരുന്നു. ശാസ്ത്രത്തെ ഒരു തൊഴിലായിസ്വീകരിച്ചുകൊണ്ട് മുന്നേറാനുള്ള സാഹചര്യം ആൺകുട്ടികൾക്കുപോലും പ്രധാനമായും പട്ടണങ്ങളിലെ ഇടത്തരം കുടുംബങ്ങളിൽ നിന്നുള്ള വളരെ കുറച്ചു പേർക്കുമാത്രമേ ഉണ്ടായിരുന്നുള്ളൂ.

**ഭാഷ:** ലോകത്തുള്ള ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ എൺപതു ശതമാനവും ഇംഗ്ലീഷ് ഭാഷയാണ് ഉപയോഗിക്കുന്നത്. അറബി, പേർഷ്യൻ, ഉർദു തുടങ്ങിയ ഭാഷകളിൽ നിലവിലുള്ള ശാസ്ത്രപ്രസിദ്ധീകരണങ്ങൾ പഠന ഗവേഷണാവശ്യങ്ങൾക്ക് തികച്ചും അപര്യാപ്തമാണ്. ശാസ്ത്രീയപഠനങ്ങൾക്ക് ഇംഗ്ലീഷ് ഭാഷ വായിക്കുവാനും എഴുതുവാനും ഉൾക്കൊള്ളുവാനുമുള്ള കഴിവ് പ്രധാന ഘടകമാണ്. എന്നാൽ ഇക്കാര്യത്തിൽ മുസ്‌ലിംകൾ പൊതുവെ പിന്നോക്കമാണ്. ശാസ്ത്രീയപഠനങ്ങളുടെ പരിഭാഷകളും അറബിയിലുള്ള ശാസ്ത്രപദാവലിയും പ്രചരിപ്പിക്കുന്നതിനും അറബ്‌ലീഗ് പരിശ്രമിക്കുന്നുണ്ട്. ഇംഗ്ലീഷോ ഫ്രഞ്ചോ മാധ്യമമായി ശാസ്ത്രവിഷയങ്ങൾ പഠിക്കുന്ന വിദ്യാർഥികളും (ഗൾഫ് രാജ്യങ്ങളിൽ ഇംഗ്ലീഷും വടക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ഫ്രഞ്ചും) അറബി മാധ്യമമായി മറ്റുവിഷയങ്ങൾ പഠിക്കുന്നവരും തമ്മിൽ ചിലയിടങ്ങളിൽ തർക്കങ്ങൾ ഉടലെടുക്കാറുണ്ട്.

**വിദ്യാഭാസം:** പല രാജ്യങ്ങളിലും നഗരങ്ങളിലെ ചുരുക്കം ചില സ്വകാര്യ വിദ്യാലയങ്ങളിൽ മാത്രമാണ് പ്രൈമറി, സെക്കന്ററി തലങ്ങളിൽ ഫലപ്രദമായി ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നത്. മദ്രസ്സകളിൽ നാമമാത്രമായി ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ മനഃപാഠം പഠിപ്പിക്കുന്ന ശൈലിയാണ് പിൻതുടരുന്നത്. യൂണിവേഴ്സിറ്റികളും സാങ്കേതിക വിദ്യാലയങ്ങളും ഗവേഷണതലത്തിലേക്ക് ഉയർന്നില്ല. മികവിന്റെ കേന്ദ്രങ്ങൾ എന്നുപറയാവുന്ന ഗവേഷണസ്ഥാപനങ്ങൾ നാമമാത്രമായിരുന്നു. പരിമിതികൾകൊണ്ട് വീർപ്പുമുട്ടിയ യൂണിവേഴ്സിറ്റികൾക്കാകട്ടെ ലക്ഷ്യംകൈവരിക്കാനുമാകാറില്ല.

**ഗവേഷണം:** മുസ്‌ലിം ലോകത്ത് ശാസ്ത്രജ്ഞരുടെയും എഞ്ചിനീയർമാരുടെയും ലഭ്യതയല്ല, മറിച്ച് ഗവേഷണത്തെ ഗൗരവമായികാണുന്നവരുടെ ലഭ്യതയാണ് ഏറ്റവും അടിയന്തരപ്രാധാന്യമുള്ള വിഷയം. യുവഗവേഷകരെ വളർത്തിയെടുക്കാൻ വ്യവസ്ഥാപിതമായ ഒരു ആഭ്യന്തരസംവിധാനം നിലവിലില്ല. ഗവേഷണത്തിൽ പരിശീലനം നേടിയ സയൻസ്, എഞ്ചിനീയറിങ് ബിരുദധാരികളാകട്ടെ ഭരണനിർവഹണതലത്തിലുള്ള ഏതെങ്കിലും ജോലിയിൽ പ്രവേശിക്കുന്നു.

**സർക്കാർ നിയന്ത്രിത കമ്പനികൾ:** സയൻസും സാങ്കേതിക വിദ്യയും തമ്മിലുള്ള ബാന്ധവം കണക്കിലെടുക്കുമ്പോൾ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾക്ക് ഗവേഷണകാര്യത്തിൽ വളരെയേറെ ചെയ്യാനാകും. എന്നാൽ ഇക്കാര്യത്തിൽ അവർ വലിയ അലംഭാവമാണ് കാണിക്കുന്നത്. അൾജീരിയയിലെയും സിറിയയിലെയും സർക്കാർ ഉടമസ്ഥതയിലുള്ള പെട്രോളിയം കമ്പനികളുടെ നേതൃത്വത്തിൽ നടക്കുന്ന ഗവേഷണപദ്ധതികൾ കെടുകാര്യസ്ഥതകൊണ്ടും സാമ്പത്തിക അപര്യാപ്തതകൊണ്ടും രാഷ്ട്രീയ അസ്ഥിരതകൊണ്ടും അവതാളത്തിലാവുകയായിരുന്നു.

പാകിസ്താനിലും തുർക്കിയിലും ലെബനണിലും മറ്റും തദ്ദേശീയ സ്ഥാപനങ്ങൾ ചെറിയതോതിൽ ഗവേഷണസംരംഭങ്ങൾ നടത്തുവാനുള്ള ശ്രമം നടത്തുന്നുണ്ട്. എന്നാൽ ആ പ്രദേശങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ള ബഹുരാഷ്ട്ര കമ്പനികൾ പക്ഷേ അവരുടെ ഗവേഷണപ്രവർത്തനങ്ങൾ യുറോപ്പിലെയും തെക്കേ അമേരിക്കയിലേയും കേന്ദ്രങ്ങളിൽ വെച്ച് നടത്താനാണ് താത്പര്യപ്പെടുന്നത്. പെട്രോളിയം, പെട്രോകെമിക്കൽ മേഖലയിലുള്ള ഗവേഷണസ്ഥാപനങ്ങൾ, ഏറിയപങ്കും ഗുണനിയന്ത്രണവുമായിബന്ധപ്പെട്ട ചെറുകിട സംരംഭങ്ങൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളുമായി ചേർന്ന് രൂപം നൽകിയിട്ടുണ്ട്. സർക്കാർ നിയന്ത്രിത എണ്ണകമ്പനികളാകട്ടെ മികച്ച സാങ്കേതികത ആർജിച്ച് പ്രവർത്തിക്കുന്നതിന് പകരം ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ മാത്രം ശ്രദ്ധിക്കുന്ന ഉദ്യോഗസ്ഥരുടെ കേന്ദ്രമായി മാറി. അൾജീരിയയും ഇറാനും ഇറാഖും മാത്രമാണ് ഇതിനൊരപവാദം.

**പ്രൊഫഷണൽ സംഘടനകൾ:** ഡോക്ടർമാർ, എഞ്ചിനീയർമാർ, ഭൗതികശാസ്ത്രജ്ഞർ, മറ്റ് വിദഗ്ധതൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവർ ഒക്കെ അതാതുമേഖലയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ ഇറക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്നുണ്ടെങ്കിലും ഗവേഷണരംഗത്തേക്ക് വരുവാനുള്ള കാര്യശേഷിയോ വിഭവശേഷിയോ ഉള്ളവരായിരുന്നില്ല. പലപ്പോഴും രാഷ്ട്രീയ അടിച്ചമർത്തൽ കാരണം (അഫ്ഗാനിസ്ഥാൻ, ലിബിയ, ഇറാഖ്, സൊമാലിയ തുടങ്ങിയ രാജ്യങ്ങൾ)

ഇത്തരം സംഘങ്ങൾ അവരുടെ പ്രഖ്യാപിതലക്ഷ്യങ്ങളിൽനിന്ന് പിന്മാറി. ജോർദാനിലെ രാജകുടുംബത്തിന്റെ പിൻതുണയുള്ള റോയൽ സൈന്റിഫിക് സയന്റിഫിക് മാത്രമാണ് വിവിധ ശാസ്ത്രശാഖകളുടെ കൂട്ടായ്മയായിപ്രവർത്തിക്കുന്ന സ്ഥാപനം.

**വിഭവശേഷി:** എണ്ണപ്പണം നിറഞ്ഞ ചുരുക്കം ചില രാജ്യങ്ങളൊഴിച്ച് ഗവേഷണപ്രവർത്തനങ്ങൾക്കാവശ്യമായ പണംകണ്ടെത്താൻ കഴിയാത്തതാണ് മിക്കരാജ്യങ്ങളുടേയും പ്രധാനപ്രതിസന്ധി. ജപ്പാൻ, യു.എസ്, ജർമനി, മറ്റ് യൂറോപ്യൻ രാജ്യങ്ങളും ഗവേഷണ പ്രവർത്തനങ്ങൾക്കായി അവരുടെ മൊത്തം ആഭ്യന്തരഉത്പാദനത്തിന്റെ (ജി.ഡി.പി) രണ്ട് ശതമാനവും അതിൽ കൂടുതലും വർഷം തോറും ചെലവഴിക്കുമ്പോൾ (താരതമ്യേന കുറഞ്ഞ) ജി.ഡി.പിയുടെ 0.5% ത്തിൽകൂടുതൽ ഗവേഷണപ്രവർത്തനങ്ങൾക്കായി ചെലവിടുന്ന ഒരു മുസ്‌ലിം രാജ്യം പോലുമില്ല. പണത്തിന്റെ അപര്യാപ്തത മാത്രമല്ല ലഭ്യമാകുന്ന പണം കൃത്യമായ ഇടവേളകളിൽ മുൻകൂട്ടിനൽകാറില്ല എന്നതും പ്രശ്നമായി തുടരുന്നു. ഗവേഷണപ്രവർത്തനങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ഫണ്ട് രൂപീകരിക്കേണ്ടത് അനിവാര്യമാണ്.

**സ്വേച്ഛാധിപത്യം:** സ്വേച്ഛാധിപത്യ ഭരണകൂടങ്ങളാകട്ടെ എപ്പോഴുംതന്നെ ഗവേഷണതൽപരതക്ക് എതിർനിൽക്കുന്നു, പ്രൊഫഷണൽ സൊസൈറ്റികളെ അടിച്ചമർത്തുന്നു, യൂണിവേഴ്സിറ്റികളെ ഭയപ്പെടുത്തുന്നു, ബൗദ്ധികസമൂഹത്തെ പുറംലോകവുമായി ബന്ധപ്പെടുന്നതിൽനിന്ന് തടയുന്നു. യു.എസ് നാഷണൽ സയൻസ് അക്കാഡമിയുടെ രേഖകളിൽ സിറിയയിലെ ഒരു ദേശീയഭരണകൂടം, (മൗലികവാദികളുടേതല്ല) എങ്ങനെയാണ് അവരുടെ ശാസ്ത്ര സമൂഹത്തെ ദീർഘകാലംകൊണ്ട് നശിപ്പിച്ചത് എന്ന് കൃത്യമായി വിവരിക്കുന്നുണ്ട്.

സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ സാങ്കേതികവിദ്യ തദ്ദേശീയമായി വികസിപ്പിക്കുന്നതിന് പകരം അവ മറ്റുരാജ്യങ്ങളിൽനിന്ന് വാങ്ങുവാനാണ് താത്പര്യപ്പെട്ടത്. അവർ അവരുടെ തന്നെ മനുഷ്യശേഷിയിലും സംവിധാനങ്ങളിലും വിശ്വാസമർപ്പിച്ചില്ല. എണ്ണകയറ്റുമതി രാജ്യങ്ങൾ സയൻസിനെയും സാങ്കേതികവിദ്യയെയും പണം നൽകിവാങ്ങാവുന്ന ഒരു ഉത്പന്നം മാത്രമായാണ് കണ്ടത്. ഈ ഒരു സമീപനം അവരുടെ ആഭ്യന്തര ഗവേഷണ ശേഷിവികസിപ്പിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചു.

**പ്രാദേശിക സഹകരണം:** ശാസ്ത്ര സാങ്കേതികമേഖലയിലുള്ള പ്രാദേശിക സഹകരണവും മുസ്‌ലിം രാജ്യങ്ങളിൽ പൊതുവെ കുറവാണ്. തത്ത്വത്തിൽ ഇത് വളരെ പ്രായോഗികവുമാണ്. കുവൈത്ത്, സൗദിഅറേബ്യ തുടങ്ങിയ എണ്ണ സമ്പന്ന രാജ്യങ്ങൾ ഗവേഷകരുടെ അഭാവം നേരിടുമ്പോൾ പാകിസ്താൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ വൈദഗ്ധ്യം നേടിയവർ അവസരത്തിനായി മറ്റിടങ്ങൾ തേടിപോകുന്നു. സൗരോർജ്ജം, മരുഭൂമിവത്കരണം, ഡീസാലിനേഷൻ(ജലത്തിൽനിന്ന് ഉപ്പിന്റെ അംശം വേർതിരിക്കൽ) തുടങ്ങിയ പൊതുതാത്പര്യമുള്ളതും അടിയന്തരമായി പ്രായോഗികഗവേഷണം ആവശ്യമുള്ളതുമായ മേഖലകളിൽ ഇത്തരത്തിലുള്ള സഹകരണം ഏറെ ഗുണപ്രദമായിരിക്കും. എന്നാൽ രണ്ട് പതിറ്റാണ്ടോളമായി ഇതേ കുറിച്ച് ചർച്ചകളും വാക്ധോരണികളുമല്ലാതെ കാര്യമായ പുരോഗതിയൊന്നുമുണ്ടായിട്ടില്ല.

**ഭരണകെടുകാര്യസ്ഥത:** ഭരണമന്ത്രാലയങ്ങൾക്കുകീഴിലുള്ള പ്രായോഗിക ഗവേഷണകേന്ദ്രങ്ങൾ മിക്കപ്പോഴും രാഷ്ട്രീയതത്പരതക്ക് വഴിപ്പെട്ട് നിലവാരമില്ലാത്ത ആളുകളെ നിയമിക്കുന്നതും ഗവേഷണനിലവാരത്തകർച്ചക്ക് കാരണമായി.

വസ്തുതകൾ വിശകലനം ചെയ്തുവരുമ്പോൾ യുക്തിയുടെയും വിശ്വാസത്തിന്റെയും പൊരുത്തക്കേടുകളൊന്നും വലിയ വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങളല്ലാതാവുന്നു. സ്വേച്ഛാധിപത്യ ഭരണകൂടങ്ങളുടെ പങ്കാണ് കൂടുതലായി തെളിഞ്ഞുവരുന്നത്. ശാസ്ത്രത്തെക്കുറിച്ചുള്ള അജ്ഞതയും ഉദാസീനതയുമാണ് മൗലികവാദികളുടെ വിരോധത്തേക്കാൾ പ്രശ്നമായിനിൽക്കുന്നത്.

ശാസ്ത്രസാങ്കേതിക ഗവേഷണ രംഗം ശരിയായരീതിയിൽ സ്ഥാപനവത്കരിക്കപ്പെട്ടിട്ടില്ല. അതായത് മൂലധനം, മനുഷ്യവിഭവശേഷി, ദീർഘവീക്ഷണം, സ്വതന്ത്രമായ കൃത്യനിർവഹണം തുടങ്ങിയകാര്യങ്ങളിലെല്ലാമുള്ള അപര്യാപ്തത തുടർകഥയാവുന്നു.

**നിർദേശങ്ങൾ:**

അൻപത് വർഷത്തോളമായിതുടരുന്ന ശ്രമങ്ങൾക്കൊടുവിലും ശാസ്ത്രത്തെ തൃപ്തികരമായരീതിയിൽ കുടിയിരുത്താൻ മുസ്‌ലിം ലോകത്തിന് സാധിച്ചിട്ടില്ല. ദേശീയതലത്തിൽ മികവുറ്റ ശാസ്ത്രഗേവഷണസ്ഥാപനങ്ങളുടെ അഭാവം രാജ്യങ്ങൾ തമ്മിൽ ഈ മേഖലയിലുള്ള സഹകരണത്തിനും തടസ്സമായി. സമർഥരായ ഗവേഷകർക്ക് ഉപരിപഠനത്തിനും പരിശീലനത്തിനും ഇപ്പോഴും രാജ്യംവിട്ടുപോകേണ്ട അവസ്ഥയാണ്.

പ്രതീക്ഷാനിർഭരമല്ലാത്ത ഈ വിശകലനങ്ങളുടെ അർഥം നേട്ടങ്ങളുടെ പടവുകൾ കയറാൻ മുസ്‌ലിം ലോകത്തിന് മാർഗങ്ങളില്ല എന്നല്ല. സാമ്പത്തികമായ പ്രോത്സാഹനങ്ങൾ നൽകുന്നത് പ്രാദേശിക തലത്തിൽ അനൗപചാരിക ഗവേഷണങ്ങൾക്ക് പ്രോത്സാഹനമാകും. പ്രൊഫഷണൽ സംഘങ്ങൾക്ക് പര്യാപ്തമായ സ്വാതന്ത്ര്യം അനുവദിക്കുകയാണെങ്കിൽ ശാസ്ത്രവിദ്യാഭ്യാസരംഗത്ത് പ്രധാന പങ്ക് വഹിക്കാൻകഴിയും. ചെറുകിട ഗവേഷണ പദ്ധതികൾ സ്വകാര്യ പൊതുമേഖലകൾതമ്മിലുള്ള സഹകരണം വർധിപ്പിക്കുന്നതിനും സർവകലാശാലകളും സാങ്കേതിക വിദ്യാലയങ്ങളും തമ്മിലുള്ള വൈജ്ഞാനിക ക്രയവിക്രയത്തെ ത്വരിതപ്പെടുത്തുന്നതിനും ഇടയാക്കും. ഗവേഷണസംബന്ധിയായ വിഷയങ്ങളുടെ കാര്യത്തിൽ മുസ്‌ലിം രാജ്യങ്ങളിൽ സമാനത നലനിൽക്കുന്നതിനാൽ പ്രാദേശിക തലത്തിൽ മുൻഗണന അർഹിക്കുന്ന പലമേഖലകളിലും അവർക്ക് സഹകരിച്ചുപ്രവർത്തിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. സൗരോർജം, തരിശുതലകൃഷി, ജലസേചനം, ഡിസാലിനേഷൻ, ജന്തുശാസ്ത്രം, പെട്രോകെമിക്കൽസ് തുടങ്ങിയമേഖലകളിൽ. ഇവയെല്ലാം തന്നെ പ്രായോഗിക ഗവേഷണം ആവശ്യമായ വലിയ ഒരളവുവരെ ശാസ്ത്രം ഉൾക്കൊള്ളുന്ന വിഷയങ്ങളാണ്. വ്യവസ്ഥകൾക്ക് വിധേയമായി ഇവയുടെ പ്രാധാന്യമനുസരിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണത്തിനായി ഫണ്ട് രൂപീകരിക്കേണ്ടതാണ്.

എന്നിരുന്നാലും പുരോഗമനോന്മുഖമായ ഈ പ്രായോഗിക നടപടികൾ തികച്ചും പ്രതികൂലമായ ചുറ്റുപാടുകളെ തരണം ചെയ്തുനടപ്പിലാക്കേണ്ടവയാണ്. കാരണം മുസ്‌ലിം രാജ്യങ്ങളിൽ ശാസ്ത്രമുന്നേറ്റത്തിന്റെ വസന്തം വീണ്ടും വിരിയണമെങ്കിൽ ദീർഘവീക്ഷണമുള്ള പദ്ധതികളും സേച്ഛാധിപത്യത്തിന്റെ സ്വാധീനമില്ലാത്ത സാഹചര്യങ്ങളും വിശ്വാസവും യുക്തിയും സമന്വയിപ്പിക്കുന്നതിനുള്ള ഗൗവരമേറിയ ശ്രമങ്ങളും അനിവാര്യമാണെന്ന വസ്തുത അംഗീകരിക്കപ്പെടണം.

വിവർത്തനം: അഹ്മദ് ശാഫി



# സഫറുല്ലാഹ്ഖാൻ(റ): ഇസ്‌ലാമിന്റെ വീരപോരാളി

സംഭവബഹുലമായ ഒരു കാലഘട്ടത്തിൽ ലോകത്തിന്റെ ഭാഗധേയം നിർണയിച്ച വേദികളിൽ നിറഞ്ഞുനിന്ന വിശ്വപൗരനായിരുന്നു സർ സഫറുല്ലാഹ്ഖാൻ (റ). വാഗ്ദത്ത മസീഹിന്റെ സഹാബിയായിരുന്ന ഈ പണ്ഡിത പ്രതിഭ ധാർമികതയുടെ നിറകുടമായിരുന്നു.

**പി. വി. അഹ്മദ് കോയ**

മഹാൻമാരിൽ ചിലരെ ശതാവധാനികൾ എന്നു വിശേഷിപ്പിക്കാറുണ്ട്. പക്ഷേ, പലപ്പോഴും ഈ വിശേഷണം അന്വർഥമാകാറില്ല. എന്നാൽ ഈ വിശേഷണം എല്ലാ പ്രകാരത്തിലും അന്വർഥമാക്കിയ ഒരു അനുഗൃഹീത മഹാ പ്രതിഭയായിരുന്നു സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ(റ). നൂറു കൂട്ടം കാര്യങ്ങൾ ഒരേ സമയം നിർവഹിക്കുന്നവരെയാണ് ശതാവധാനികൾ എന്നു വിശേഷിപ്പിക്കാറ്. നീതിന്യായ – നയതന്ത്ര രംഗങ്ങളിലും താൻ ഏറ്റെടുത്ത നൂറുനൂറായിരം ദൗത്യങ്ങൾ വിജയകരമായി പൂർത്തിയാക്കിയ ഒരു അദ്ഭുത പ്രതിഭാസമായിരുന്നു അദ്ദേഹം.

1985 സപ്തംബർ 1നു ഞായറാഴ്ച രാവിലെയാണ് സർ സഫറുല്ലാഹ് ഖാൻ(റ) ലാഹോറിൽ അന്തരിച്ചത്. സപ്തംബർ 6–ാം തീയതിയിലെ ജുമുഅഖുത്ബയിൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്, ദൈവത്തിന്റെ വചനം എന്നാണ് പരേതനെ വിശേഷിപ്പിച്ചത്. പ്രസ്തുത ഖുത്ബയിൽ ഹുസൂർ പറഞ്ഞു: "സൂറ കഹ്ഫിൽ അല്ലാഹുവിന്റെ വിശുദ്ധ ദാസൻമാരെ കുറിച്ച് 'കലിമത്ത്' എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. ഈ 'കലിമത്തു'കളിൽ ഒന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ്. രണ്ടാമതായി എല്ലാ മുഅ്മിനീങ്ങളും. ഹദ്റത്ത് ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) ഈ 'കലിമ'ത്തിൽ പെട്ട ഒരാളാണെന്നത് എന്റെ പൂർണ വിശ്വാസമാണ്. 'തഖ്‌വ' (ദൈവഭക്തി)യുടെ അത്യുന്നത നിലയെ അദ്ദേഹം പ്രാപിച്ചിരുന്നു. നിശ്ചയമായും അദ്ദേഹം 'റാസിയത്തൻ മർസിയ' (അല്ലാഹുവിൽ തൃപ്തിപ്പെട്ട ആളും, അല്ലാഹു തൃപ്തിപ്പെട്ട ആളും) ആയിത്തന്നെ ദൈവസവിധത്തിൽ ഹാജരാകുമെന്നത് തീർച്ചയാണ്.... എന്റെ ഫിർഖയിൽപെട്ടവർ അറിവാലും ദിവ്യജ്ഞാനങ്ങളാലും തങ്ങളുടെ സത്യതയുടെ പ്രകാശത്താലും യുക്തി ന്യായങ്ങളെ നിശബ്ദരാക്കുകയും എല്ലാ ജനവും ഈ ഉറവിൽ നിന്നു ദാഹശമനം വരുത്തുകയും ചെയ്യും എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 'തജല്ലിയ്യാത്തെ ഇലാഹി' എന്ന കൃതിയിൽ പ്രവചിച്ചത് ജമാഅത്തിലെ അത്തരം ആളുകളിൽ പൂർത്തിയായതുപോലെ സഫറുല്ലാഹ് ഖാൻ സാഹിബിലും പൂർത്തിയായിരിക്കുന്നു. രാഷ്ട്രീയം, നിയമം, പ്രസംഗകല എന്നിവയിലെല്ലാം അദ്ദേഹം സകലരുടേയും മുന്നിലായിരുന്നു...... അദ്ദേഹം ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വചനം ഒരിക്കൽകൂടി പുലരുന്നു."

**മാതാവും ദുർമന്ത്രവാദിനിയും**

വിശുദ്ധയായ മാതാവിന്റെയും വിഖ്യാതനായ പിതാവിന്റെയും അതി വിശ്രുതനായ ഈ പുത്രന്റെ ജനനം (1893 ഫിബ്രവരി 6 നു) പോലും ഒരു ആത്മീയ പരീക്ഷണത്തിന്റെ സാഫല്യമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതമാകട്ടെ മഹാദ്ഭുതങ്ങളുടെ പരമ്പരയും. അദ്ദേഹത്തിന്റെ മാതാവിനു സഫറുല്ലാഹ് ഖാന് മുമ്പ് പിറന്ന് മൂന്ന് സന്താനങ്ങളും ഭയമുളവാക്കുന്ന സാഹചര്യത്തിൽ അകാലചരമമടയുകയാണുണ്ടായത്. വിശുദ്ധയായ അദ്ദേഹത്തിന്റെ മാതാവിനു സന്താനങ്ങളുടെ ജനനം കടുത്ത പരീക്ഷണമായിരുന്നു. ആദ്യസന്താനം ഒരു സഫറായിരുന്നു. മാതാവ് കൈക്കുഞ്ഞായ സഫറിനെ കുളിപ്പിച്ചുകൊണ്ടിരിക്കെ അയൽക്കാരിയായ ഒരു ദുർമന്ത്രവാദിനി ജയദേവി അവരെ സന്ദർശിച്ചു. കുഞ്ഞ് ജീവിച്ചിരിക്കണമെങ്കിൽ താൻ നിർദേശിക്കുന്ന ചില കർമങ്ങൾ ചെയ്യണമെന്ന് ജയദേവി ആവശ്യപ്പെട്ടു. അകാല മരണമാണ് തന്റെ കുഞ്ഞിനെ സംബന്ധിച്ചിടത്തോളം ദൈവ നിശ്ചയമെങ്കിൽ ഒരു കർമത്തിനും അതിനെ തടുക്കാനാവില്ലെന്നും എന്തു സംഭവിച്ചാലും ഈ നിലപാടിൽ നിന്ന് വ്യതിചലിക്കില്ലെന്നും അവർ പ്രതിവചിച്ചു. ജയദേവി വീടിന്റെ പടി ഇറങ്ങുമ്പോഴേക്കും കുട്ടി രക്തം ഛർദിച്ചു മരിച്ചു. തുടർന്ന് ജനിച്ച രണ്ട് സന്താനങ്ങളും ഇപ്രകാരം ദുരൂഹസാഹചര്യത്തിൽ അകാല മരണമടഞ്ഞു. ഈ പ്രതിസന്ധികളിലെല്ലാം ജയദേവി നേരിട്ടും സ്വപ്നത്തിലും അവരെ വിടാതെ പിന്തുടർന്നു. ദൈവഹിതത്തിന് പൂർണമായും അർപ്പിതമായ ആ മാതാവ്



പാക്കിസ്ഥാൻ അസംബ്ലിയിൽ, പ്രധാനമന്ത്രി ലിയാഖത്ത് അലിഖാൻ പ്രസംഗിക്കുന്നു

ദുർമന്ത്രവാദിനിയുടെ പ്രകോപനങ്ങളെ ചെറുത്തുനിന്നു. സഫറുല്ലാഹ് ഖാൻ ഗർഭസ്ഥനായിരിക്കെ ജയദേവി സ്വപ്നത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. കുഞ്ഞു ജീവിച്ചിരിക്കണമെങ്കിൽ താൻ നിർദേശിച്ച കർമങ്ങൾ ചെയ്യണമെന്നാവശ്യപ്പെട്ടു. ഈ കടുത്ത പരീക്ഷണഘട്ടവും അവർ അതിജീവിച്ചു. അങ്ങനെയാണ് അപൂർവ നിധിപോലെ സഫറുല്ലാഹ്ഖാൻ ജനിച്ചത് . സഫറുല്ലാഹ്ഖാന്റെ ജനനത്തോടെ ദുർമന്ത്രവാദിനിയുടെ ഭീഷണി അവസാനിക്കുകയും എല്ലാവരാലും ബഹിഷ്കൃതയായി ജയദേവി തീകൊളുത്തി ആത്മഹത്യ ചെയ്യുകയുമുണ്ടായി. ബാലാരിഷ്ടതകൾ ഏറെ ഉണ്ടായിരുന്നിട്ടും പ്രശസ്തമായ നിലയിൽ അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് സ്ഥാനമാനങ്ങൾ വാരിക്കൂട്ടി. ലോകത്ത് ഒരു വ്യക്തിക്ക് എത്തിപ്പെടാവുന്ന ഉന്നത സ്ഥാനങ്ങളെല്ലാം കരസ്ഥമാക്കി. എക്കാലത്തെയും ഏറ്റവും വലിയ ന്യായാധിപനും രാജ്യതന്ത്രജ്ഞനുമെന്ന ബഹുമതിക്കർഹനായി. ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെയും ലോകകോടതിയുടെയും അദ്ധ്യക്ഷപദം അലങ്കരിച്ച ഏകവ്യക്തി ചരിത്രത്തിൽ സഫറുല്ലാഹ്ഖാൻ സാഹിബ് മാത്രമാണ്.

### മാതാവിന്റ സ്വപ്നം

മാതാവിന്റെ ദുആയുടെ പോലെത്തന്നെ ഒരു ദിവ്യസ്വപ്നത്തിന്റെ സാക്ഷാൽക്കാരവുമായിരുന്നു സഫറുല്ലാഹ്ഖാന്റെ ജീവിതം. 1934 കാലത്താണ് സഫറുല്ലാഹ്ഖാന്റെ മാതാവ് ഹുസെൻ ബീവിക്ക് ഈ അസാധാരണ സ്വപ്നമുണ്ടായത്. അവർ തന്റെ സ്വന്തം മുറിയിലിരിക്കെ ജാലകത്തിലൂടെ നോക്കിക്കൊണ്ടിരുന്നപ്പോൾ ഒരു പ്രകാശഗോളം വലത്തു നിന്ന് ഇടത്തോട്ട് ഘടികാരത്തിന്റെ പെന്റുലം പോലെ ആടിക്കൊണ്ടിരിക്കുന്നതായി കണ്ടു. അത് ലംബമായ ദിശയിലെത്തിയപ്പോൾ പ്രകാശ ഗോളത്തിൽ നിന്നു ഒരു രാജകീയ ശബ്ദം പഞ്ചാബി ഭാഷയിൽ ഇങ്ങനെ മുഴങ്ങിക്കേട്ടു. "നസറുല്ലാഹ്ഖാന്റെ മകൻ സഫറുല്ലാഹ്ഖാൻ ചീഫ് ജസ്റ്റിസ്.'' ഇങ്ങനെ മൂന്നു പ്രാവശ്യം അവർ ശബ്ദം കേട്ടു ഉറക്കമുണർന്നു. ലോക കോടതി പ്രസിഡന്റായി സഫറുല്ലാഹ്ഖാൻ തിരഞ്ഞെടുക്കപ്പെട്ടപ്പോഴാണ് ഈ സ്വപ്നം പ്രത്യക്ഷരം പുലർന്നത്. അവർക്ക് സ്വപ്നദർശനം ഉണ്ടായ കാലത്ത് ലോക കോടതി സ്ഥാപിതമാവുക പോലും ചെയ്തിരുന്നില്ല. ദൈവഭയം മാത്രം കൈമുതലായ നിരക്ഷരയായ ആ വിനീത മഹതിയുടെ സ്വപ്നങ്ങളുടെ അദ്ഭുതകരമായ പുലർച്ച ദൈവാസ്തികൃത്തിന്റെ മഹത്തായ തെളിവുകൾ കൂടിയാണ്.

### വിജയങ്ങളുടെ ശോഭയാത്ര

സഫറുല്ലാഹ്ഖാൻ സാഹിബ് 1911ൽ ലാഹോർ ലോ കോളേജിൽ നിന്ന് പ്രശസ്തമായി ബിരുദ പഠനം പൂർത്തിയാക്കി. 1914 ൽ തന്നെ പ്രാക്ടീസ് ആരംഭിച്ചു. അദ്ദേഹത്തിന്റെ ജീവിതം വിജയങ്ങളുടെ ശോഭയാത്രയായിരുന്നു. 1926 മുതൽ 1935 വരെ പഞ്ചാബ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായ അദ്ദേഹം രണ്ടു തവണ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായും ചരിത്രം സൃഷ്ടിച്ചു. സർ ഫസൽ ഹുസൈനെ തുടർന്നു 1935 മെയിലാണ് സഫറുല്ലാഹ്ഖാൻ ആദ്യമായി കൗൺസിൽ അംഗമായത്. 5 കൊല്ലത്തെ കാലാവധിക്കുശേഷം 1940ൽ വീണ്ടും അദ്ദേഹം എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായത് അദ്ഭുതസംഭവമായിരുന്നു. ബ്രിട്ടീഷ് ഭരണ ചരിത്രത്തിൽ അതുപോലത്തെ സംഭവം അതിനു മുമ്പ് ഉണ്ടായിരുന്നില്ല.

1945-ൽ അന്താരാഷ്ട്ര കാര്യങ്ങൾക്കുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റ് എന്ന നിലക്ക് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചു ലണ്ടനിൽ കോമൺവെൽത്ത് റിലേഷൻ കോൺഫറൻസിൽ പങ്കെടുത്ത സഫറുല്ലാഹ്ഖാൻ ഇന്ത്യക്ക് സ്വാത ന്ത്ര്യം നൽകാൻ ആവശ്യപ്പെട്ട് നടത്തിയ പ്രസംഗവും ചരിത്രപ്രസിദ്ധമാണ്. ബ്രിട്ടീഷ് സിംഹാസനവും ലോകവും ആ പ്രഭാഷണം കേട്ട് ഞെട്ടി. ഭരണകൂടത്തിന്റെ ഉന്നത പ്രതിനിധി രാഷ്ട്രീയ വികാരം സ്പഷ്ടമായ തരത്തിൽ സധൈര്യം പ്രകടിപ്പിച്ചത് ബ്രിട്ടീഷ് ഇന്ത്യൻ ചരിത്രത്തിൽ ആദ്യത്തേതായിരുന്നു. അവിടെ അദ്ദേഹം ചെയ്ത പ്രസംഗം ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. പല പ്രമുഖ പത്രങ്ങളും അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ച് മുഖപ്രസംഗമെഴുതി. ഈ പ്രസംഗം റേഡിയോ വഴി ശ്രവിച്ചുകൊണ്ടിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ ഒന്നിച്ച് ജയിലിൽ കഴിയുകയായിരുന്ന ആസഫ് അലിയോട് പറഞ്ഞിരുന്നത് "നമ്മളെല്ലാം ജയിലിൽ കഴിയുമ്പോൾ സഫറുല്ല അതാ ഇന്ത്യക്ക് വേണ്ടി പൊരുതുന്നു" എന്നായിരുന്നു.

1947 ജൂൺ 3-ാം തീയതി ബ്രിട്ടീഷ് പ്രധാനമന്ത്രി ആറ്റ്ലി വിഭജന പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഇന്ത്യയിൽ തുടരണോ വേണ്ടയോ എന്ന പ്രശ്നം സഫറുല്ലാഹ് ഖാൻ സാഹിബിനെ അലട്ടി. ഫെഡറൽ കോടതിയിലെ സീനിയർ ജഡ്ജി എന്ന നിലക്കും ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ഔദ്യോഗിക തലത്തിൽ പടപൊരുതിയ ആൾ എന്ന നിലയ്ക്കും ഇന്ത്യയിൽ തുടരുകയാണെങ്കിൽ സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ചീഫ് ജസ്റ്റിസ് സ്ഥാനം അലങ്കരിക്കുക അദ്ദേഹം തന്നെ ആകുമായിരുന്നു. പിന്നീട് കാര്യങ്ങൾ മാറിവരികയും ജിന്നാ സാഹിബ് അദ്ദേഹത്തെ പാകിസ്താൻ കാര്യങ്ങൾക്ക് നിയോഗിക്കുകയും ചെയ്തു. അങ്ങനെ 1947 ഡിസംബർ 27-ാം തീയതി സ്വതന്ത്ര പാകിസ്താന്റെ ഒന്നാമത്തെ വിദേശകാര്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. പ്രഗല്ഭനായ വിദേശ കാര്യമന്ത്രി എന്ന് പേരെടുത്ത അദ്ദേഹം 1953ൽ സ്വയം രാജിവെച്ച് ഒഴിയുകയാണുണ്ടായത്.

ലോകകോടതിയിൽ ഇന്ത്യൻ ജഡ്ജിയായിരുന്ന ബി.എൻ. റാവുവിന്റെ നിര്യാണത്തെ തുടർന്നാണ് അസാധാരണമായ സാഹചര്യത്തിൽ സഫറുല്ലാഹ്ഖാൻ 1954 ഒക്ടോബർ 7-ാം തീയതി

ലോക കോടതി ജഡ്ജിയായി തിരഞ്ഞെടുക്കപ്പെട്ടത്. 1958ൽ വൈസ് പ്രസിഡന്റായി. 1961-ൽ റിട്ടയർ ചെയ്തശേഷം വീണ്ടും തിരഞ്ഞെടുക്കപ്പെടുക അചിന്ത്യമായിരുന്നു. കോടതിയിലും പൊതുഭരണരംഗത്തുമായി 1961 ആകുമ്പോഴേക്കും 47 കൊല്ലത്തെ സേവനമനുഷ്ഠിച്ചുകഴിഞ്ഞ സഫറുല്ലാഹ്ഖാൻ കൊല്ലത്തിൽ 8 മാസം ലണ്ടനിലും 4 മാസം റബ്‌വയിലുമായി റിട്ടയർ ജീവിതം ജമാഅത്ത് സേവനത്തിൽ വിനിയോഗിക്കാൻ തീരുമാനിച്ചു. എന്നാൽ വിശുദ്ധ മാതാവിന്റെ സ്വപ്നം പ്രത്യക്ഷരം പുലരേണ്ടതുണ്ടായിരുന്നു. അമേരിക്കൻ ഐക്യനാടുകളിലുള്ള ഔദ്യോഗിക സന്ദർശനമദ്ധ്യേ പാകിസ്താൻ പ്രസിഡന്റ് ഫീൽഡ് മാർഷൽ മുഹമ്മദ് അയൂബ്ഖാൻ 1961ൽ ലണ്ടനിൽ സഫറുല്ലാഹ്ഖാനെ സന്ദർശിച്ചു ഐക്യരാഷ്ട്രസഭയിൽ പാകിസ്താന്റെ സ്ഥിരം പ്രതിനിധി ആയിരിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് അദ്ദേഹം വീണ്ടും ഐക്യരാഷ്ട്രസഭാവേദിയിൽ എത്തിയത്.

### ചരിത്രം സൃഷ്ടിച്ച സത്യപ്രതിജ്ഞ

1962ൽ ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ 17-ാം സെഷന്റെ പ്രസിഡന്റായി അദ്ദഹം തിരഞ്ഞെടുക്കപ്പെട്ടത് അസാധാരണ സാഹചര്യത്തിലായിരുന്നു. സത്യപ്രതിജ്ഞാവേളയിൽ തന്നെ അദ്ദേ ഹം ചരിത്രം സൃഷ്ടിച്ചു. വിശുദ്ധ ഖുർആനിലെ 2-ാം അധ്യായത്തിലെ 26 മുതൽ 29 വരെയുള്ള വചനങ്ങൾ ഓതിക്കൊണ്ടാണ് അദ്ദേഹം ജനറൽ അസംബ്ലി പ്രസിഡന്റായി സത്യപ്രതിജ്ഞ ചെ യ്തത്. കമ്യൂണിസ്റ്റ് പ്രതിനിധികളുടെ തടസ്സവാദങ്ങൾ ഭയന്ന് ക്രിസ്ത്യാനികളായ പ്രസിഡന്റുമാർ ദൈവനാമം ഉച്ചരിക്കാൻ ധൈര്യം കാണിച്ചിട്ടില്ലാത്തിടത്ത്, ഈ ലോക രാഷ്ട്ര വേദിയിൽ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാൻ ഒരു മുസ്‌ലിം ധൈര്യപ്പെട്ടിരിക്കുന്നുവെന്ന് ഇതു സംബന്ധിച്ച് ഒരു ക്രിസ്തീയ പത്രം അഭിപ്രായപ്പെടുകയുണ്ടായി. "ഇതാ ഇവിടെയൊരു മുസ്‌ലിം പ്രസിഡന്റ്, അദ്ദേഹം വിശുദ്ധ ഖുർആൻ ഓതിക്കൊണ്ട് സത്യപ്രതിജ്ഞ എടുത്തിരിക്കുന്നു. ആരും തടസ്സപ്പെടുത്തുകയോ പ്രതിഷേധിക്കുകയോ ഉണ്ടായില്ല."

### ലോകപര്യടനവും ബഹുമതികളും

തന്റെ 68-ാം വയസ്സിൽ സ്വാഭാവികമായും റിട്ടയർ ജീവിതമാഗ്രഹിച്ച സഫറുല്ലാഹ്ഖാൻ 1961ന് ശേഷം കൂടുതൽ ഊർജ്ജസ്വലനായി ഉയർത്തെഴുന്നേൽക്കുന്നതാണ് കണ്ടത്. അദ്ദേഹത്തിന്റെ വിശുദ്ധ മാതാവിന്റെ അദ്ഭുതകരമായ സ്വപ്നം പുലരേണ്ടതുണ്ടായിരുന്നു. 1951 മുതൽ 1954 വരെ അദ്ദേഹം നയതന്ത്രരംഗത്ത് നിർവഹിച്ച ഭാരിച്ച ഉത്തരവാദിത്വങ്ങൾ വൈചിത്ര്യങ്ങളേറിയതായിരുന്നു. ഐക്യരാഷ്ട്രസഭയുടെ പ്രസിഡന്റായിരിക്കെ തന്നെ 1962ൽ അദ്ദേഹം അർജന്റീനയിൽ പാകിസ്താൻ അംബാസഡറായും സേവനമനുഷ്ഠിച്ചു. ആ വർഷം തന്നെ ടൊബാഗോയുടെയും ട്രിനിഡാഡിന്റെയും സ്വാതന്ത്ര്യദിനാഘോഷത്തിൽ പാകിസ്താനെ പ്രതിനിധീകരിച്ചു. അൾജീരിയ, ലിബിയ, മൊറോക്കോ തുടങ്ങിയ അറബ് രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം നയതന്ത്രരംഗത്ത് നടത്തിയ പോരാട്ടം പ്രസിദ്ധമാണ്. അൾജീരിയ സ്വതന്ത്രമായതും യു.എൻ.ഒ.വിൽ അംഗമായതും അദ്ദേഹം യു.എൻ പ്രസിഡന്റായിരുന്ന കാലത്തായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യേക ചാരിതാർഥ്യം ജീവചരിത്രത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

യു.എൻ.ഒ.വിന്റെ പ്രസിഡന്റ് സ്ഥാനത്ത് നിന്ന് വിരമിച്ച ശേഷമാണ് അദ്ദേഹം ലോകവ്യാപകമായ പര്യടനം നടത്തിയത്. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ വൻകരകളിലെ മിക്കവാറും രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചു. ലോകരാഷ്ട്ര തലസ്ഥാനങ്ങളിൽ അദ്ദേഹം സ്വീകരിക്കപ്പെടുകയും ഉയർന്ന ബഹുമതികൾ നൽകി ആദരിക്കപ്പെടുകയുമുണ്ടായി. ഐക്യരാഷ്ട്രസഭയിൽ പലസ്തീൻ പ്രശ്നത്തിൽ അറബികൾക്ക് വേണ്ടി അദ്ദേഹം നടത്തിയ സമരം ഐതിഹാസികമായിരുന്നു.

ഈ യാത്രയിൽ അദ്ദേഹം സന്ദർശിച്ച അറബ് നാടുകളെല്ലാം ഉയർന്ന ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചു. 1963ൽ അദ്ദേഹം മൊറൊക്കോ, അൾജീരിയ, ടുണീഷ്യ, ലിബിയ, ഈജിപ്ത്, സുഡാൻ, ടാങ്കനിക്ക, കെനിയ എന്നീ നാടുകൾ സന്ദർശിച്ചു. സോമാലിയൻ പാർലമെന്റിൽ അദ്ദേഹം പ്രസംഗിക്കുകയും സോമാലിയ ആ രാജ്യത്തെ ഏറ്റവും ഉയർന്ന ബഹുമതി നല്കി അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു. സഊദി അറേബ്യയിലെ ഫൈസൽ രാജാവ് ആ രാജ്യത്തെ ഏറ്റവും ഉയർന്ന ബഹുമതി അദ്ദേഹത്തിനു നൽകി. ഈ യാത്രയിലാണ് അൾജീരിയൻ പാർലമെന്റും മൊറോക്കോയിലെ ഹസ്സൻ രാജാവും (രണ്ടാമൻ) ആ രാഷ്ട്രങ്ങളിലെ ഏറ്റവും ഉയർന്ന ബഹുമതി അദ്ദേഹത്തിനു നൽകിയത്. 1947-ൽ തന്നെ സിറിയ രാഷ്ട്രീയ ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചിരുന്നു. 1954ൽ ആണ് ജോർഡാനിലെ ഹുസൈൻ രാജാവ് ഏറ്റവും ഉയർന്ന ബഹുമതിയായ ''ഹാഷിമീ ഓർഡർ'' അദ്ദേഹത്തിനു സമ്മാനിച്ചത്.

അന്ന് വിദേശകാര്യ മന്ത്രിയായിരുന്ന ഗ്രോമിക്കോവിന്റെ ക്ഷണമനുസരിച്ച് 1963ൽ അദ്ദേഹം റഷ്യയും സന്ദർശിച്ചു. റഷ്യൻ നേതാക്കൾ ആദരപൂർവം അദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായി. ലെനിൻ ഗ്രാഡും, താഷ്കെന്റും, സമർക്കന്റും സന്ദർശിച്ചു. മടക്കയാത്രയിൽ സൂറിച്ചിലെ അഹ് മദിയ്യാ പള്ളി അദ്ദേഹം ഉദ്ഘാടനം ചെയ്തു.

പാകിസ്താൻ വിദേശകാര്യമന്ത്രി എന്ന നിലയിൽ യു.എൻ.ഒ.വിൽ പാകിസ്താന്റെ മുഖ്യപ്രതിനിധിയായി അറബ് ലോകത്തിന്റെ പ്രശ്നങ്ങളിൽ പ്രത്യേകിച്ചും പലസ്തീൻ പ്രശ്നത്തിൽ രണശൂരനായ ഒരു സേനാനായകനെപോലെ പടപൊരുതിയ സർ മുഹമ്മദ് സഫറുല്ലാഹ് ഖാന്റെ സേവനം അദ്ദേഹത്തിന്റെ ജീവിതത്തിലെ തിളക്കമാർന്ന മറ്റൊരു ഉജ്വല അദ്ധ്യായമായിരുന്നു. അക്കാലത്ത് അദ്ദേഹത്തെ കുഫ്റ് ഫത്‌വ പുറപ്പെടുവിച്ച് പുറത്താക്കാൻ ശ്രമിച്ച ഫാറൂഖ് രാജാവിനെ ഒടുവിൽ ഈജിപ്തുകാർ, ജനറൽ നജീബും, നാസിറും ചവിട്ടി പുറത്താക്കിയത് ചരിത്രത്തിലെ മറ്റൊരു അദ്ഭുത സംഭവമാണ്. അക്കാലത്ത് അറബ് ലീഗ് സെക്രട്ടറിയായിരുന്ന അസംപാഷ സഫറുല്ലാഹ് ഖാനെതിരായ കുഫ്റ് ഫത്‌വയെ കഠിനമായി വിമർശിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു. "സഫറുല്ലാഹ് ഖാൻ വാക്കിലും പ്രവർത്തിയിലും ഒരു ശരിയായ മുസ്‌ലിമാണെന്നു ഞങ്ങൾക്ക് നല്ലപോലെ അറിയാം. ഭൂഗോളത്തിന്റെ ഏതുഭാഗത്തും ഇസ്‌ലാമിനുവേണ്ടി പോരാടുന്നതിൽ അദ്ദേഹം വിജയിയായിരുന്നു. ഇസ്‌ലാമിന്റെ കാര്യങ്ങൾക്കുവേണ്ടി സ്വീകരിച്ച നിലപാടുകളെ ന്യായീകരിക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. തന്നിമിത്തം അദ്ദേഹം ബഹുജനങ്ങളുടെ ഇടയിൽ വലിയ മതിപ്പ് നേടുകയും മുസ്‌ലിം ലോകത്തിന്റെ നന്ദിഭാവത്തിന് പാത്രീഭൂതനാവുകയും ചെയ്തു. പൊതുകാര്യങ്ങൾ കയ്യാളുന്ന പ്രാപ്തന്മാരായ മുസ്‌ലിം നേതാക്കളിൽ ഒരാളാണദ്ദേഹം."



സഊദി രാജാവ് ഫൈസലിന്റെ കൂടെ

### ലോകത്തിന്റെ വിദൂര കോണുകളിൽ

അമേരിക്കൻ ഐക്യനാടുകളിൽ വ്യാപകമായ സന്ദർശനം നടത്തിയ 1955 കാലത്താണ് ഭൂഗോളത്തിന്റെ അവസാന കോണിലും അഹ്മദിയ്യാ സന്ദേശം എത്തിക്കപ്പെടും എന്ന മസീഹ് മൗഊദ് (അ)ന്റെ പ്രവചന പൂർത്തീകരണത്തിനു സഫറുല്ലാഹ്ഖാൻ സാഹിബ് നിമിത്തമായത്. 1965 ഒക്ടോബറിൽ അമേരിക്കൻ ഐക്യനാടുകളിലെ സന്ദർശനം പൂർത്തിയാക്കിയ അദ്ദേഹം ഔക്കലണ്ട് സന്ദർശിച്ചു. നവംബറിൽ ഫിജി ദ്വീപുകളിലെത്തി. ഭൂഗോളത്തിന്റെ അവസാന പരിധി എന്നു വിശേഷിപ്പിക്കപ്പെടാവുന്ന ഈ ദ്വീപിലെ അഹ്മദികളെ അദ്ദേഹം അഭിസംബോധന ചെയ്തു.

1967ൽ അദ്ദേഹം പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ചു. ഫൈസൽ രാജാവിന്റെ അതിഥി എന്ന നിലക്ക് പ്രവാചക പ്രഭുവിന്റെ അന്ത്യവിശ്രമ സ്ഥലമായ മദീനയും സന്ദർശിച്ചു. 1958-ൽ അദ്ദേഹം ഉംറ നിർവഹിക്കുകയും സഊദി രാജാവിന്റെ ആതിഥ്യം സ്വീകരിക്കുകയും ചെയ്തു.

### സ്വപ്നം പുലരുന്നു

വിശുദ്ധ മാതാവിന്റെ സ്വപ്നത്തിന്റെ പുലർച്ചെ വിസ്മയാവഹമായിരുന്നു. 1961ൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിരുന്നെങ്കിൽ താൻ ലോകകോടതി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുമായിരുന്നുവെന്നും, അന്നു തിരഞ്ഞെടുക്കപ്പെടാതിരുന്നത് തന്റെ പൊതുജീവിതത്തിന്റെ അന്ത്യം കുറിച്ചതായി തോന്നിയെന്നും ലൗകിക വീക്ഷണത്തിൽ മാതാവിന്റെ സ്വപ്നസാക്ഷാൽക്കാരത്തിനു സാധ്യതകളുണ്ടായിരുന്നില്ലെന്നും സഫറുല്ലാഹ്ഖാൻ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വപ്നം ദൈവിക വാഗ്ദാനമായിരുന്നതിനാൽ. പുലരാതിരിക്കുക വയ്യല്ലോ. വിശുദ്ധ ഖുർആൻ ഉദ്ഘോഷിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. പക്ഷേ, അവരിൽ മിക്കവരും അറിവില്ലാത്തവരത്രെ. (10:56). ഒരു വാതിലടക്കുമ്പോൾ മറ്റൊരു വാതിൽ തുറക്കാൻ ദൈവത്തിനു കഴിയും. അറുപത്തിയെട്ടാം വയസ്സിൽ ഐക്യരാഷ്ട്ര സഭയിൽ പാകിസ്താന്റെ അംബാസിഡറായി സഫറുല്ലാഹ്ഖാൻ വീണ്ടും നിയമിതനായത് വിജയ സോപാനത്തിലേക്കുള്ള മറ്റൊരു അരങ്ങേറ്റമായി. 1962ൽ യു. എൻ. ഒ വിന്റെ 17-ാം സമ്മേളനത്തിന്റെ പ്രസിഡന്റ് സ്ഥാനം ഇന്തോനേഷ്യയുടെ അലിസാസ്താമിഡ്ജോയോവിനായിരുന്നു. റൊട്ടേഷനനുസരിച്ച് പ്രസിഡന്റ് പദം 1963ൽ ലാറ്റിൻ അമേരിക്ക നാടുകൾക്കും 1965 ൽ ആഫ്രിക്കക്കും 1966ൽ പാശ്ചാത്യ നാടുകൾക്കും 1966ൽ ഏഷ്യക്കുമായിരുന്നു നിശ്ചയിക്കപ്പെട്ടിരുന്നത്. 1966 ൽ വയസ്സ് 73 പൂർത്തിയാകുകയും സഫറുല്ലാഹ് ഖാൻ യു. എൻ വേദി വിടുകയും ചെയ്യേണ്ടതായിരുന്നു. പക്ഷേ, ദൈവ നിശ്ചയം പൂർത്തിയാകേണ്ടതുണ്ടല്ലോ. 1962 ൽ പ്രസിഡന്റ്പദം വാഗ്ദാനം ചെയ്യപ്പെട്ടയാൾക്ക് സ്ഥാനമേൽക്കാനായില്ല. അർജന്റീനയുടെതായിരുന്നു അടുത്ത ഊഴം. അർജന്റീനയിൽ ഓർക്കാപ്പുറത്ത് വിപ്ലവം പൊട്ടിപ്പുറപ്പെട്ടതിനെ തുടർന്ന് അർജന്റീനൻ പ്രതിനിധി ആമോരിയോ യു. എൻ. ഒ വിൽ നിന്ന് രാജിവെക്കാൻ നിർബന്ധിതനായി. അങ്ങനെയാണ് 1962ൽ അദ്ഭുതകരമായ സാഹചര്യത്തിൽ സഫറുല്ലാഹ് ഖാൻ യു. എൻ. ജനറൽ അസംബ്ലി പ്രസിഡന്റായത്. ലോകത്തെ മറ്റൊരു ഉന്നത സോപാനത്തിലേക്കുള്ള പ്രയാണം അടുത്ത വർഷം 1963 ൽ ആരംഭിച്ചു. ഈ വർഷമാണ് ലോക കോടതി ജഡ്ജി സ്ഥാനത്തേക്ക് അദ്ദേഹം മത്സരിച്ചത്. സെക്യൂരിറ്റി കൗൺസിലിലേയും ജനറൽ അസംബ്ലിയിലേയും ഭൂരിപക്ഷ അംഗങ്ങളുടെയും പിന്തുണയോടെ മത്സരിച്ച ലബനോൺ വിദേശ കാര്യമന്ത്രി ആദിനിനെ അമ്പേ പരാജയപ്പെടുത്തി സഫറുല്ലാഹ്ഖാൻ സാഹിബ് തിരഞ്ഞെടുക്കപ്പെട്ടത് അദ്ഭുതമായിരുന്നു. തുടർന്ന് 1970 ൽ ലോക കോടതി പ്രസിഡന്റായി സഫറുല്ലാഹ്ഖാൻ തിരഞ്ഞെടുക്കപ്പെട്ടതും അത്യധികം വിസ്മയകരമായ സംഭവമത്രെ. ത്രികോണ മത്സരമാണ് അന്ന് ആദ്യമായി പ്രസിഡന്റ് സ്ഥാനത്തേക്ക് നടന്നത്. ഫലം പ്രവചനത്തിനാതീതമായിരുന്നു. തിരഞ്ഞെടുപ്പ് പ്രക്രിയ അതീവ സങ്കീർണവും. അത് അനിശ്ചിതമായി തുടർന്നു. തിരഞ്ഞെടുപ്പിന്റെ രണ്ടാം ദിവസം ഒരു പുതിയ മാറ്റമുണ്ടായി. സഫറുല്ലാഹ് ഖാൻ തിരഞ്ഞെടുക്കപ്പെട്ടു. ലോക കോടതിയുടെ ഏഷ്യക്കാരനായ ആദ്യത്തെ പ്രസിഡന്റ് എന്ന ബഹുമതിക്കർഹനായി ചരിത്രത്തിൽ സ്ഥാനം നേടി. അങ്ങനെ വിശുദ്ധയായ അദ്ദേഹത്തിന്റെ മാതാവിന്റെ ദിവ്യമായ സ്വപ്നം പ്രത്യക്ഷരം പുലർന്നു. ലോകത്തെ അത്യുന്നത സ്ഥാനമായ ജനറൽ അസംബ്ലി പ്രസിഡന്റ് പദവും നേരത്തെ സൂചിപ്പിച്ച പോലെ ലോക കോടതി പ്രസിഡന്റ് സ്ഥാനവും ഒന്നിച്ചലങ്കരിച്ച ഏക വ്യക്തി ചരിത്രത്തിൽ സഫറുല്ലാഹ്ഖാൻ സാഹിബ് മാത്രമായിരുന്നു.

വാഗ്ദത്ത മസീഹിന്റെ സത്യത്തിനു കഴിഞ്ഞ നൂറ്റാണ്ടിൽ ഒരു ജീവൽ ദൃഷ്ടാന്തമായി പ്രശോഭിച്ച സഫറുല്ലാഹ് ഖാൻ നിർവഹിച്ച നിസ്തുല സേവനങ്ങൾ ഒരു ലേഖനത്തിൽ ഒതുക്കുക പ്രയാസകരമാണ്.

# ഖദ്ദാഫിയും കഥാവശേഷനായി

**മുസാഫിർ**



ലിബിയിലെ ഏകാധിപതിയായ കേണൽ മുഅമ്മർ ഖദ്ദാഫി 42 വർഷത്തെ ദീർഘമായ ഭരണത്തിനൊടുവിൽ ലിബിയയിൽ അതിക്രൂരമായ മർദന ത്തിന് ശേഷം വെടിയേറ്റു മരിച്ചു. ലിബിയൻ ഭരണത്തിൽ അവരോധിക്കപ്പെട്ട നാഷണൽ ട്രാൻസിഷൻ കൗൺസിലും നാറ്റോ സഖ്യസേനയും നടത്തിയ ആക്രമണങ്ങളിൽ നിന്ന് രക്ഷനേടാൻ ഒരു മലിന ജല കുഴലിലാണ് ഖദ്ദാഫി അഭയം തേടിയിരുന്നത്. ടുണീഷ്യയിൽ നിന്ന് ആരംഭിച്ച അറബ് ജനകീയ വിപ്ലവം അവിടുത്തെ ബിൻ അലിയേയും ഈജിപ്തിലെ ഹുസ്നീ മുബാറക്കിനേയും കടപുഴക്കിയെറിഞ്ഞ് ലിബിയയിലെ ഏകാധിപതിയുടെ കൊലപാതകത്തിൽ എത്തിനിൽക്കുന്നു. അറബ് മുസ്‌ലിം നാടുകളിൽ വെൺകൊറ്റകുടയും ചൂടി അധികാര പീഠങ്ങളിൽ ആസനസ്ഥരായ ഏതെല്ലാം മന്നവേന്ദ്രന്മാരുടെ മസ്ത കങ്ങളാണ് ഈ അറബിക്കാറ്റിൽ മണ്ണിൽ പതിക്കുക എന്ന് കണ്ടറിയേണ്ടി യിരിക്കുന്നു.

ഉഥ്മാനിയാ ഖിലാഫത്തിന്റെ കീഴിലായിരുന്ന ലിബിയയെ 1911 ൽ ഇറ്റാലിയൻ പട്ടാളം കീഴടക്കുകയായിരുന്നു. ദുസ്സഹമായ ഇറ്റാലിയൻ കോളനി ഭരണത്തിനെതിരെ ഉമർ മുഖ്താറിന്റെ നേതൃത്വത്തിൽ ലിബിയയിൽ ഗറില്ലാ സമരം നടക്കുകയുണ്ടായി. ഇറ്റലിക്കാർ ഉമർ മുഖ്താറിനെ തൂക്കിലേറ്റിയെങ്കിലും ബ്രിട്ടനും ഫ്രാൻസും എത്യോപ്യയും ചേർന്നു 1947 ൽ ഇറ്റാലിയൻ ദുർഭരണത്തിൽ നിന്ന് ലിബിയയെ മോചിപ്പിക്കുകയായിരുന്നു. ജനാധിപത്യ പ്രക്രിയയിലൂടെ ലിബിയ സ്ഥിരത കൈവരിക്കുന്നതിന് മുമ്പേ ഐക്യരാഷ്ട്രസഭ ലിബിയയിൽ സനൂസി സൂഫി പ്രസ്ഥാനത്തിന്റെ നേതാവായ മുഹമ്മദ് ഇദ്‌രീസിയെ രാജാവായി വാഴിച്ചു. 1969 സെപ്തംബറിൽ ഇദ്‌രീസ് രാജാവിനെ ഒരു രക്തരഹിത വിപ്ലവത്തിലൂടെ സ്ഥാനഭ്രഷ്ഠനാക്കിക്കൊണ്ടാണ് പട്ടാള മേധാവിയായ ഖദ്ദാഫി അധികാരം പിടിച്ചെടുത്തത്. ടുണീഷ്യയിലെ ഈജിപ്തിലെയും ഭരണാധികാരികളിൽ നിന്നും ഭിന്നനായി ഖദ്ദാഫി ലിബിയയെ പുരോഗതിലേക്ക് നയിച്ചു എന്നത് ഒരു യാഥാർഥ്യമാണ്. സോഷ്യലിസ്റ്റ് പീപ്പിൾസ് ലിബിയൻ അറബ് ജമാഹരിയ്യ എന്ന് നാമകരണം ചെയ്ത് തന്റെ രാജ്യത്തെ ഏകാധിപത്യത്തിന്റെ തണലിൽ നാനാവിധത്തിലും പുരോഗതിയിലേക്ക് നയിച്ചു. 1970 കളിൽ ലിബിയയിൽ ആകെയുണ്ടായിരുന്ന ബിരുദധാരികൾ 50 ൽ താഴെയായിരുന്നു. ഖദ്ദാഫി ലിബിയയെ വടക്കൻ ആഫ്രിക്കയിലെ ഏറ്റവും സാക്ഷര രാജ്യമാക്കി മാറ്റി. 85 ശതമാനമാണ് സാക്ഷരത. സാക്ഷരരിൽ ഇരുപത്തഞ്ച് ശതമാനം ബിരുദധാരികളാണ്. വിദ്യാഭ്യാസം, ആരോഗ്യം മറ്റു സേവന രംഗങ്ങൾ ഇവയിലെല്ലാം ലിബിയ ആഫ്രിക്കൻ നിലവാരത്തേക്കാൾ ഏറെ മുന്നിലാണ്. ഏങ്കിലും ഖദ്ദാഫിയുടെ ചില വിചിത്ര സ്വഭാവങ്ങളും ധൂർത്തും ഏകാധിപത്യവും യുദ്ധക്കൊതിയും അദ്ദേഹത്തെ കിറുക്കനായ ഭരണാധികാരിയാക്കിമാറ്റി. കന്യകകളായ സെക്യൂരിറ്റി ഗാർഡുകളാൽ പരിവേഷ്ടിതനായി പൊതു രംഗത്ത് പ്രത്യക്ഷപ്പെടുന്ന ഖദ്ദാഫി എല്ലാ മുസ്‌ലിം ഭരണാധികാരികളേയും പോലെ ഇസ്‌ലാമിന്റെ രക്ഷകനാകാൻ മറക്കാറില്ല. ഏകാധിപതികൾ ക്ക് ഉണ്ടാകുന്ന എല്ലാ ദൗർബല്യങ്ങൾ ക്കും ഖദ്ദാഫിയും അടിമപ്പെട്ടു. സ്വേച്ഛാധിപത്യം അതിരുകവിഞ്ഞു. ലിബിയ അഴിമതിയുടെ കൂത്തരങ്ങായി. സ്തുതി പാഠകരുടെ ഉപദേശങ്ങൾ മാത്രമായിരുന്നു ഖദ്ദാഫി സ്വീകരിച്ചിരുന്നത്.യാതൊരു എതിര ഭിപ്രായങ്ങളേയും അനുവദിക്കുകയോ പത്ര സ്വാതന്ത്ര്യം നൽകുകയോ ചെയ്തില്ല. ലോകത്തുള്ള വിവിധ തീവ്രവാദ പ്രസ്ഥാനങ്ങളെ സഹായിക്കലായിരുന്നു അദ്ദേഹത്തിന്റെ ഒരുകാലത്തെ വിനോദം. ഇതെല്ലാം നാൽപതിലധികം വർഷം പഴകിയപ്പോൾ ജനം ഖദ്ദാഫിയെ മടുത്തു. അവസാനം അവർ ആയുധമെടുത്തുപോരാടുകയുമായിരുന്നു.

എൺപതുകളുടെ പകുതിയോടെ ലോകം തന്നെ ഒറ്റപ്പെടുത്തുകയാണെന്ന് ബോധ്യം വന്ന ഖദ്ദാഫി പിന്നീട് അയയുകയായിരുന്നു. മതമൗലിക വാദത്തിനെതിരെ ഖദ്ദാഫി ഘോര ഘോരം പ്രസംഗിക്കാനാരംഭിച്ചു. 1994ൽ ലിബിയയിൽ 2000 തീവ്രവാദികളെ ജയിലിലടച്ചു. തീവ്രവാദികളുമായുള്ള സകല ബന്ധങ്ങളും വിച്ഛേദിച്ചു. ലോക്കർബി വിമാനം ബോംബുവെച്ചു തകർത്തതിന്റെ പേരിൽ അമേരിക്ക ഏർപ്പെടുത്തിയ ഉപരോധത്തിന്റെ ഫലമായി ഖദ്ദാഫി ക്ഷീണിതനായിരുന്നു. പിന്നീട് പാശ്ചാത്യരെ പ്രീതിപ്പെടുത്താനുള്ള പ്രവർത്തനത്തിൽ ഖദ്ദാഫി മുഴുകുകയായിരുന്നു. ലോക്കർബി വിമാനം തകർത്തതിന് ശേഷം ലിബിയയിലേക്ക് കടന്നുകളഞ്ഞ ഭീകരനെ അമേരിക്കക്ക് കൈമാറി. ഉപരോധം നീക്കാൻ അമേരിക്കയ്ക്ക് 2.7 ബില്ല്യൻ ഡോളർ നഷ്ടപരിഹാരം നൽകി. പക്ഷേ അപ്പോഴേക്കും ജനം ഖദ്ദാഫിയെ പൂർണമായും വെറുത്തിരുന്നു. ലിബിയൻ ജനതയുടെ ഖദ്ദാഫി വിരോധം അമേരിക്കയും പാശ്ചാത്യ ശക്തികളും ശരിക്കും മുതലെടുക്കുകയായിരുന്നു. സമരം നയിച്ച നാഷണൽ ട്രാൻസിഷൻ കൗൺസിലിന്റെ മുന്നേറ്റം അമേരിക്കയുടെ നേതൃത്വത്തിൽ നാറ്റൊ സഖ്യ സേനയുടെ ബോംബാക്രമണ അകമ്പടിയോടെയായിരുന്നു. ഇതിനായി



അവർ യുഎന്നിന്റെ അനുമതി വാങ്ങുകയുണ്ടായി. അങ്ങനെയാണ് ഖദ്ദാഫി വധക്രിയ അമേരിക്കൻ കാർമികത്വത്തിൽ പൂർണമായത്. ലിബിയൻ എണ്ണക്ക് മേൽ കഴുകൻ കണ്ണുമായാണ് അവർ ലിബിയൻ സമരത്തെ പിന്തുണക്കുന്നതെന്ന് ആർക്കാണറിയാത്തത്. ജൂറാസിക്ക് യുഗത്തിലെ ദിനോസറുകളെപ്പോലെ വിചിത്ര മാനസരായ കാലഹരണപ്പെട്ട ഭരണാധികാരികളും മദ്ധ്യ കാലഘട്ട ത്തിലെ ഭരണ വ്യവസ്ഥകളും അറബ് മുസ്‌ലിം നാടുകളിൽ മാത്രമേ കാണാൻ കഴിയൂ. ജനാധിപത്യത്തിന്റെ കശാപ്പു ശാലകളായ ഈ നാടുകളിൽ മിക്ക തിലും കാട്ടുനീതിയാണ് പുലരു ന്നത്. മനുഷ്യ സ്വാതന്ത്ര്യമോ മത സ്വാതന്ത്ര്യമോ പത്ര സ്വാതന്ത്ര്യമോ അവിടെ ഇല്ല. അതുപോലെ മനുഷ്യാ വകാശങ്ങളോ മനുഷ്യാവകാശ പ്രവർത്തനമോ അവിടെ ഇല്ല. രാജാക്കന്മാരോ പട്ടാളക്കാരോ ഏകാധി പതികളോ ആണ് മുല്ലമാരു ടെപിന്തുണയോടെ അവിട ങ്ങളിൽ ഭരിക്കുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ കിരാത ഭരണത്തിനാണ് ആ രാജ്യങ്ങൾ അവരുടെ താന്തോന്നി ത്തങ്ങൾക്ക് പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ അനുമതി തേടുന്നത്. മനുഷ്യ സ്വാതന്ത്ര്യം ആവോളം ആസ്വദിക്കുന്ന ആധുനിക ലോകത്ത് അസ്വാതന്ത്ര്യ ത്തിന്റെ കാരാഗൃഹത്തിൽ പൊറുതി മുട്ടിയ മുസ്‌ലിം ജനതയാണ് ഇസ്‌ലാമിന്റെ സംരക്ഷകരെന്ന് അവകാശപ്പെടുന്ന ഈ ഭരണാധികാരി കളെ ഒന്നൊന്നായി ചവിട്ടി പുറത്താക്കിക്കൊണ്ടിരിക്കുന്നത്. അറബ് വസന്തം എന്ന് വിളിക്കപ്പെടുന്ന ജനങ്ങളുടെ ഈ കലാപങ്ങൾ അവസാനം എന്തായി തീരുമെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. ഏതായാലും അറബ് മുസ്‌ലിം ജനതക്ക് ഒരു നല്ല നാൾ വന്നണയട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

# വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമരം ശക്തമാവുന്നു

'മുല്ലപ്പൂ വിപ്ലവം' എന്ന പേരിൽ അറബ് മുസ്‌ലിം നാടുകളിലുണ്ടായ രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അമേരി ക്കയിൽ ആരംഭിച്ചവാൾ സ്ട്രീറ്റ് പിടിച്ചെടുക്കൽ(Occupy Wall Street) എന്ന പ്രക്ഷോഭ പ്രസ്ഥാനം അമേരിക്ക യേയും അതിവർത്തിച്ചുകൊണ്ട് യൂറോ പ്യൻ നഗരങ്ങളിലും വ്യാപിക്കുകയാണ്. അമേരിക്കയുടെ സാമ്പത്തിക തലസ്ഥാ നമെന്ന് അറിയപ്പെടുന്ന വാൾ സ്ട്രീറ്റി ലാണ് ലോകത്തിലെ ഏറ്റവും വലിയ സ്റ്റോക്ക് എക്സ്ചേഞ്ച് മാർക്കറ്റായ ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ച്, അമേരിക്കയുടെ കേന്ദ്ര ബാങ്ക് സമുച്ചയമായ ഫെഡറൽ റിസർവ് ബാങ്ക്, ആഗോള കോർപറേറ്റ് ഭീമന്മാരുടെ ഭരണ സിരാകേന്ദ്രങ്ങൾ മുതലായ നിരവധി സാമ്പത്തിക സ്ഥാപനങ്ങളുടെ ആസ്ഥാനമുള്ളത്. വാൾ സ്ട്രീറ്റിലെ സുക്കോട്ടി എന്ന സ്വകാര്യ മൈതാനത്തിലാണ് സമരക്കാർ രാപ്പകൽ ഭേദമില്ലാതെ ഒരു മാസക്കാലത്തിലേറെയായി സമരം തുടരുന്നത്.

ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ഹിതത്തെ വകവെക്കാതെ അതി സമ്പന്നന്മാരുടെ താൽപര്യങ്ങൾക്ക് വേണ്ടിയാണ് ഭരണകൂടം നിലനിൽക്കു ന്നതെന്ന വികാരം ശക്തമാണ്. 'ഞങ്ങൾ 99 ശതമാനം' (We are the ninety nine %) എന്ന വചനമാണ് ഒക്യുപൈ വാൾ സ്ട്രീറ്റ് സമരത്തിന്റെ മുദ്രാവാക്യം. അമേരിക്കയിലെ 40% വരുന്ന സ്വത്തുക്കളെല്ലാം 1% വരുന്ന ധനി കരുടെ കൈകളി ലാണുള്ളത്. ഈ അതിസമ്പന്ന കോർപറേറ്റുകളുടെ ലോബിയിങ്ങിന് വിധേയമായിട്ടാണ് ജനാധിപത്യ ഭരണകൂടം പ്രവർത്തി ക്കുന്നതെന്ന തിരിച്ചറിവാണ് വാൾ സ്ട്രീറ്റ് സമരത്തെ ബഹുഭൂരിപക്ഷ ത്തിന്റെ സമരമാക്കി തീർക്കുന്നത്.




ഉപഭോഗവിരുദ്ധ പ്രചാരണം നടത്തിവരുന്ന ആഡ്ബസ്റ്റർ (Adbuster) എന്ന മാഗസിനാണ് Occupy Wall Street എന്ന സമരത്തിന്റെ ആശയം മുന്നോട്ടുവച്ചത്. ന്യൂയോർക്ക് ഷെയർ മാർക്കറ്റിന്റെ പ്രതീകമായ കുതിച്ചു പായുന്ന കാളക്കൂറ്റനു മീതെ നൃത്തം ചെയ്യുന്ന ഒരു യുവതിയുടെ ചിത്ര ത്തോടുകൂടിയ പോസ്റ്റർ പ്രചരിപ്പിച്ചു കൊണ്ടാണ് ആഡ്ബസ്റ്റർ മാഗസിൻ വാൾ സ്ട്രീറ്റ് പിടിച്ചടക്കൽ സമരത്തിന് ആഹ്വാനം നൽകിയത്. പണശക്തിയെ രാഷ്ട്രീയത്തിൽ നിന്ന് മാറ്റിനിർത്താൻ ഒരു പ്രസിഡൻഷ്യൽ കമ്മീഷനെ നിയമിക്കുക എന്ന ലളിതമായ അഭ്യർ ഥനയുമായിട്ടാണ് സമരം ആരംഭിച്ചത്. ഇപ്പോൾ വൻ ജനപിന്തുണ ഏറ്റുവാങ്ങി ക്കൊണ്ട് ഈ സമരം അമേരിക്കയിലെ 70 പട്ടണങ്ങളിൽ വ്യാപിച്ചിരിക്കയാണ്. അമേരിക്കയിൽ നിന്ന് ബ്രിട്ടൻ ഇറ്റലി, ബ്രസീൽ, കാനഡ, ഗ്രീസ്, റഷ്യ മുതലായ നിരവധി രാജ്യങ്ങളിലേക്ക് 'ഒക്യുപൈ' സമരം പടർന്നുകയറു കയാണ്. അവിടങ്ങളിലെല്ലാം അമേരിക്ക യിലുള്ളതു പോലെയുള്ള കോർപറേറ്റ് അതിപ്രസരം നിലനിൽക്കുന്നു. അവിട ങ്ങളിൽ മാത്രമല്ല ഇന്ത്യയടക്കം ഏഷ്യൻ രാജ്യങ്ങളെല്ലാം ബഹുരാഷ്ട്ര ഭീമന്മാ രുടെ കോളനികളായി മാറിയിരിക്കുന്നു എന്നതാണ് യാഥാർഥ്യം. അത് കൊണ്ട്

തന്നെ ഇന്ത്യയിലും ഈ സമരത്തിന്റെ അലയൊലികൾ ദൃശ്യമാണ്.

അമേരിക്കയിൽ യുദ്ധങ്ങൾ നടത്തുന്നതും വൈദേശികവും ആഭ്യന്തരവുമായ നയങ്ങൾ തീരുമാനിക്കുന്നതുമെല്ലാം ബഹുരാഷ്ട്ര കുത്തകകളുടെ താൽപര്യങ്ങൾക്ക് മാത്രം മുൻതൂക്കം നൽകിക്കൊണ്ടാണ്. സേവന രംഗങ്ങളെല്ലാം സ്വകാര്യ മേഖലക്ക് തീറെഴുതിക്കൊടുത്ത മുതലാളിത്തത്തിന്റെ നാടാണ് അമേരിക്ക. മൂലധന ശക്തികളുടെ പിടിയിലമർന്ന അമേരിക്കൻ ഭരണ കൂടത്തിന് സ്വന്തം ജനങ്ങളുടെ ക്ഷേമം പോലും സംരക്ഷിക്കാൻ സാധിക്കുന്നില്ല, കടുത്ത സാമ്പത്തിക മാന്ദ്യത്തിലകപ്പെട്ട അമേരിക്കയുടെ ചെലവ് ചുരുക്കൽ നയത്തിന്റെ ഭാഗമായി ക്ഷേമപ്രവർത്തനങ്ങളെല്ലാം നിർത്തിവെച്ചതും നികുതി ഭാരം കൂടിയതും ജനവികാരത്തെ പ്രകോപിപ്പിച്ചിരിക്കുകയാണ്. അമേരിക്കക്ക് താങ്ങാനാവാത്ത സാമ്പത്തിക ഞെരുക്കം വരുത്തിവെച്ച ഇറാഖ്, അഫ്ഘാൻ യുദ്ധങ്ങൾ ആർക്കുവേണ്ടിയാണ് നടത്തിയതതെന്ന ചോദ്യമവശേഷിക്കുന്നു. പലിശയിലധിഷ്ഠിതമായ ബാങ്കിങ്ങ് ധനകാര്യസ്ഥാപനങ്ങളുടെയും ഇൻഷുറൻസ് കമ്പനികളുടെയും ചൂഷണത്തിന് വിധേയമായ അമേരിക്കയിലെ ഭോഗാസക്തരായ ജനത കടക്കെണിയുടെ അഗാധ ഗർത്തത്തിലുമാണ്. തൊഴിലില്ലാത്തവർ, തൊഴിൽ നഷ്ടപ്പെട്ടവർ, വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടിയവർ, കടക്കെണിയിൽപ്പെട്ട് പാപ്പരായവർ, ശമ്പളം വെട്ടിക്കുറച്ചവർ, ഭാവിയെപ്പറ്റി ആശങ്കപ്പെടുന്ന അഭ്യസ്ഥവിദ്യർ, വിദ്യാർഥികൾ, യുദ്ധ വിരുദ്ധ പ്രസ്ഥാനക്കാർ, മനുഷ്യാവകാശ പ്രവർത്തകർ, പരിസ്ഥിതിവാദികൾ, വീട്ടമ്മമാർ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ ഒരുപോലെ കൊള്ളലാഭക്കൊതിയന്മാരായ കോർപറേറ്റുകൾക്കെതിരെ അണിനിരന്നു കൊണ്ടിരിക്കുകയാണ്. കോർപറേറ്റുകളുടെ സ്വാധീനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് രണ്ടാം ലോകമഹായു ദ്ധാനന്തരകാലം മുതൽക്കാണ്. രണ്ടാം ലോക മഹായുദ്ധത്തിൽ താറുമാറായ യൂറോപ്യൻ രാജ്യങ്ങളെ പുനരുദ്ധരിക്കാൻ വികസിതരാജ്യ നേതാക്കന്മാർ 1944 ൽ അമേരിക്കയിലെ ബ്രട്ടൻവുഡ് എന്ന സ്ഥലത്ത് ചേരുകയുണ്ടായി. യുദ്ധത്തിൽ പങ്കാളിയാണെങ്കിലും




അമേരിക്കൻ മണ്ണിൽ വെച്ച് യുദ്ധം നടക്കാത്തതിനാൽ അമേരിക്കൻ സമ്പദ്ഘടന ഏറെക്കുറെ അവികലമായിരുന്നു. യുദ്ധാനന്തര യൂറോപ്പിനെ കെട്ടിപ്പടുക്കുന്നതിനും വികസനത്തിനുമായുള്ള ചർച്ചയുടെ ഫലമായിട്ടാണ് വേൾഡ് ബാങ്കും രാജ്യങ്ങൾ തമ്മിലുള്ള വിദേശ നാണയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി അന്താരാഷ്ട്ര നാണയനിധിയും (IMF) രൂപീകരിക്കപ്പെട്ടത്. ലോക വ്യാപാരം നിയന്ത്രിക്കുന്നതിന് അന്താരാഷ്ട്ര വ്യാപാര സംഘടനയും (WTO) ശുപാർശ ചെയ്യപ്പെടുകയുണ്ടായി. ഈ മൂന്ന് സ്ഥാപന ങ്ങളിൽ രണ്ടെണ്ണത്തിന്മേലും സമ്പന്നമായ അമേരിക്കക്ക് നിയന്ത്രണമുണ്ടായിരുന്നു. ലോക വ്യാപാരം ഒരു അന്താരാഷ്ട്ര ഏജൻസി നിയന്ത്രിക്കുന്നത് അമേരിക്കൻ താൽപര്യങ്ങൾക്ക് എതിരായതിനാൽ അവർ ഏതിർത്തിരുന്നു. അത്കൊണ്ട് ലോക വ്യാപാര സംഘടന നിലവിൽ വന്നില്ല. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തിലെ നികുതിയും മറ്റു ആനുകൂല്യങ്ങളെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ പരസ്പര കരാറുകളിലൂടെ അപ്പപ്പോൾ തീരുമാനിക്കുക എന്ന വ്യവസ്ഥയിൽ ഒരു പൊതുകരാർ ആയിരുന്നു ഉണ്ടായിരുന്നത്. ഇതാണ് ഗാട്ട് കരാർ (General Agrement on Tarif and Trade(GATT) എന്ന് അറിയപ്പെട്ടിരുന്നത്. ഈ സ്ഥാപനങ്ങളെല്ലാം ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിലാണ് പ്രവർത്തിക്കുന്നത്. 1990 കളിൽ സോവ്യറ്റ് യൂണിയനടക്കം സോഷ്യലിസ്റ്റ് ചേരി തകർന്നപ്പോൾ അമേരിക്കൻ നേതൃത്വത്തിൽ ഏകധ്രുവ ലോകം വരികയും ചെയ്തു. ഈ പുതിയ ലോകസാഹചര്യത്തിൽ 2005 ജനുവരിയിൽ ഗാട്ട് കരാറിനുപകരം ലോകവ്യാപാര സംഘടന നിലവിൽ വരികയുണ്ടായി. ഐക്യ രാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിലുള്ള ഈ സംഘടന ലോക ജനതകൾക്കിടയിലെ പട്ടിണിയും ദാരിദ്ര്യവും തുടച്ചു നീക്കാനാണ് വിഭാവനം ചെയ്യപ്പെട്ടതെങ്കിലും അമേരിക്കയിലേയും യൂറോപ്പിലേയും വൻ കോർപറേറ്റുകൾ ലോബിയിങ്ങിലൂടെ എല്ലാ വ്യാപാരക്കരാറുകളും അവരുടെ താൽപര്യങ്ങൾക്കനുകൂലമായി മാറ്റിക്കൊണ്ട് അന്തർദേശീയ രംഗത്തും കോർപറേറ്റുകളുടെ കരാള ദംഷ്ട്രങ്ങൾ നീളുകയാണ്. ലോക രാജ്യങ്ങൾ ലോകവ്യാപാര സംഘടനയുടെ ആഭിമുഖ്യത്തിൽ വ്യാപാര ചർച്ചകൾക്കായി ഒത്തുചേരുമ്പോൾ കോർപറേറ്റുകളുടെ വൻ സന്നാഹവും എത്തുന്നു. അന്തർദേശീയ വ്യാപാര സമ്മേളനത്തിന് ഇത്തരം കോർപ്പറേറ്റ് പ്രതിനിധികളുടെ വലിയ ഗ്രൂപ്പുകളുമായാണ് അമേരിക്ക എത്തി വികസ്വര രാജ്യങ്ങളുമായി ചർച്ചകൾ നടത്തുന്നത്. യു. എൻ. ആഭിമുഖ്യത്തിൽ അമേരിക്കയുടെ മറവിൽ ദരിദ്ര രാജ്യങ്ങളെ ചൂഷണം ചെയ്യാൻ കോർപറേറ്റുകൾക്ക് ഇത് നല്ലൊരു അവസരമൊരുക്കുന്നു. ട്രെയിഡ് ജസ്റ്റീസ് കാമ്പയിൻ എന്ന സംഘടന പ്രസിദ്ധീകരിച്ച Under The Influence എന്ന റിപ്പോർട്ടിൽ വെളിപ്പെടുത്തിയ വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. അമേരിക്കൻ കോൺഗ്രസ്സ് (പാർലമെന്റ്)അംഗങ്ങളിൽ പകുതിയിലധികം പേരും രാഷ്ട്രീയം വിട്ടുകഴിഞ്ഞാൽ കോർപറേറ്റ് ലോബിയിസ്റ്റായി ജോലിചെയ്യുകയാണ്. ഇവരെ കൂടാതെ 17,000 ലോബിയിസ്റ്റുകൾ അമേരിക്കൻ തലസ്ഥാനമായ വാഷിഗ്ടൺ ഡി.സിയിൽ പ്രവർത്തിക്കുന്നു. യൂറോപ്യൻ യൂണിയനിൽ ഇത്തരത്തിലുള്ള 15,000 ആളുകൾ പ്രവർത്തിക്കുന്നു. ദരിദ്ര കോടികൾ ജീവിക്കുന്ന രാജ്യങ്ങളിലെ സാധാരാണക്കാരന്റെ നട്ടെല്ലൊടിക്കുന്ന പല നയങ്ങളും ഇത്തരം കരാറുകളുടെയും അതിലടങ്ങിയ ഹിഡൻ അജണ്ടകളുടെയും ഫലമാണെന്ന് പല സാമ്പത്തിക പണ്ഡിതന്മാരും ചൂണ്ടിക്കാണിച്ചതാണ്. ഇപ്പോൾ അമേരിക്ക

ക്കാർ തന്നെ ഈ വസ്തുതകൾ തിരിച്ചറിഞ്ഞിരിക്കുന്നു. അത് ഒരു പ്രക്ഷോഭമായി ലോകം മുഴുവനും പടർന്നുപിടിക്കുന്നതിൽ അദ്ഭുതമില്ല. വിശുദ്ധ ഖുർആനിലെ ഒരു വചനം ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

**അല്ല. എന്നാൽ നിങ്ങൾ അനാഥരെ ആദരിക്കുന്നില്ല. ഗതിയറ്റവന് ആഹാരം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല. പിന്തുർച്ചയായി ലഭിക്കുന്ന വിഭവങ്ങളൊക്കെയും നിങ്ങൾ ഉപയോഗിച്ചു തീർക്കുന്നു. നിങ്ങൾ ധനത്തെ അത്യധികമായി സ്നേഹിക്കുന്നു. വേണ്ടാ ഭൂമി മുഴുവൻ ഇടിച്ചു നിരപ്പാക്കുകയും നിന്റെ നാഥനും മലക്കുകളും അണിയണിയായി വരികയും ചെയ്യുമ്പോൾ. അന്നാളിൽ നരകം അടുത്തുകൊണ്ടു വരപ്പെടുകയും ചെയ്യുമ്പോൾ, അന്ന് മനുഷ്യൻ സ്മരിക്കുന്നതാണ്. എന്നാൽ മനുഷ്യൻ സ്മരിച്ചത് കൊണ്ട് എന്ത് പ്രയോജനം?. (സൂറ: അൽ ഫജ്റ്: 89: 20-24)**

## അനുസ്മരണം



**കെ. ഹമീദ്കുഞ്ഞ് സാഹിബ്**

ആദിനാട് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ ദീർഘകാലം പ്രസിഡന്റ് പദവി അലങ്കരിച്ച കണ്ടളയിൽ കിഴക്കതിൽ ജനാബ് കെ. ഹമീദ് കുഞ്ഞ് സാഹിബ് (82) 03.10.2011 ന് രാത്രി വഫാത്തായി. (ഇന്നാലില്ലാഹി...). 1966ൽ ബൈഅത്ത് ചെയ്ത് ജമാ അത്തിൽ പ്രവേശിച്ച ഹമീദ്കുഞ്ഞ് സാഹിബ് ആദിനാട് അഹ്മദിയ്യ ജമാഅത്ത് രൂപീകരണത്തിൽ മുഖ്യ പങ്ക് വഹിച്ചു. ഭാര്യ റംലാബീവി സാഹിബ. മക്കൾ :- മുഹമ്മദ് ഷാഫി, മുഹമ്മദ് ഹുനയ്സ്, നൂർജഹാൻ, നുസ്രത്ത് ജഹാൻ, ഇയാസ് അഹ്മദ്, ഹൈറുന്നിസ, മൻസൂർ അഹ്മദ് മരുമക്കൾ: മുനവർ ഹുസൈൻ, സലിം കടലായി, സിറാജുദ്ദീൻ, മുസ്ലിഹ ഷബാന, ആയിഷ. പരേതന് അല്ലാഹു ജന്നത്തും മഗ് ഫിറത്തും നല്കി അനുഗ്രഹിക്കട്ടെ

# അൻസാറുല്ലാ ദേശീയ ഇജ്തിമ സമാപിച്ചു

ഖാദിയാൻ: അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വയോജന സംഘടനയായ മജ്ലിസ് അൻസാറുല്ലായുടെ 43-ാമത് ദേശീയ ഇജ്തിമ 2011 ഒക്ടോബർ 22, 23, 24 തീയതികളിൽ ഖാദിയാനിൽ വെച്ച് നടന്നു. ജമാഅത്തിന്റെ അഖിലേന്ത്യാ സെക്രട്ടറി മുഹമ്മദ് ഇനാം സാഹിബ് ഗോറിയാണ് ഇജ്തിമ ഉദ്ഘാടനം ചെയ്തത്. അൻസാറുല്ലാ ദേശീയ സെക്രട്ടറി ഖാരി നവാബ് അഹ്മദ് സാഹിബ് ഖലീഫ തിരുമനസ്സിന്റെ സന്ദേശം വായിച്ച് കേൾപ്പിച്ചു. ഇജ്തിമയോടനുബന്ധിച്ച് ദീനി പ്രഭാഷണങ്ങളും വിവിധ വൈജ്ഞാനിക മത്സരങ്ങളും സംഘടിപ്പിച്ചു. സമാപന സമ്മേളനത്തിൽ മികച്ച മജ്ലിസുകൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. കേരളത്തിൽ മേഖലാ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എറണാകുളം മേഖലയ്ക്കുവേണ്ടി നാസിം അൻസാറുല്ലാ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ട്രോഫി ഏറ്റുവാങ്ങി. നഗരമജ്ലിസുകളിൽ പാലക്കാട് ഒന്നാംസ്ഥാനവും മാത്തോട്ടം രണ്ടാംസ്ഥാനവും കരസ്ഥമാക്കി. ഗ്രാമീണ മജ്ലിസുകളിൽ ചേലക്കര ഒന്നാംസ്ഥാനവും ഐരാപുരം രണ്ടാം സ്ഥാനവും മാത്ര മജ്ലിസ് മൂന്നാം സ്ഥാനവും നേടി. ആയിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

# കോഴിക്കോട് ലജ്ന ഇമായില്ലാഹിന് അംഗീകാരം

ഇന്ത്യയിലെ ഇരുന്നൂറിൽ താഴെ അംഗങ്ങളുള്ള ഏറ്റവും നല്ല ജമാഅത്തിനുള്ള പുരസ്കാരം കോഴിക്കോട് ലജ്നാഇമായില്ലാഹ് കരസ്ഥമാക്കി. രണ്ടാംസ്ഥാനം കോഴിക്കോട് മാത്തോട്ടം ലജ്നാഇമായില്ലാക്കാണ്. ഒന്നാം സമ്മാനം കോഴിക്കോട് ലജ്നാ പ്രസിഡന്റ് നുസ്റത്ത് സാഹിബ ഏറ്റുവാങ്ങി. 2009ലും2010ലും ഇന്ത്യയിലെ ഏറ്റവും നല്ല ജമാഅത്തിനുള്ള നുസ്റത്ത് ജഹാൻ ട്രോഫിയും കോഴിക്കോട് ലജ്നാഇമായില്ലായാണ് കരസ്ഥമാക്കിയത്. നൂറിൽ താഴെ അംഗങ്ങളുള്ള ഇന്ത്യയിലെ ഏറ്റവും നല്ല ജമാഅത്തിനുള്ള പുരസ്കാരം എറണാകുളം ജമാഅത്തും കരസ്ഥമാക്കി

ലജ്നാ ഇമാഇല്ലാഹ് അഖിലേന്ത്യാ സദറിനെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ കോഴിക്കോട് ലജ്നാ പ്രസിഡന്റ് നുസ്റത്ത് സാഹിബയാണ് അദ്ധ്യക്ഷ പദവി അലങ്കരിച്ചത്. ഹുസൂർ തിരുമനസിന്റെ പ്രത്യേക നിർദേശപ്രകാര മാണ് കോഴിക്കോട് ലജ്നാ പ്രസിഡന്റിനെ തിരഞ്ഞെടുപ്പുകമ്മിറ്റി പ്രസിഡന്റായി നിയമിച്ചത്. കോഴിക്കോട് ലജ്നാ ഇമായില്ലായുടെ നാനാവിധത്തിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഹുസൂർ തിരുമനസ്സ് അവരെ പ്രത്യേകം തിരഞ്ഞെടുക്കുകയായിരുന്നു.

## അനുസ്മരണം

**എ. പാത്തുക്കുട്ടി സാഹിബ**

അലനല്ലൂർ -മുറിയക്കണ്ണി ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽ ഒരാളായ മർഹും ടി. കോയണ്ണാ സാഹിബിന്റെ ഭാര്യ എ. പാത്തുക്കുട്ടി സാഹിബ (87) 2011 സെപ്റ്റംബർ 29ന് വഫാത്തായി. ഇന്നാലില്ലാഹി... മക്കൾ: ടി. മൊയ്തു മൂസാ, ടി. മുഹമ്മദ്. ടി. കുഞ്ഞീതു മാസ്റ്റർ, ടി. സഫറുല്ലാഹ്, ടി. നാസർ അഹ്മദ്, ബീവിക്കുട്ടി, ഇസ്മത്ത്, മരുമക്കൾ: മർഹും എ.കെ മുഹമ്മദ് കോയ, മൗലവി കെ. അബ്ദുസലാം, സഫിയ, നുസ്റത്ത്, സക്കീന(സദർ ലജ്ന മുറിയക്കണ്ണി), ആമിന നുസ്രത്ത്. പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നല്കി അനുഗ്രഹിക്കുമാറാകട്ടെ.

## പി.എം.ഫൗണ്ടേഷൻ അവാർഡ് ഖദീജത്തുൽ കുബ്റയ്ക്ക്

കാലിക്കറ്റ് യൂണിവേഴ്സിറ്റി അറബിക്ക് ഇസ്ലാമിക്ക് ഹിസ്റ്ററിയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ഖദീജത്തുൽ കുബ്റയ്ക്ക് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി എറണാകുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വെച്ച് പി.എം ഫൗണ്ടേഷൻ അവാർഡ് സമ്മാനിച്ചു. വിദ്യാഭ്യാസ രംഗത്ത് മികവ് തെളിയിച്ച മുസ്ലിം വിദ്യാർഥികൾക്ക് പ്രോൽസാഹനം നൽകുന്ന മദ്രാസ് ആസ്ഥാനമായ പൊതു ട്രസ്റ്റാണ് പി.എം. ഫൗണ്ടേഷൻ. കോഴിക്കോട് മാത്തോട്ടം ജമാഅത്തിലെ ആലിക്കോയ നൂർജഹാൻ ദമ്പതികളുടെ മകളാണ് ഖദീജത്തുൽ കുബ്റ

# സമാധാനസമ്മേളനം

എറണാകുളം: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജനസംഘടനയായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതത്തിന്റെ ആഭിമുഖ്യത്തിൽ സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യ 2011 ഒക്ടോബർ 9-ാം തീയതി എറണാകുളത്തെ ഹോട്ടൽ അബാദ് പ്ലാസയിൽ സംഘടിപ്പിച്ച സമാധാന സമ്മേളനം ജമാഅത്തിന്റെ അഖിലേന്ത്യാ പൊതുകാര്യവിഭാഗം സെക്രട്ടറി അഡ്വ.സയ്യിദ് തൻവീർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ജവിതത്തിന്റെ എല്ലാമേഖലകളിലും സമാധാനം കാത്തുസൂക്ഷിക്കണമെന്നാണ് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതെന്നും ഇസ്‌ലാം പ്രചരിച്ചത് മനുഷ്യഹൃദയങ്ങളെ കീഴടക്കികൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യമനസ്സിലെ അഹന്തയും വിദ്വേഷവുമാണ് സമാധാനത്തിന് തടസം നിൽക്കുന്നതെന്നും അദ്ദേഹം ഓർമപ്പെടുത്തി. നബി(സ) തിരുമേനിയുടെ അദ്ധ്യാപനങ്ങളിൽ നിന്നുള്ള വ്യതിയാനമാണ് സമാധാന ഭംശത്തിന് കാരണമായിത്തീർന്നതെന്നും യഥാർഥ അദ്ധ്യാപനത്തിന്റെ പുനസ്ഥാപനത്തിലൂടെ മാത്രമേ ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂവെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച എറണാകുളം സോണൽ അമീർ ബി.ബി അഹ്മദ് കബീർ സാഹിബ്




അഡ്വ.സയ്യിദ് താൻവീർ അഹ്മദ് സാഹിബ് സമാധാന സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. ജയശങ്കർ, ഹൈബി ഈഡൻ എം.എൽ.എ. ബി. ബി. അഹ്മദ് കബീർ, എ.എം. മുഹമ്മദ് സലിം, ജസ്റ്റിസ് പി. കെ. ശംസുദ്ദീൻ, പ്രൊഫ.മഹ്മൂദ് അഹ്മദ് എന്നിവർ സമീപം

അഭിപ്രായപ്പെട്ടു. പുതുതലമുറയ്ക്ക് സാമൂഹ്യ പ്രതിബദ്ധത കുറയുകയാണെന്നും ഇതെല്ലാം സമാധനാപരമായ ജീവിതത്തെയാണ് ബാധിക്കുതെന്നും എറണാകുളം എം. എൽ. എ. ഹൈബി ഈഡൻ പറഞ്ഞു. തീവ്രവാദ വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സൂക്ഷ്മ ന്യൂനപക്ഷത്തിന്റെ ചെയ്തികൾ കാരണമാണ് മുഴുവൻ മുസ്‌ലിംകളും പഴികേൾക്കേണ്ടി വരുന്നതെന്നും എന്തുകൊണ്ട് ഇത്തരക്കാരെ ഒറ്റപ്പെടുത്താനോ തിരുത്താനോ മുസ്‌ലിം സമുദായത്തിനകത്തു നിന്ന് കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കണമെന്നും പ്രമുഖ ടെലിവിഷൻ അവതാരകൻ അഡ്വ. ജയശങ്കർ അഭിപ്രായപ്പെട്ടു. ഹൈക്കോടതി മുൻ ജസ്റ്റിസ് പി. കെ. ശംസുദ്ദീൻ സാഹിബ്, സത്യദൂതൻ എഡിറ്റർ എ. എം. മുഹമ്മദ് സലിം സാഹിബ്, ഫോക്‌ലോർ അക്കാദമി ചെയർമാൻ പ്രൊ. മഹ്മൂദ് അഹ്മദ് സാഹിബ്, സൗത്ത് ഇലാഖാ ഖാഇദ് ഇ. എച്ച് നജീബ് സാഹിബ്, അഖിലേന്ത്യാ നാഇബ് സദർ സി. ശമീം സാഹിബ് എന്നിവരും പ്രസംഗിച്ചു. പൗരപ്രമുഖരും പ്രമുഖ മാധ്യമപ്രവർത്തകരും മറ്റുക്ഷണിക്കപ്പെട്ട അതിഥികളും സമ്മേളനത്തിന് എത്തിയിരുന്നു.

ബി. എ. മുഹമ്മദ് നജീബ്, എറണാകുളം

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയ്ക്ക് ഇന്ത്യയിൽ ഒന്നാംസ്ഥാനം



2010-2011 വർഷങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് കേരള ഇന്ത്യയിൽ ഒന്നാംസ്ഥാനത്തിന് അർഹരായി. സൗത്ത് കേരള ഖാഇദ് ഇ.എച്ച് നജീബ് സാഹിബ് പ്രത്യേക സമ്മാനത്തിന് അർഹനാകുകയുണ്ടായി. 2011 ഒക്ടോബറിൽ ഖാദിയാനിൽ നടന്ന ഇജ്തിമവേളയിൽ ട്രോഫിയും ഖലീഫ തിരുമനസിന്റെ കയ്യൊപ്പോടുകൂടിയ സർട്ടിഫിക്കറ്റും സമ്മാനിക്കുകയുണ്ടായി.




2011 November

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.11
Price Rs. **20/-**

**The Sathyadoothan Monthly**




# ഖലീഫ തിരുമനസ്സിന്റെ കേരള സന്ദർശനം

ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)തിരുമേനിയുടെ പ്രവചന പ്രകാരം ഈ കാലഘട്ടത്തിൽ അവതീർണരായ മഹ്ദി ഇമാം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)നാൽ സ്ഥാപിതമായ ദൈവീക പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. ഇസ്‌ലാമിക സൗധത്തിന്റെ നെടും തൂണായി രുന്ന ഖിലാഫത്ത് വ്യവസ്ഥിതി തകർന്നടിഞ്ഞപ്പോൾ അതിന് നവജീവൻ പകർന്ന് നല്കി ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലൂടെയാണ്. വിശുദ്ധ ഖുർആനിലൂടെ അല്ലാഹു സത്യവിശ്വാസികൾക്ക് വാഗ്ദാനം ചെയ്ത ഖിലാഫത്ത് വ്യവസ്ഥിതി ഇന്ന് നിലനിൽക്കുന്നത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ മാത്രമാണ്. ഈ ദൈവീക ജമാഅത്തിന്റെ അഞ്ചാം ഖലീഫ അമീറുൽ മുഅ്മിനീൻ **ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു..) 2008 നവംബർ 24ന് കേരളമണ്ണിലേക്ക് ആഗതനായി. ചരിത്ര പ്രാധാന്യമുള്ള അദ്ദേഹത്തിന്റെ സന്ദർശനവേളയിലെ പ്രഭാഷണങ്ങളും ചിത്രങ്ങളു മടങ്ങുന്നതാണ് ഈ സ്മരണിക.

**ഒരു മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള പ്രസിദ്ധീകരണം**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**Toll free No. 1800 425 2020**

**(9 am to 9 pm)**